# 18

# “ജ്ഞാനത്തിൽ നടപ്പിൻ”

# (ഭാഗം 2)

## (6:1- 20)

### അമ്മയപ്പന്മാരും മക്കളും തമ്മിലുള്ള ബന്ധത്തെ ആദരിക്കൽ
### (6:1-4)

6:1-4-ൽ, പൗലൊസ് 5:15 ലെ ക്രിസ്ത്യാനികൾ ജ്ഞാനത്തിൽ നടക്കുന്നതിനെ കുറിച്ചുള്ള ചർച്ച തുടരുകയാണ്.

ഗ്രീക്ക്-റോമാ ലോകത്ത് മക്കളെ നിയന്ത്രിക്കുവാനുള്ള പൂർണ്ണ ഉത്തരവാദിത്തം അപ്പനാണുള്ളത്. കുട്ടിയെ പരിശീലിപ്പിക്കുകയും അച്ചടക്കം വരുത്തുകയും വേണ്ടി വന്നാൽ കുട്ടിയെ ക്രയവിക്രയം നടത്തുവാനുള്ള അവകാശവും അവന്റെ നിയന്ത്രണത്തിൽ പെട്ടതാണ്. എങ്ങനെയായാലും, കഠിനമായ പെരുമാറ്റം പരസ്യവിമർശനത്തിനു വഴി ഒരുക്കിയിട്ടുണ്ട്. യെഹൂദമതത്തിലും, അതേ അധികാരമാണ് മാതാപിതാക്കളിലുണ്ടായിരുന്നത്, പ്രത്യേകിച്ച് അപ്പന്മാർക്ക്. അമ്മയപ്പന്മാരെ ബഹുമാനിച്ച് അനുസരിക്കാത്ത മക്കളെ കൊല്ലുവാനുള്ള അധികാരം അമ്മയപ്പന്മാർക്ക് ഉണ്ടായിരുന്നു (ലേവ്യ. 20:9; ആവ. 21:18-21). അനുസരിക്കാത്ത കുട്ടികളെ പ്രബോധിപ്പിക്കണം എന്നാണ് ഫ്ളേവിയസ് ജോസെഫസ് യെഹൂദന്മാരോട് ഉപദേശിച്ചത്. ആ പ്രബോധനവും കുട്ടികൾ സ്വീകരിച്ചില്ലെങ്കിൽ, അവരുടെ അമ്മയപ്പന്മാരോട് ഉപദേശിച്ചത്, “... അങ്ങനെയുള്ള കുട്ടികളെ പുരുഷാരത്തെ കൂട്ടി പട്ടണത്തിന് പുറത്താക്കി കല്ലെറിഞ്ഞു കൊല്ലേണം.”[1] ആ കാഠിന്യ ശിക്ഷാപരിശീലനം വാസ്തവത്തിൽ നടന്നോ ഇല്ലയോ എന്നതിനെ കുറിച്ച് വാദഗതി ഉയർന്നിട്ടുണ്ട്. എന്നിരുന്നാലും, കുട്ടിയെ സംബന്ധിച്ച നിയന്ത്രണം മാതാപിതാക്കളിലായിരുന്നു, പ്രത്യേകിച്ച് അപ്പന്മാരിൽ.

കുട്ടികളെ പരിശിലിപ്പിക്കുവാനുള്ള യെഹൂദന്മാരുടെ പുസ്തകം മോശെയുടെ ന്യായപ്രമാണമായിരുന്നു. അത് അമ്മയപ്പന്മാരോട് പറയുന്നത്,

> “ഇന്നു ഞാൻ നിന്നോട് കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും, നീ വിട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെ കുറിച്ചു സംസാരിക്കുകയും വേണം” (ആവ. 6:6, 7).

യിസ്രായേലിനോടുള്ള പ്രസംഗത്തിന്റെ അവസാനം മോശെ പറഞ്ഞു, “ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നിങ്ങൾ നിങ്ങളുടെ മക്കളോട് കൽപിപ്പാൻ തക്കവണ്ണം ഞാൻ ഇന്നു നി

ങ്ങൾക്ക് സാക്ഷീകരിക്കുന്ന സകല വചനങ്ങളും മനസിൽ വെച്ചുകൊൾവിൻ" (ആവ. 32:46).

മക്കളെ അച്ചടക്കം വരുത്തുക എന്നത് പഴയനിയമ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. സദൃശവാക്യങ്ങൾ 22:6-ൽ ശലോമോൻ പറഞ്ഞു, "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, വൃദ്ധനായാലും അവൻ അതു വിട്ടുമാറുകയില്ല." "വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ, ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു" എന്നും ശലോമോൻ പറഞ്ഞിരിക്കുന്നു (സദൃശ. 13:24), "ബാലന്നു ശിക്ഷ കൊടുക്കാതിരിക്കരുത്. വടികൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല" (സദൃശ. 23:13).

ഇതിൽനിന്നു വ്യത്യസ്തമായി പൗലൊസ് മക്കളുടെമേലുള്ള മാതാപിതാക്കളുടെ അധികാരത്തെ ഊന്നി പറഞ്ഞിരിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെ പൗലൊസ് 6:1-4-ൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ അധികാരത്തെ മാനിക്കുന്ന ഓരോരുത്തരും അന്യോന്യം ബഹുമാനത്തോടെ പരിശീലിക്കും. അപ്പന്മാരുടെ ഭാഗത്ത് നിന്നു ദുർവ്വിനിയോഗം ഉണ്ടാകാതിരിക്കുകയും, ക്ഷമയോടെ അവരെ ഉപദേശിക്കുകയും ചെയ്യുമ്പോൾ, മക്കൾ അമ്മയപ്പന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യും.

### മക്കൾ: "ബഹുമാനിക്കയും അനുസരിക്കയും ചെയ്യുക" (6:1-3)

**1മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അത് ന്യായമല്ലോ. 2നിനക്ക് നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസോടിരിപ്പാനും 3നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപനയാകുന്നു.**

**വാക്യം 1. മക്കൾ** എന്നത് തർജിമ ചെയ്തിരിക്കുന്നത്, *ടെക്നാ* എന്ന വാക്കാണ്, അത് തിരുവെഴുത്തിൽ, ദൈവമക്കളായി തീരുന്നവരെ കുറിച്ചും (റോമർ 8:16, 17; 1 യോഹ. 3:10), ഭൗതികമായ കുടുംബങ്ങളിലെ മക്കളെ കുറിച്ചും ആണ്. ഭൗതികമായ മക്കളെ കുറിച്ചു പറയുമ്പോൾ, പ്രായം പരിഗണിക്കേണ്ടതില്ല, അത് ഒരു ചെറിയ ബാലനെ കുറിച്ചോ (മത്താ. 18:1-6-ൽ അന്തർലീനമാക്കിയതുപോലെ), അല്ലെങ്കിൽ പ്രായപൂർത്തിയായ മക്കളെ കുറിച്ചോ ആകാം (1 തിമൊ. 5:4 നോക്കുക).

എഫെസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന "മക്കൾ" അവർക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ മനസിലാക്കുവാൻ കഴിവുള്ളവരായിരിക്കണം; കൂടാതെ, അവർ കർത്താവിന്റെ സഭയിലെ അംഗങ്ങളായിരിക്കുമെന്ന് വേദഭാഗം അന്തർലീനമാക്കുന്നു. **കർത്താവിൽ** എന്ന പ്രയോഗം മറ്റു ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത് (2:21; 5:8; 6:10, 21), അർത്ഥമാക്കുന്നത് ക്രിസ്ത്യാനിയെയാണ്. ആ പ്രയോഗം അമ്മയപ്പന്മാരിലേക്ക് ബന്ധിപ്പിച്ചാൽ, ഒരു ചോദ്യം ഉയരുന്നു: അ-ക്രൈസ്തവരായ മാതാപിതാക്കളുടെ മക്കൾ അവരെ അനുസരിക്കേണ്ടേ? അത് തീർച്ചയായും പഴയനിയമത്തിലും പുരാതനലോകത്തും, അംഗീകരിക്കപ്പെട്ടിരുന്നതിന് എതിരാണ്. മക്കൾ എല്ലായ്പോഴും മാതാപിതാക്കളുടെ അധികാരത്തിൻ കീഴിലായിരുന്നു. മക്കളോട് ചേർത്ത് "കർത്താവിൽ" എന്നു പറഞ്ഞിരിക്കുന്നത് ഒന്നുകിൽ "കർത്താവിൽ ഉള്ള മക്കൾ"

അല്ലെങ്കിൽ മക്കൾ ക്രിസ്ത്യാനികളായി തീർന്നവർ ആണ്. അമ്മയപ്പന്മാരും മക്കളും ഇവിടെ സഭയുടെ ഭാഗമായതിനാൽ, രണ്ടു കൂട്ടരും ക്രിസ്ത്യാനികളാണെന്ന് നമുക്ക് അനുമാനിക്കാം.

ആൻഡ്ര്യു ടി. ലിങ്കൺ ആ സാഹചര്യത്തെ ചുരുക്കി പറഞ്ഞത്, അവിടെ പറഞ്ഞിരിക്കുന്ന മക്കൾ "കർത്താവിലുള്ള അവരുടെ ബന്ധം തിരിച്ചറിയുന്ന പ്രായത്തിലെത്തിയവരാണെങ്കിലും, അപ്പോഴും അവർ മാതാപിതാക്കളുടെ സംരക്ഷണയിൽ തന്നെയുള്ളവരാണ് എന്നത്രെ [എഫെ. 6:4 നോക്കുക]."[2] മറ്റൊരു വാക്കിൽ പറഞ്ഞാൽ, വേദഭാഗം പറയുന്നത് ക്രിസ്ത്യാനികളായി തീർന്ന മക്കളെ കുറിച്ചാണ്, എന്നാൽ അപ്പോഴും അവർ അമ്മയപ്പന്മാരുടെ അധികാരത്തിൽ തന്നെയാണ്.

"കർത്താവിന്ന് എന്നപോലെ" ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം എന്നു പറഞ്ഞിരിക്കുന്നതുപോലെയാണ് മക്കൾ മാതാപിതാക്കളെ അനുസരിക്കണം എന്നു പറഞ്ഞിരിക്കുന്നത് (5:22). ക്രിസ്തീയ മക്കൾ മാതാപിതാക്കന്മാരെ **അനുസരിക്കുമ്പോൾ**, അവർ കർത്താവിനെയാണ് അനുസരിക്കുന്നത്. അവർ മാതാപിതാക്കളെ അനുസരിക്കാതിരിക്കുമ്പോൾ, അനുകരിക്കുന്നത് ജാതികളുടെ ലോകത്തെയാണ് (റോമ. 1:30), "അന്ത്യകാലത്തെ" ചില ദുഷ്പ്രവൃത്തികൾക്ക് അവർ പങ്കാളികളാകുകയാണ് (2 തിമൊ. 3:1, 2).

**അത് ന്യായമല്ലൊ** എന്ന് പറഞ്ഞിരിക്കുന്നത് മക്കൾ മാതാപിതാക്കളെ അനുസരിക്കണമെന്നതിന്റെ മറ്റൊരു കാരണമാണ്. ആദ്യമായി, അമ്മയപ്പന്മാരുടെ അധികാരവും മക്കളുടെ കീഴ്പ്പെടലും പുരാതനലോകത്തും, ദൈവം യിസ്രായേലിന്നു കൊടുത്ത ഉടമ്പടിയിലും കാണാം. രണ്ടാമത്, മക്കൾ അമ്മയപ്പന്മാരെ അനുസരിക്കുമ്പോൾ, അവർ കർത്താവിനെയാണ് അനുസരിക്കുന്നതെന്ന് പൗലൊസ് പറയുന്നു. മൂന്നാമത്, അപ്പൊസ്തലൻ പറഞ്ഞു, "അത് ന്യായമല്ലൊ"; മറ്റൊരു വാക്കിൽ പറഞ്ഞാൽ, അനുസരിക്കുന്നത് ശരിയായ കാര്യമാണ്. പിന്നെ അവൻ ന്യായപ്രമാണം ഉദ്ധരിച്ച് മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നത് ഉചിതമാണെന്നു ഊന്നി പറഞ്ഞിരിക്കുന്നു.

**വാക്യങ്ങൾ 2, 3.** നാം വായിക്കുന്നു, **നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.**[3] "ബഹുമാനിക്ക" എന്ന വാക്കിന്റെ ഗ്രീക്ക് ക്രിയ *ടിമാവോ* ആണ്; അത് ആളുകളെ ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, "വിലയിരുത്തുക, അല്ലെങ്കിൽ വിലയുറപ്പിക്കുക" എന്നാണ്.

> അതുകൊണ്ട്, ആരെയെങ്കിലും ബഹുമാനിക്കുവാൻ, ശരിയായി വിലയിരുത്തുവാൻ, വ്യത്യാസം കണക്കിലെടുക്കാതെ, സത്യസന്ധമായി അയാളോട് പെരുമാറുകയും, ദയവോടും, മര്യാദയോടും അയാളുടെ സ്വഭാവം ആവശ്യപ്പെടുന്നതനുസരിച്ച് ആദരിക്കുകയും, അനുസരിക്കുകയും വേണം.[4]

ഒരു പൈതലിന് അമ്മയപ്പന്മാരെ ബഹുമാനിക്കാതെ അനുസരിക്കുവാൻ കഴിയും, എന്നാൽ ആ കുട്ടിക്ക് അമ്മയപ്പന്മാരെ അനുസരിക്കാതെ ബഹുമാനിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്, മക്കൾ അമ്മയപ്പന്മാരെ അനുസരിക്കണമെന്ന് പൗലൊസ് പറയുവാനുള്ള നാലാമത്തെ കാരണം ഇതാണ്. ബഹുമാനത്തിൽനിന്നാണ് അനുസരണം ഉരുത്തിരിഞ്ഞു വരേണ്ടത്. സ്വാഭാവികമായ

ആദരവിന്റെ ഫലമായി ഉണ്ടാകുന്ന അനുസരണത്തെ അവൻ ഊന്നി പറഞ്ഞിരിക്കയാണ്. ബഹുമാനിക്കുക എന്നത് പത്തു കൽപനകളിലെ അഞ്ചാമത്തേതാണെന്ന കാര്യം അവൻ ശ്രദ്ധിച്ചു (പുറ. 20:12).

പൗലൊസ് ഇടക്ക് ചേർത്ത പ്രസ്താവനയായ-**(വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപന ആകുന്നു)**-വ്യാഖ്യാതാക്കൾക്ക് പ്രയാസമുണ്ടാക്കി കാരണം, ചിലർ പത്തു കൽപനകളിൽ മുൻപ് വാഗ്ദാനം കാണുന്നു. രണ്ടാമത്തെ കൽപനക്ക് ശേഷം ദൈവം പറഞ്ഞു, "ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു" (പുറ. 20:6). എങ്ങനെയായാലും, അത് ദൈവസ്വഭാവത്തെ വിവരിക്കുന്ന ഭാഗമാണ്:

> ... നിന്റെ ദൈവമായ യഹോവ ആയ ഞാൻ തീഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും, എന്നെ സ്നേഹിച്ച് എന്റെ കൽപനകളെ പ്രാമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യും (പുറ. 20:5, 6).

പത്തു കൽപനകളിൽ അഞ്ചാമത്തേതിൽമാത്രമാണ് വാഗ്ദത്തമുള്ളത് എന്നതിനേയും ചിലർ എതിർത്തേക്കാം. എന്നാൽ പൗലൊസ് പറഞ്ഞത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപന എന്നാണ്. എങ്ങനെയായാലും, പിന്നീട് നൽകിയ ന്യായപ്രമാണത്തിലെ അറുന്നൂറിലധികം കൽപനകളും വാഗ്ദാനങ്ങളും അടങ്ങിയിരിക്കുന്നത് ചുരുക്കി പറഞ്ഞിരിക്കുന്നതാണ് പത്തു കൽപനകൾ.

ഇവിടെ പൗലൊസ് പറഞ്ഞ "വാഗ്ദത്തത്തിന്റെ" പ്രാധാന്യം എന്താണ്? അഞ്ചാമത്തെ കൽപന പുതിയനിയമത്തിൽ വേറെ അഞ്ചു പ്രാവശ്യം പറഞ്ഞിട്ടുണ്ടെങ്കിലും, എഫെസ്യലേഖനത്തിൽ മാത്രമാണ് വാഗ്ദത്തവും ചേർത്തിരിക്കുന്നത്. ആ വാഗ്ദാനം-**നിനക്ക് നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസോടെയിരിപ്പാനുമാണ്**-അത് യിസ്രായേൽ തുടർച്ചയായി കനാൻ നാട് അവകാശമാക്കുന്നതിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. പൗലൊസ് എഫെസ്യർക്ക് ലേഖനമെഴുതിയപ്പോൾ, കനാൻ ദേശമായിരുന്നില്ല പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. യിസ്രായേലിന് ദൈവം നൽകിയ വാഗ്ദാനങ്ങൾ ക്രിസ്തു വരികയും സഭ സ്ഥാപിക്കയും ചെയ്തപ്പോൾ നിറവേറി എന്ന് പൗലൊസിന് അറിയാമായിരുന്നു (റോമ. 4; 8; ഗലാ. 3; 4). അബ്രഹാമിന്നും അവന്റെ സന്തതികൾക്കും കൊടുത്ത ദേശ വാഗ്ദാനം (ഉല്. 12:7; 13:15; 15:18 നോക്കുക) യോശുവയുടെ നേതൃത്വത്തിൽ ആ ദേശം കീഴ്പ്പെടുത്തിയപ്പോൾ നിറവേറി (യോശു. 21:43-45; 23:14). കൂടാതെ, എഫെസ്യ സഭയിലുണ്ടായിരുന്നവർ യെഹൂദന്മാർ-അല്ലാത്തവരായിരുന്നതിനാൽ, അവർ ഈ വേദഭാഗം വായിക്കുമ്പോൾ, ഒരിക്കലും അവരുടെ മനസിൽ കനാൻ ദേശം വരികയില്ല. എഫെസ്യ സഭയിലെ മക്കളെല്ലാവരും അമ്മയപ്പന്മാരെ അനുസരിക്കുവാൻ ഉത്തേജിപ്പിച്ചുകൊണ്ടായിരുന്നു പൗലൊസ് വാഗ്ദാനം അവിടെ ഓർപ്പിച്ചത്.

"നിനക്ക് നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസോടെയിരിപ്പാനും" എന്ന് പൗലൊസ് പറഞ്ഞതിന്റെ കൃത്യമായ അർത്ഥം എന്താണ്? മറ്റു ലേഖനങ്ങളിൽ പൗലൊസ് പ്രതിഫലങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ, ഭൗതികമായ

പ്രതിഫലത്തേക്കാൾ കൂടുതൽ ന്യായവിധിക്ക് ശേഷമുള്ള പ്രതിഫലങ്ങളെ കുറിച്ചാണ് പറഞ്ഞത് (1 കൊ. 3:8, 12-15; 2 കൊ. 5:10). ഈ ജീവിതത്തിലെ അനുഗ്രഹങ്ങളെ കുറിച്ച് ഏറ്റവും അടുത്തു ചിന്തിച്ചു പൗലൊസ് പറഞ്ഞു, "ശരീരാഭ്യാസം അൽപപ്രയോജനമുള്ളതത്രെ; ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിന്നും പ്രയോജനമുള്ളതാകുന്നു" (1 തിമൊ. 4:8). ഈ വാഗ്ദാനം ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അമ്മയപ്പന്മാരെ അനുസരിക്കുന്ന ഏതൊരു കുട്ടിക്കും സമൃദ്ധമായ ജീവിതം ഉറപ്പിക്കുവാൻ സാധ്യമല്ല. പൗലൊസ് നിരീക്ഷിച്ചത്, എല്ലാം പരിഗണിച്ച് ഒരു കുട്ടി തന്റെ അമ്മയപ്പന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്താൽ, ആ കുട്ടിക്ക് പൊതുവായ അഭ്യു-ദയം പ്രതീക്ഷിക്കാമെന്നാണ്. ഈ കൽപനയെ അവഗണിച്ച് ജീവിക്കുന്നവരുടേതിനേക്കാൾ അനുസരിക്കുന്നവരുടെ ജീവിതം കൂടുതൽ സന്തോഷപ്രദമാകും.[5]

ജ്ഞാനത്തിൽ നടക്കുവാൻ, മക്കൾ തങ്ങളുടെ അമ്മയപ്പന്മാരെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യണം. കൊച്ചുകുട്ടികൾ അവരുടെ മാതാപിതാക്കളെ അനുസരിച്ചുകൊണ്ട് ബഹുമാനിക്കുമ്പോൾ, മുതിർന്ന മക്കൾ തങ്ങളുടെ മാതാപിതാക്കളെ കരുതിക്കൊണ്ടാണ് ബഹുമാനിക്കുന്നത് (1 തിമൊ. 5:4, 8).

## പിതാക്കന്മാർ: "ബാലശിക്ഷയും പത്ഥ്യോപദേശവും" (6:4)

**[4]പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ.**

**വാക്യം 4**. വാക്യം 1-ൽ, പൗലൊസ് അമ്മയപ്പന്മാരെ കുറിച്ച് പറഞ്ഞപ്പോൾ, അവൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ഗോയേനസ്* ആണ്; എന്നാൽ വാക്യം 2-ൽ "അപ്പനെയും അമ്മയെയും" എന്നു പറഞ്ഞപ്പോൾ, കൂടുതൽ പൊതുവായ വാക്കുകളായ *പാറ്റർ* എന്നും *മെറ്റെർ* എന്നുമാണ് ഉപയോഗിച്ചത്. മോശെയുടെ അപ്പനെയും അമ്മയെയും കുറിച്ച് എബ്രായ ലേഖകൻ പറഞ്ഞപ്പോൾ, *പാറ്റർ* എന്ന വാക്കിന്റെ ബഹുവചനരൂപമാണ് ഉപയോഗിച്ചത്, അർത്ഥം അപ്പനും അമ്മയും എന്നാണ് (എബ്രാ. 11:23). പൗലൊസ് 6:1-4-ൽ, മൂന്നു വ്യത്യസ്ത വാക്കുകൾ ഉപയോഗിച്ചതുകൊണ്ട്, ഒന്ന്, "അപ്പൻ" എന്നതിനും മറ്റൊന്നു "അമ്മ" എന്നതിനും, വേറൊന്ന് "മാതാപിതാക്കൾ" എന്നതിനുമാണ് ഉപയോഗിച്ചത് എന്നതിനാൽ, വാക്യം 4 **അപ്പന്മാരെ** കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. കാരണം *പാറ്റർ* എന്ന വാക്കിന്റെ ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. മക്കളെ പരിശീലിപ്പിക്കുന്നതിൽ തീർച്ചയായും അമ്മമാർക്കും പങ്കുണ്ട്, എന്നാൽ മക്കളെ പരിശീലിപ്പിക്കുന്നതിൽ പ്രാഥമിക ഉത്തരവാദിത്തം അപ്പന്മാർക്കാണ്. ഗ്രീക്ക് വേദപുസ്തകത്തിൽ, വാക്യം 4 ന്റെ ആരംഭത്തിൽ (*കായി*, "ഉം") (കെജെവി നോക്കുക). മക്കൾക്കും അമ്മയപ്പന്മാർക്കും തമ്മിലുള്ള ബന്ധത്തിൽ, ദൈവം-നൽകിയതായ ഉത്തരവാദിത്തങ്ങൾ ഉണ്ടെന്നാണ് ആ വസ്തുത കാണിക്കുന്നത്.

ജ്ഞാനിയായി നടക്കുന്നതെങ്ങനെ എന്നു കാണിക്കുവാൻ പൗലൊസ് പിതാക്കന്മാരോട്, **നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ** എന്നു പറഞ്ഞുകൊണ്ടാണ് നിർദ്ദേശങ്ങൾ തുടങ്ങുന്നത്. "കോപിപ്പിക്കാതെ" *പരോർഗിസോ* എന്ന

വാക്കിൽനിന്നു വന്നതാണ്, അത് നിർവ്വചിച്ചിരിക്കുന്നത് "കോപം ഉണർത്തുക, കോപിപ്പിക്കുക, പ്രകോപിപ്പിക്കുക, ദേഷ്യം കാണിക്കുക."[6]

> ഇതിൽ ഉപേക്ഷിക്കേണ്ട മനോഭാവങ്ങളും, വാക്കുകളും, പ്രവൃത്തികളും വിട്ടുകളഞ്ഞില്ലെങ്കിൽ കുട്ടിക്ക് കോപം വരുവാനിടയുണ്ട്. കുട്ടികൾക്ക് കോപവും വിദ്വേഷവും ജനിപ്പിക്കത്തക്ക അച്ചടക്കമോ, അധികാരം ചെലുത്തുന്ന അന്യായമായ, കുറ്റപ്പെടുത്തലുകളും, ഏകപക്ഷിയമായ ശിക്ഷയും ഒഴിവാക്കേണ്ട കാര്യങ്ങളിൽ പെടുന്നതാണ് ...[7]

അതിന്റെ സമാന്തര വേദഭാഗമായ കൊലൊസ്സ്യർ 3:21-ൽ, പൗലൊസ് കൂട്ടിച്ചേർത്തിരിക്കുന്നത്, "അധൈര്യപ്പെടാതിരിക്കേണ്ടതിന്ന്" എന്നാണ്. നിരാശപ്പെടുത്തുന്ന പിതാക്കന്മാരെ മക്കൾ ഒരിക്കലും പ്രസാദിപ്പിക്കുവാൻ ശ്രമിക്കുകയില്ല.

മക്കളെ ക്രിയാത്മകമായി പരിശീലിപ്പിക്കുവാൻ പൗലൊസ് പറഞ്ഞു, **അവരെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ.** "പോറ്റി വളർത്തുവിൻ" എന്നതിന്റെ ഗ്രീക്ക് ക്രിയ (*എക്ട്രേഫോ*), തർജിമ ചെയ്തിരിക്കുന്നതാണ് 5:29-ൽ "വളർത്തുക" എന്ന്. ആ വാക്കിന് ഒരു കുട്ടിയെ പൊതുവിൽ വളർത്തുന്ന വിശാലമായ അർത്ഥമാണുള്ളത്. വിദ്യാഭ്യാസപരമായ വളർത്തലിൽ പ്രത്യേകമായി രണ്ടു വാക്കുകൾ ചേർത്താണ് പറഞ്ഞിരിക്കുന്നത്. പുതിയ നിയമത്തിൽ, *എക്ട്രേഫോ* ഉപയോഗിച്ചിരിക്കുന്നതെല്ലാം മനസിലാക്കാവുന്ന അർത്ഥത്തിലാണ് (പ്രവൃ. 7:22; 22:3; 2 തിമൊ. 3:16; തിത്തൊ. 2:12 നോക്കുക), അതിന് പ്രത്യേകമായ അർത്ഥമാണുള്ളത് (1 കൊ. 11:32; 2 കൊ. 6:9; എബ്രാ. 12:5, 7, 8, 11).[8] "ബാലശിക്ഷയും" "പത്ഥ്യോപദേശവും" "വളർത്തു ... വാനുള്ള" യോഗ്യതകളാണ്, കഠിനശിക്ഷ എന്ന അർത്ഥത്തിലാണ് പ്രത്യേകമായി "ബാലശിക്ഷയും" "പത്ഥ്യോപദേശവും" വ്യക്തമാക്കുന്നത്.

"ബാലശിക്ഷ" (*പായിഡെയിയാ*) എന്നത് "ഉത്തരവാദിത്തപ്പെട്ട ജീവിതത്തിന് വേണ്ട മാർഗനിർദ്ദേശം നൽകുക എന്നാണ് അർത്ഥം."[9] ആ വാക്കിൽ, "കുട്ടികളുടെ വിദ്യാഭ്യാസവും പരിശീലനവും" "മനസിനെ വളർത്തി ധാർമ്മികമായ, ... കൽപനകളും പ്രബോധനവും [കൂടാതെ] തർജ്ജനവും ശിക്ഷയും ഉൾപ്പെടുന്നു."[10]

"ബാലശിക്ഷക്ക്" ശേഷം പൗലൊസ് നിർദ്ദേശിച്ചത് "പത്ഥ്യോപദേശമാണ്." (*നൗതെസിയ*). ആ വാക്കിന്റെ പ്രാഥമികമായ അർത്ഥം "പ്രബോധിപ്പിക്കുക എന്നാണ്" (റോമർ 15:14; 1 കൊ. 4:14; 10:11; കൊലൊ. 1:28; 3:16; തിത്തൊ. 3:10). അതിൽ "അന്തർലീനമായിരിക്കുന്നത് മനോഭാവത്തിലോ പെരുമാറ്റത്തിലോ ചില ബുദ്ധിമുട്ടോ പ്രശ്നമോ നേരിട്ടാൽ അല്ലെങ്കിൽ ചില എതിർപ്പ് അതിജീവിക്കേണ്ടിവന്നാൽ എന്നാണ്."[11]

തങ്ങളുടെ മക്കൾ സമൂഹത്തിലും സഭയിലും നല്ല പൗരന്മാരായി തീരുവാൻ ആവശ്യമായ എല്ലാ പരിശീലനവും ശിക്ഷണവും (*എക്ട്രേഫോ*) നൽകേണ്ടത് അപ്പന്മാരാണ് എന്നാണ് അത് തീർച്ചയാക്കുന്നത്. അത് നടത്തേണ്ടത്, വിദ്യാഭ്യാസത്തിൽ കൂടെയാണ്, അതിൽ പ്രബോധനവും ശിക്ഷണവും (*പായിഡെയിയാ*), പ്രോൽസാഹനവും അടങ്ങിയിരിക്കുന്നു, ശരിയായ പെരുമാറ്റത്തെ അനുമോദിക്കുന്നതും (*നൗതേസിയാ*) മോശമായ പെരുമാറ്റത്തെ

ശാസിക്കുന്നതും അതിൽ പെടുന്നു.

പിതാക്കന്മാർ "കർത്താവിന്റെ" "ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും" ആണ് മക്കളെ വളർത്തേണ്ടത്. "ക്രിസ്തീയ പരിശീലനം എന്നു പറയുന്നത് ക്രിസ്തുവിൽനിന്നുത്ഭവിച്ചതും ക്രിസ്തു വിവരിച്ചതും ആണ് എന്ന രീതിയിൽ വേണം നാം വാക്യം 4 മനസിലാക്കുവാൻ."[12]

മുൻപ്, എഫെസ്യർ ക്രിസ്തുവിൽ സത്യം ഉള്ളതുപോലെ, അവനിൽനിന്നു കേട്ട് പഠിച്ചവരായിരുന്നു എന്ന് പൗലൊസ് പറഞ്ഞിരുന്നു (4:20, 21). പിതാക്കന്മാർ മക്കളെ "ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും" വളർത്തണമെന്നത് പൊതുവിൽ സഭയുടെ സ്വഭാവമാണെന്ന് സൂചിപ്പിക്കുന്നു.[13]

## യജമാനന്മാരും ദാസന്മാരും തമ്മിലുള്ള ബന്ധത്തെ ആദരിക്കൽ (6:5-9)

ഗ്രീക്ക്-റോമാ ലോകത്ത് അംഗീകരിക്കപ്പെട്ട സമ്പ്രദായമായിരുന്നു അടിമത്വം. അടിമത്വ സമ്പ്രദായം നിലവിലിരുന്ന സമൂഹത്തിൽ, ചില അടിമകളുടെ യജമാനന്മാർ ക്രിസ്ത്യാനികളാകുകയും അടിമകൾ ആകാതിരിക്കുകയും ചെയ്യുവാൻ സാധ്യതയുണ്ടായിരുന്നു. ചില അടിമകൾ ക്രിസ്ത്യാനികൾ ആകുകയും യജമാനന്മാർ ആകാതിരിക്കുകയും ചെയ്യുവാൻ സാധ്യതയുണ്ടായിരുന്നു. ചില സന്ദർഭങ്ങളിൽ യജമാനനും അടിമയും ക്രിസ്ത്യാനിയായി തീരുവാനും സാധ്യതയുണ്ടായിരുന്നു. ആകയാൽ ക്രിസ്തീയ യജമാനന്മാരും ദാസന്മാരും വിവിധ സാഹചര്യങ്ങളിൽ എങ്ങനെ അന്യോന്യം പെരുമാറണമന്ന നിർദ്ദേശങ്ങൾ പുതിയ നിയമത്തിൽ നൽകിയിരിക്കുന്നതിൽ അതിശയിക്കുവാനില്ല.[14]

പുതിയനിയമം അടിമത്വത്തെ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, ആ വലിയ സാമൂഹ്യ തിന്മയെ ഖണ്ഡിക്കുന്നതിനു പകരം, ഒന്നാം-നൂറ്റാണ്ടിലെ ദൈവശ്വാസിയരായവർ അതിനെ നിയന്ത്രിക്കുകയാണ് ചെയ്തത്. സുവിശേഷ തത്വങ്ങൾ മുഴുവനായും മനുഷ്യബന്ധങ്ങളിൽ ഉപയോഗിച്ചുകഴിയുമ്പോൾ (മത്താ. 7:12; 22:39), അടിമത്വം തന്നെ ഇല്ലാതാകം. അത് സംഭവിക്കുന്നതുവരെ, പുതിയനിയമ എഴുത്തുകാർ അടിമത്വത്തെ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അടിമകളെക്കൊണ്ട് പ്രക്ഷോഭം സംഘടിപ്പിക്കുകയോ ചെയ്തില്ല. അവർ ചില ദൈവിക മാർഗരേഖ നൽകുക മാത്രമാണ് ചെയ്തത്.

എഫെസ്യർ 6:5-9-ൽ, പൗലൊസ് പറയുന്നത്, ക്രിസ്തീയ യജമാനന്മാരും ദാസന്മാരും തിരിച്ചറിയേണ്ടത് അവർ രണ്ടുപേരും ഒരേ യജമാനനെ-ക്രിസ്തുവിനെയാണ്-സേവിക്കുന്നത് എന്നാണ്. അടിമത്വം നിലവിലുണ്ടായിരുന്നപ്പോൾ ക്രിസ്ത്യാനികൾക്ക് എഫെസ്യ ലേഖനത്തിനു പുറത്തുനിന്നുള്ള സഹായവും ലഭിച്ചിരുന്നു.

### ദാസന്മാർ: "അനുസരിക്കുവിൻ" (6:5-8)

**5ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ, ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ. 6മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ, ദൃഷ്ടി സേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെ പോലെ, ദൈവേഷ്ടം മനസോടെ ചേയ്തും**

**[7]മനുഷ്യരെയല്ല കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ. [8]ദാസനോ സ്വതന്ത്രനോ ഒരുത്തൻ ചെയ്യുന്ന നന്മക്ക് കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലൊ.**

എഫെസ്യലേഖനത്തിലെ ഈ ഭാഗം വ്യാഖ്യാനിക്കുവാൻ ചരിത്രപരമായ പശ്ചാത്തലവും, ബൈബിൾ ഉപദേശവും അറിയുവാൻ സഹായിക്കുന്നതാണ് "കൂടുതൽ പഠനം: അടിമത്വം" എന്നത്. പൗലൊസ് അപ്പോഴും ജ്ഞാനത്തിൽ നടക്കുന്നതിനെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്, യജമാനന്മാരും ദാസന്മാരും സഭയിൽ എങ്ങനെ ആയിരിക്കണം എന്ന് ബാധിക്കുന്ന വിധത്തിലാണ് പറഞ്ഞിരിക്കുന്നത്.

**വാക്യം 5.** യജമാനന്മാർക്കും ദാസന്മാർക്കും അന്തിമമായി ഏക യജമാനനാണുണ്ടായിരുന്നത്, അത് ക്രിസ്തു ആയിരുന്നു (6:6, 9). എങ്ങനെയായാലും, **ജഡപ്രകാരം വീട്ടിൽ ദാസന്മാർ തങ്ങളുടെ യജമാനന്മാരെ അനുസരിക്കണം**, അതായത് അവരുടെ "സ്വർഗീയ ... യജമാനനിൽനിന്നും" (6:9) ജഡിക യജമാനൻ വ്യത്യസ്തനാണ് എന്നർത്ഥം. **അനുസരിക്കുക** എന്നതിന്റെ ഗ്രീക്ക് ക്രിയ ഒരു സംയുക്തവാക്കാണ് (*ഹുപാകൗവോ*), വന്നിരിക്കുന്നത് (*ഹുപോ*, "കീഴിൽ") എന്നും (*അകൗവുവോ*, "കേൾക്കുക") എന്നുമാണ്. "മിക്കവാറും അതിന്റെ അർത്ഥം, അനുസരിക്കുക, ശ്രദ്ധിക്കുക, പിൻപറ്റുക, പറ്റിച്ചേരുക" എന്നാണ്.[15] "അനുസരിപ്പിൻ" എന്ന ഗ്രീക്ക് ക്രിയ തർജിമ ചെയ്തിരിക്കുന്നത് തുടർപ്രവൃത്തിയെയാണ് കാണിക്കുന്നത്, ആകയാൽ ദാസന്മാർ അവരുടെ യജമാനന്മാരെ തുടർച്ചയായി, ഭയത്തോടും വിറയലോടും കൂടെ അനുസരിക്കണം. പൗലൊസിനെ കുറിച്ചും (1 കൊ. 2:3), കൊരിന്ത്യരെ കുറിച്ചും (2 കൊ. 7:15), ഫിലിപ്പിയരെ കുറിച്ചും പറഞ്ഞിരിക്കുന്നു (ഫിലി. 2:12).

"ഭയത്തോടും" എന്നത് തർജിമ ചെയ്തത് *ഫോബോസ്* എന്ന വാക്കാണ്, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കേണ്ടതിനെ ആണ് സൂചിപ്പിക്കുന്നത് (5:33; 1 പത്രൊ. 3:2), പൗരന്മാർ ഗവൺമെന്റിനോടും അങ്ങനെയായിരിക്കണം (റോമർ 13:7). ഈ സന്ദർഭത്തിൽ അത് "ആദരവ്"[16] അല്ലെങ്കിൽ "ബഹുമാനം" ആണ് കാണിക്കുന്നത്. ദാസന്മാർ യജമാനന്മാരെ ആദരിക്കേണ്ടത് വിറയലോടുകൂടെയായിരിക്കണം, അത് തർജിമ ചെയ്തിരിക്കുന്നത് (*ട്രോമോസ്*) ആണ്. "വിറയലോടുകൂടെ" എന്നതിന് അമിത പ്രാധാന്യം കൊടുത്ത് വ്യാഖ്യാതാവ് വിശദീകരിക്കുവാൻ ശ്രമിക്കരുത്. ദാസന്മാർ ഭയത്തോടുകൂടെ തങ്ങളുടെ യജമാനന്മാരെ അനുസരിക്കണം എന്നതാണ് അത് അർത്ഥമാക്കുന്നത്, അല്ലെങ്കിൽ എസ്. ഡി. എഫ്. സാൽമണ്ട് പറഞ്ഞതുപോലെ, "ദാസൻ തന്റെ കടമ നിർവ്വഹിക്കേണ്ടത് *ഉൽസുകമായ എരിവോടെ*യായിരിക്കണം."[17]

ഹൃദയത്തിന്റെ ഏകാഗ്രതയിൽ എന്നു പറഞ്ഞിരിക്കുന്നത് അനുസരിക്കുന്നത് നിർമ്മലവും ശുദ്ധവുമായ ലക്ഷ്യത്തോടെയായിരിക്കണം എന്നർത്ഥം. "ആത്മാർത്ഥത" (*ഹാപ്ലോറ്റെസ്*) വ്യക്തമാക്കുന്ന ആശയം "വിശുദ്ധി" അല്ലെങ്കിൽ ഹൃദയ "വിശ്വസ്തതയാണ്."[18] ഹൃദയം എന്നു പറയുന്നത് ഒരാളുടെ വ്യക്തിത്വത്തിന്റെ കേന്ദ്രമാണ്; അവിടെനിന്നാണ് ചിന്ത, മനോഭാവം, പ്രവൃത്തികൾ എന്നിവ ഉത്ഭവിക്കുന്നത്. ആത്മാർത്ഥതയും വിശുദ്ധിയും ഹൃദയത്തിൽനിന്ന് വന്നിട്ടായിരിക്കണം ദാസന്മാർ തങ്ങളുടെ യജമാനന്മാരെ അനുസരിക്കേണ്ടത്. ദാസന്മാർ തങ്ങളുടെ യജമാനന്മാരെ **ക്രിസ്തുവിനെ**

അനുസരിക്കുന്നതുപോലെ സേവിക്കുവാനുള്ള ഒരു ഹൃദയമാണ് ആവശ്യം. ദൈന-ന്ദിന പെരുമാറ്റത്തിൽനിന്നു ക്രിസ്ത്യാനികൾ ഒറ്റപ്പെട്ട് കഴിഞ്ഞിരുന്നില്ല. അവർ ഭൗതികമായ കടമകൾ നിർവ്വഹിക്കുമ്പോൾ, ക്രിസ്തുവിന്റെ കർത്തൃത്വത്തെ മാനിച്ചിരുന്നു.

**വാക്യം 6**. തങ്ങളുടെ യജമാനൻ കണ്ടാലും ഇല്ലെങ്കിലും ദാസന്മാർ നന്നായിട്ടാണ് സേവിച്ചിരുന്നത്. അവർ വെറുതെ തങ്ങളുടെ യജമാനന്മാരെ സേവിക്കുന്നവരായിരുന്നില്ല, പിന്നെയോ, അവർ രഹസ്യമായും പരസ്യമായും ചെയ്തിരുന്നതെല്ലാം കാണുന്ന വാസ്തവത്തിലുള്ള യജമാനനെയായിരുന്നു അവർ പ്രസാദിപ്പിച്ചിരുന്നത്. അവർ **മനുഷ്യരെ-പ്രസാദിപ്പിക്കുന്നവരായിരുന്നില്ല**, മറിച്ച് ദൈവത്തെ-പ്രസാദിപ്പിക്കുന്നവരായിരുന്നു (കൊലൊ. 3:22 നോക്കുക). അവർ വിശ്വസ്തമായി യജമാനന്മാരെ സേവിച്ചിരുന്നതിനാൽ, ആ ദാസന്മാർ **ദൈവേഷ്ടമായിരുന്നു** ചെയ്തിരുന്നത്. അവർ അതു ശുദ്ധമായ ലക്ഷ്യത്തോടുംകൂടെ **ഹൃദയപൂർവ്വം ചെയ്തു**, അതായത്, “ആത്മാർത്ഥ ഹൃദയത്തോടും” കൂടെയായിരുന്നു ചെയ്തത്.

**വാക്യങ്ങൾ 7, 8**. ദാസന്മാരുടെ ഹൃദയത്തെ പൗലൊസ് കൂടുതലായി വെളിപ്പെടുത്തിയിരിക്കുന്നു. **മനസോടെ** എന്നതു തർജിമ ചെയ്തിരിക്കുന്നത് (*എയുനോയിയാ*), അതിന്റെ അർത്ഥം, “താൽപര്യം, എരിവ്” എന്നാണ്.[19] ദാസന്മാർ ക്രിയാത്മകമായി, തങ്ങളുടെ യജമാനന്മാരെ, “ഭയത്തോടും വിറയലോടും,” “[അവരുടെ] ഹൃദയത്തിന്റെ ഏകാഗ്രതയിലും” സേവിക്കണമായിരുന്നു. അവർ നിഷേധരൂപത്തിലും അനുസരിക്കണമായിരുന്നു-ദൃഷ്ടിസേവകളായിരുന്നില്ല അനുസരിക്കേണ്ടിയിരുന്നത്, (“അതായത് അവരുടെ സേവനം യജമാനൻ കാണുമ്പോൾ മാത്രം ചെയ്യേണ്ടതായിരുന്നില്ല”), എന്നാൽ അത് താൽപര്യത്തോടെ, “മറ്റൊരാളുടെ ക്ഷേമത്തെ ലാക്കാക്കി ചെയ്യണമായിരുന്നു.”[20] തങ്ങളുടെ സേവനം വാസ്തവത്തിൽ **കർത്താവിനാണ്** നടത്തുന്നത് എന്നു തിരിച്ചറിഞ്ഞ്, ദാസന്മാർ തങ്ങളുടെ യജമാനന്മാരെ അനുസരിക്കണം. മാത്രമല്ല, അവർ **ഓരോരുത്തരും ചെയ്യുന്ന ഓരോ നന്മക്കും കർത്താവിൽനിന്ന് അവർക്ക് പ്രതിഫലം ലഭിക്കുമെന്നും** പൗലൊസ് അവരോട് പറഞ്ഞു.

ഇത്തരത്തിൽ പെരുമാറുന്ന ദാസന്മാരോട് യജമാനന്മാരും നല്ല രീതിയിൽ പെരുമാറും എന്ന കാര്യത്തിൽ സംശയമില്ല, കൂടാതെ അവരുടെ നിലവാരം ഉയരുകയും ചെയ്യും. അവരുടെ നല്ല സേവനത്തിന് യജമാനന്മാരിൽനിന്നും അംഗീകാരം ലഭിച്ചില്ലെങ്കിലും, അവസാനം അവരുടെ അനുസരണത്തിന് കർത്താവിൽനിന്നു പ്രതിഫലം ലഭിക്കും എന്നത് ഉറപ്പാണ്. എബ്രായ ലേഖകൻ പറഞ്ഞു, “നിങ്ങളുടെ പ്രവൃത്തി മറന്നുകളവാൻ അവൻ അനീതിയുള്ളവൻ അല്ല” (6:10). അനുസരണത്തിന് ദൈവം ഈ ലോകത്തിൽ തന്നെ പ്രതിഫലം തരും. ശരിയായ പ്രവൃത്തിക്ക് ഇപ്പോൾ തന്നെ പ്രതിഫലം ലഭിക്കുമെന്ന് യേശുവിന്റെ മലമ്പ്രസംഗത്തിൽ അന്തർലീനമാക്കിയിരിക്കുന്നു (മത്താ. 6:4, 6, 18), മറ്റുള്ളവക്ക് വരുവാനുള്ള ലോകത്തിലും പ്രതിഫലം ലഭിക്കും. ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന സ്വർഗിയ “പ്രതിഫലത്തെ” കുറിച്ച് മത്തായി 5:12, 46 ലും 1 കൊരിന്ത്യർ 3:8, 14 ലും പറഞ്ഞിരിക്കുന്നു.

2 കൊരിന്ത്യർ 5:10-ൽ, അപ്പൊസ്തലൻ പറഞ്ഞു, “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തിയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.” ഈ ജീവിതത്തിൽ, ദാസന്മാർ

തങ്ങളുടെ യജമാനന്മാരെ സേവിച്ചതിന് ന്യായവിസ്താരത്തിൽ ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കും. രക്ഷിക്കപ്പെടുന്നവരെല്ലാം രക്ഷിക്കപ്പെടുന്നത് ദൈവകൃപയാലത്രെ. എങ്ങനെയായാലും, ക്രിസ്ത്യാനിക്ക് "അവൻ ചെയ്ത പ്രവൃത്തിക്കനുസരിച്ച്" ന്യായവിധിയിൽ പ്രതിഫലം ലഭിക്കും.

ദൈവം ആളുകളോട് ഇടപെടുമ്പോൾ മുഖപക്ഷം കാണിക്കുകയില്ല എന്നു കാണിക്കുന്ന പ്രസ്താവനയാണ് ദാസനായാലും സ്വതന്ത്രനായാലും എന്നു പറഞ്ഞിരിക്കുന്നത് (പ്രവൃ. 10:34 നോക്കുക). ഒന്നാം-നൂറ്റാണ്ടിൽ ദാസന്മാരും യജമാനന്മാരും തമ്മിലുള്ള വ്യത്യാസം ബന്ധങ്ങളിൽ നിലനിന്നിരുന്നുവെങ്കിലും, അന്തിമ വിധിയിൽ ആ സാമൂഹ്യ വ്യത്യാസം അവഗണിച്ചുകളയും. അവസാന വിലയിരുത്തലിൽ, ക്രിസ്തുവിലായവരെല്ലാവരും തുല്യരായിരിക്കും (ഗലാ. 3:27, 28).

### യജമാനന്മാർ: "മനസ്സോടെ പരിശീലിക്കണം" (6:9)

**9യജമാനന്മാരേ, അവരുടേയും നിങ്ങളുടേയും യജമാനൻ സ്വർഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ട് അങ്ങനെ തന്നെ അവരോട് പെരുമാറുകയും ഭീഷണിവാക്ക് ഒഴിക്കയും ചെയ്വിൻ.**

**വാക്യം 9.** ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ അവസാനിപ്പിച്ച് **യജമാനന്മാരുടെ** ഉത്തരവാദിത്തത്തെ കുറിച്ച് പൗലൊസ് പറഞ്ഞു. യജമാനന്മാർക്ക് ദാസന്മാരോടുള്ള ഉത്തരവാദിത്തം നിർദ്ദേശിക്കുമ്പോൾ, **ഉം** എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. **അങ്ങനെ തന്നെ അവരോട്** പെരുമാറുക എന്നത് വ്യക്തമാക്കുന്നത്, ദാസന്മാരും യജമാനന്മാരും കർത്താവായ യേശുക്രിസ്തു എന്ന ഏക യജമാനന്റെ കീഴിലാണെന്ന വസ്തുതയാണ്. യജമാനന്മാർക്ക് തങ്ങൾ ക്രിസ്തുവിന്റെ ദാസന്മാരാണെന്ന് ബോധ്യമായാൽ, അവർ കൂടുതൽ ശ്രദ്ധയോടെ ദാസന്മാരോട് പെരുമാറും. **ഭീഷണി വാക്ക് ഒഴിവാക്കുവാനാണ്** യജമാനന്മാരോട് പറഞ്ഞിരിക്കുന്നത്. യജമാനന്മാർക്ക് ദാസന്മാരോടും ദാസന്മാർക്ക് യജമാനന്മാരോടും "ഒരേ മനസാണ് ഉള്ളതെങ്കിൽ," രണ്ടുപേർക്കും പ്രയോജനം ചെയ്യും (6:7). ആദ്യം, തങ്ങൾക്ക് കണക്ക് കൊടുക്കേണ്ട ഒരു യജമാനൻ ഉണ്ടെന്ന് യജമാനന്മാർ തിരിച്ചറിയണം. രണ്ടാമത് ബന്ധങ്ങൾ സുഖകരമാകണം. മൂന്നാമത്, ദാസന്മാരെ താൽപര്യത്തോടെ അനുസരിക്കുവാൻ പ്രോൽസാഹിപ്പിക്കണം.

ദൈവമുൻപാകെ എല്ലാവരും ഒരുപോലെ ആണ് എന്ന് ഊന്നി പറയുന്നതാണ് **അവന്റെ പക്കൽ മുഖപക്ഷം ഇല്ല** എന്നത്. "മുഖപക്ഷം" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമം *പ്രോസോപോലെംസിയാ* എന്നത് ഒരു എബ്രായ പ്രയോഗത്തിൽനിന്നു വന്നതാണ്, അർത്ഥം "വേർതിരിവ് കാണിക്കുക, ബാഹ്യമായ മുഖവില നോക്കി തീരുമാനിക്കുക,"[21] തങ്ങൾ ദാസന്മാരേക്കാൾ ഉയർന്നവരാണ് എന്ന ചിന്ത യജമാനന്മാർക്ക് ഉണ്ടാകുവാൻ സാധ്യതയുണ്ട്. വീട്ടിൽ അങ്ങനെ പെരുമാറുന്നവരെ ഓർപ്പിക്കുന്നത് എന്തെന്നാൽ ദൈവമുൻപാകെ എല്ലാവരും തുല്യരാണ് എന്നാണ്. അതുകൊണ്ട്, തങ്ങളും ദാസന്മാരും ഉയർന്ന ഒരു യജമാനന്റെ ദാസന്മാരാണെന്ന് യജമാനന്മാർ മനസിലാക്കണം. യജമാനന്മാർ ഈ ഉത്തരവാദിത്തം നിറവേറ്റുമ്പോൾ, അവർ

ജ്ഞാനത്തിലാണ് നടക്കുന്നത്.

## കർത്താവിൽ ശക്തിപ്പെട്ടു കൊണ്ടിരിക്കൽ (6:10-20)

കർത്താവിൽ ശക്തിപ്പെടുവാനുള്ള പ്രബോധനം നൽകിക്കൊണ്ടാണ് പൗലൊസ് ജ്ഞാനത്തിൽ നടക്കുവാൻ ക്രിസ്ത്യാനികളോട് നിർദ്ദേശിച്ച് അവസാനിപ്പിക്കുന്നത്. 4:1-ൽ തുടങ്ങിയതായ മഹത്വകരമായ സഭയുടെ പരിശീലനത്തെ കുറിച്ചുള്ള ചർച്ച ഈ ഭാഗത്തോടുകൂടി അവസാനിപ്പിക്കയാണ്. ആ വാക്യങ്ങളെ മൂന്നായി ഭാഗിക്കാവുന്നതാണ്: "ദൈവത്തിന്റെ സർവ്വായുധവർഗം" ധരിച്ചുകൊണ്ട് വിശ്വാസികൾ "കർത്താവിൽ ശക്തിപ്പെടുവാനുള്ള" പ്രബോധനം (6:10-13), ക്രിസ്ത്യാനിയുടെ ആയുധത്തെ കുറിച്ചുള്ള വിവരണം (6:14-17), പ്രാർത്ഥനയിൽ ദൈവത്തെ ആശ്രയിക്കേണ്ടതിന്റെ ആവശ്യകത (6:18-20),

### ഉത്ബോധനം: "ശക്തിപ്പെടുക" (6:10)

**10ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ.**

**വാക്യം 10.** പൗലൊസിന്റെ ലേഖനം സഭയിൽ പരസ്യമായി വായിച്ചിരിക്കും എന്നതിൽ സംശയമില്ല. "അവസാനം" എന്ന വാക്ക് വായിച്ചപ്പോൾ, സഭയിലെ അംഗങ്ങൾ അവരുടെ പുതപ്പ് ചുരുട്ടി കൂട്ടി വീട്ടിലേക്ക് പോകുവാൻ സമയമായിരുന്നില്ല. താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സഭയുടെ നിലനിൽപിനു പ്രാധാന്യമുള്ളതായിരുന്നു. അവ വായിക്കുകയും, കേൾക്കുകയും, ഉൽസാഹത്തോടെ പ്രായോഗികമാക്കുകയും വേണമായിരുന്നു.

**അവസാനം** (*ടൗലോയിപൗ*)[22] പൗലൊസിന്റെ ലേഖനത്തിൽ വിട്ടുപോയത് പരിചയപ്പെടുത്തുകയായിരുന്നു. 1 കൊരിന്ത്യർ 7:29 ലും എബ്രായർ 10:13 ലും ഉള്ള "ഇപ്പോൾ മുതൽ" എന്ന ആശയമാണ് ആ വാക്കിനുള്ളത്. ആ സഹോദരന്മാർ ശക്തിയുള്ള ശത്രുക്കളെ അഭിമുഖീകരിച്ചിരുന്നതുകൊണ്ട്, അവർ വർത്തമാനകാലത്തിലും, ഭാവിയിലും "കർത്താവിൽ ശക്തിപ്പെടേണ്ടിയിരുന്നു" എന്നാണ് പൗലൊസ് പറഞ്ഞത്.

ക്രിസിത്യാനികളോട് **ശക്തിപ്പെടുക** എന്നു പൗലൊസ് പറഞ്ഞത് പുരാതന യിസ്രായേൽ കനാൻ കൈവശമാക്കുവാൻ യുദ്ധം തുടങ്ങിയതിനെയാണ് നമ്മെ ഓർപ്പിക്കുന്നത് (യോശു. 1:6, 7, 9). "ശക്തിപ്പെടുക" എന്നതിനർത്ഥം, ക്രിസ്ത്യാനികൾ "ശക്തി പ്രാപിക്കുവാൻ"[23] തങ്ങളെ അനുവദിക്കണം എന്നായിരുന്നു. ശക്തിപ്പെടൽ ബാഹ്യമായ ഉറവിടത്തിൽനിന്നു വരേണ്ടതായിരുന്നു, അതായത്, **കർത്താവിൽ** നിന്ന്. ലേഖനത്തിലുടനീളം, "ക്രിസ്തുവിൽ," "കർത്താവിൽ" എന്നീ പ്രയോഗങ്ങൾ കൊടുത്തിരിക്കുന്നത്, എഫെസ്യർ ആരായി തീർന്നു എന്നും, അവർ സഭയായി ആരാണെന്നും, എന്താണ് കൈവരിക്കുവാൻ പോകുന്നതെന്നും മനസിലാക്കുവാനായിരുന്നു.

കർത്താവിൽ നിന്നു പുറപ്പെടുന്ന ശക്തി നമ്മെ ഓർമ്മിപ്പിക്കുന്നത്, "വിശ്വസിക്കുന്നവരിൽ [ദൈവത്തിന്റെ] അളവറ്റ ശക്തിയുടെ മാഹാത്മ്യവും" (1:19), "ഉള്ളിലെ മനുഷ്യനെ പരിശുദ്ധാത്മാവു മുഖാന്തരം ശക്തിപ്പെടുത്തുന്നതും" ആണ് കാണിക്കുന്നത് (3:16). "കർത്താവിൽ" എന്നത് ശക്തിയുടെ ഉറവിടവും

ക്രിസ്ത്യാനികൾ ശക്തി പ്രാപിക്കുന്ന വ്യാപ്തിയും സൂചിപ്പിക്കുന്നു.

ആ ശക്തി രണ്ടു വാക്കുകളിൽ വിവരിക്കുന്നു: **ശക്തിയും ബലവും.** പൗലൊസ് ഉപയോഗിച്ച ഗ്രീക്ക് വാക്കുകൾ, (*ക്രാറ്റോസ്*, "ശക്തി"), (*ഇസ് കുസ്* "ബലം") പര്യായങ്ങളാണ്. അവ ഉപയോഗിച്ചിരിക്കുന്നത്, ദൈവത്തിന്റെ വിവിധ രീതിയിലുള്ള ശക്തിയേക്കാളധികം വ്യക്തികളായ ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന ശക്തിയെയാണ് ഊന്നി പറയുന്നത്.

### നിർദ്ദേശം: "ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾക" (6:11-17)

**11പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ. 12നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ. 13അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനു ം സകലവും സമാപിച്ചിട്ട് ഉറച്ചുനിൽപാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗം എടുത്തുകൊൾവിൻ. 14നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും 15സമാധാന സുവിശേഷത്തിനാ യുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും 16എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപിൻ. 17രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ.**

**വാക്യങ്ങൾ 11, 12.** ഒരു റോമാ പടയാളി ആയുധം ധരിക്കുന്നതുപോലെ, **ആയുധം** എന്ന വാക്കിൽ ദൈവത്തിന്റെ ശക്തിയും സംരക്ഷണവും വ്യക്ത മാക്കിയിരിക്കുന്നു. ക്രിസ്ത്യാനികൾ കർത്താവിന്റെ ബലത്തിൽ ശക്തിപ്പെട്ട് നിൽക്കണം കാരണം നാം ജീവനും-മരണത്തിനും ഇടക്കുള്ള പോരാട്ടത്തിൽ യുദ്ധം ചെയ്യുന്നവരാണ്. ദൈവവും ദുഷ്ടതയും തമ്മിലുള്ള യുദ്ധം ജയി ച്ചുകഴിഞ്ഞു എന്ന് 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങൾ തെളിയിക്കുന്നു, പക്ഷെ ഓരോ വ്യക്തിയും ദിവസവും പോരാട്ടത്തിലാണ്. അത് ജയിക്കു വാൻ ക്രിസ്ത്യാനി ദൈവത്തിൽ ആശ്രയിക്കണം. ക്രിസ്ത്യാനി, പൗലൊസ് പറഞ്ഞതുപോലെ, സർവ്വായുധ വർഗം ധരിക്കണം. (*പാനോപ്ലിയ*, "സർവ്വാ യുധവർഗം") എന്ന വാക്കിലെ എല്ലാ ആയുധങ്ങളും എന്നു പറയുന്നത് പോ രാടുവാനും പ്രതിരോധിക്കുവാനും ഉള്ള ആയുധങ്ങൾ, അതായത് "സ്വർഗീ യമായ ആയുധങ്ങളാണ് പടയാളി ധരിക്കേണ്ടത്."[24]

ക്രിസ്ത്യാനിയുടെ ആയുധം **ദൈവത്തിന്റേതാണ്.** ഈ യുദ്ധത്തിൽ ഉൾപ്പെട്ടിരിക്കുന്നതിന്റെ എല്ലാം ഉറവിടം അവൻ ആണ്. പൗലൊസ് പറഞ്ഞു, "ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ" (2 കൊ. 10:4).

ക്രിസ്ത്യാനികൾ "ദൈവത്തിന്റെ സർവ്വായുധവർഗം ധരിക്കേണ്ടതിന്റെ" കാരണം പറഞ്ഞിരിക്കുന്നത് **ഉറച്ചു നിൽപാൻ കഴിയേണ്ടതിന്ന്** എന്നാണ്. "കഴിയുക" (*ഡുനാമായി*) എന്നത് ദൈവശക്തിയാൽ വിശ്വാസികൾ "ഉറെ ച്ചുനിൽക്കുന്നതിനെ" (*ഹിസ്റ്റെമി*) കുറിച്ച് പറഞ്ഞപ്പോൾ, വീണ്ടും വാക്യങ്ങൾ 13 ലും 16 ലും പൗലൊസ് ഉപയോഗിച്ചിരിക്കുന്നു. ഉറച്ചു നിൽക്കുക എന്ന

ആശയം വാക്യങ്ങൾ 13 ലും 14 ലും കാണാം, അത് "ഒരാളുടെ സ്ഥാനം ഉറപ്പിക്കുക, പ്രതിരോധിക്കുക, എതിർപ്പിനെ ചെറുത്തു തോൽപിക്കുക എന്നാണ് അർത്ഥമാക്കുന്നത്."[25]

ആർക്ക് എതിരെയാണ് ക്രിസ്ത്യാനികൾ ഉറെച്ചുനിൽക്കേണ്ടത്? **പിശാചിന്** എതിരെ (*ഡയാബോലോസ്*) ("കൂടുതൽ പഠനം: നമ്മുടെ പ്രതിയോഗിയായ, പിശാച്" എന്നത് നോക്കുക). ആ ശത്രുവിനെ കുറിച്ച് പൗലൊസ് വാക്യം 12-ൽ വിവരിക്കുന്നു: **നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ** (1:20; 3:10 നോക്കുക). ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം ജീവിക്കുന്നവർക്ക് എതിരായ സകലവിധ ദുഷ്ടതയും ആത്മിയമായി ക്രിസ്ത്യാനികൾ നേരിടണം. പോരാട്ടത്തിന്റെ സ്വഭാവം നോക്കിയാൽ വിജയത്തിന് ദൈവത്തിന്റെ സർവ്വായുധവർഗം അത്യാവശ്യമാണ്.

സാത്താന്റെ ആയുധം **തന്ത്രങ്ങളാണ്** (*മെതോഡെയിയാ*), അതായത്, അവൻ "സൂത്രങ്ങളും, ഉപായങ്ങളും" അല്ലെങ്കിൽ "കള്ളക്കൗശലം." ഉപയോഗിക്കും.[26] അത് വിശ്വാസത്തിൽ ഉറെച്ചു നിൽക്കുന്നവരെ ഇളക്കുവാനാണ്. ആ വാക്കിന്റെ ബഹുവചനം വ്യക്തമാക്കുന്നത് ആളുകളെ അവൻ പല രീതിയിലായിരിക്കും ആക്രമിക്കുക എന്നതാണ്. പിശാചിന്റെ "കണിയിൽ" വീഴാതിരിക്കുവാൻ പൗലൊസ് തിമൊഥെയൊസിന് മുന്നറിയിപ്പ് നൽകിയിരുന്നു (1 തിമൊ. 3:7; 2 തിമൊ. 2:26)

തിന്മയുടെ ശക്തിയെ "ക്രിസ്തു പരാജയപ്പെടുത്തിയതാണെങ്കിലും, ഇപ്പോഴും വിശ്വാസികളുടെ ജീവിതത്തിൽ കടന്നു സുവിശേഷത്തിന്റെ ഉയർച്ച തടസപ്പെടുത്തുവാനാണ് അന്തിമമായി ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നാണ് പൗലൊസ് കണ്ടത്."[27] മറ്റൊരു വാക്കിൽ പറഞ്ഞാൽ, താൻ പരാജിതനാണെന്ന് പിശാചിന് അറിയാമെങ്കിലും, എത്രത്തോളം ആത്മാക്കളെ വീഴ്ത്താമെന്നാണ് അവന്റെ ആലോചന. തിരിച്ചറിവിന്റെ പ്രായത്തിലെത്തുന്ന ഓരോ വ്യക്തിയെയും അവൻ തന്റെ ദുഷ്ടതയിലാക്കുന്നു (2:1-3); എന്നാൽ ക്രിസ്ത്യാനികൾ ക്രിസ്തുമൂലമുള്ള ദൈവത്തിന്റെ പ്രവൃത്തിയെ സ്വീകരിച്ചതിനാൽ അതിൽനിന്നു സ്വതന്ത്രരായി (2:4-22). ക്രിസ്തീയ പടയാളികളായി, നാം വിജയിക്കുവാനാണ്, ശക്തിയുള്ള ശത്രുവിനെതിരായി ഉറെച്ചു നിന്നു പോരാടുന്നത്.

"പോരാട്ടം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*പെയിൽ*), സാധാരണ "*ഗുസ്തി* പോലെയുള്ള ഒരു പോരാട്ടം" എന്നാണ് സൂചിപ്പിക്കുന്നത്.[28] അതാണ് പൗലൊസ് ഉദ്ദേശിച്ചതെങ്കിൽ അവൻ പടയാളികൾ എന്ന വാക്ക് മാറ്റി ഗുസ്തിക്കാരൻ എന്നാക്കുമായിരുന്നു; എങ്ങനെയായാലും, പുരാതനകാലത്ത് "ഏതൊരു മൽസരത്തിനും യുദ്ധത്തിനും"[29] ആ വാക്ക് ഉപയോഗിച്ചിരുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ ശത്രുവിനോട് അടുത്ത് നേരിട്ടായിരുന്നു പോരാടുന്നതെങ്കിൽ പൗലൊസ് വേറെ വാക്ക് ഉപയോഗിക്കുമായിരുന്നു എന്നു കണക്കാക്കാം.

ഈ അദൃശ്യനായ എന്നാൽ യഥാർത്ഥ ശത്രു-"സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ ശക്തിയാണ്"-അവൻ ശക്തനുമാണ്.[30] അവന്റെ പ്രതലത്തെ "ഇരുട്ടിന്റെ അധികാരം" എന്നാണ് പറഞ്ഞിരിക്കുന്നത് (കൊലൊ. 1:13). ആത്മാക്കളെ വഞ്ചിച്ചു പിടിക്കുവാൻ, അവൻ വ്യാജശുശ്രൂഷക്കാരെയും, വഞ്ചിക്കുന്ന ഉപദേശങ്ങളെയും, ശരിയെന്ന് തോന്നിക്കുന്ന ആരാധനകളെയും

ഉപയോഗിക്കും.[31] “സാത്താന്റെ ആധിപത്യത്തിൽനിന്ന് ആളുകളെ ദൈവത്തിലേക്ക് തിരിക്കുക” എന്നതായിരുന്നു പൗലൊസിന്റെ ദൗത്യം (പ്രവൃ. 26:18). ക്രിസ്ത്യാനികൾക്ക് അവനെ നേരിട്ട് പരാജയപ്പെടുത്തുവാൻ ദൈവത്തിന്റെ സഹായം ആവശ്യമാണ്.

**വാക്യം 13. ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ.** “ധരിച്ചുകൊൾവിൻ” എന്ന ക്രിയാരൂപം വ്യക്തമാക്കുന്നത്, കൽപന ഒരിക്കൽ എന്നേക്കുമായി അനുസരിക്കണം എന്നാണ്. ക്രിസ്തീയ പോരാളികൾ “ദൈവത്തിന്റെ സർവ്വായുധവർഗം” തുടർച്ചയായി ധരിക്കണം.

അടുത്തതായി അവൻ പറഞ്ഞു, **ദുർദ്ദിവസത്തിൽ എതിർപ്പാനും.** “ദുർദ്ദിവസം” എന്നത് പൊട്ടിപ്പുറപ്പെടുവാനിരിക്കുന്ന ദുഷ്ടത ആയിരിക്കാം. കർത്താവ് വീണ്ടും വരുന്നതിനു മുൻപ് വലിയ ദുഷ്ടത പെരുകുന്ന സമയം വരുമെന്നാണ് ചിലർ വിശ്വസിക്കുന്നത്. ഒരുപക്ഷെ അത് ശരിയായിരിക്കാം. എന്നാൽ 5:16-ൽ പൗലൊസ് പറഞ്ഞ ദുർദ്ദിവസം എഫെസ്യർ ജീവിച്ചിരുന്ന സമയത്തു സംഭവിക്കുന്ന ഒന്നായിരുന്നു. ആകയാൽ വർത്തമാന കാലത്തിലും ഭാവിയിലും അവരുടെ ജീവിതത്തിൽ ദുർദ്ദിവസം വരുമെന്നതിനാൽ, അതിനെ അതിജീവിക്കുവാനാണ് ദൈവത്തിന്റെ സർവ്വായുധവർഗം ധരിക്കുവാൻ പറഞ്ഞത്.

“ചെറുക്കുക” എന്നത് തർജിമ ചെയ്തിരിക്കുന്നത് *ആന്തിസ്ടെമി,* അർത്ഥം, “സ്വയം ചെറുത്തു നില്ക്കുക ... തടുക്കുക, എതിരിടുക.”[32] വാക്യത്തിന്റെ അവസാന ഭാഗം പറയുന്നതുപോലെ, യുദ്ധത്തിൽ അവർ വിജയിക്കണമെന്നതാണ് ആശയം. **സകലവും സമാപിച്ചിട്ട്** എന്നതിന്റെ അർത്ഥം “ചെയ്യുക, കൈവരിക്കുക, നേടുക, ഫലമുളവാക്കുന്ന ചിലത് ചെയ്യുക, അന്തിമമായി അവസാനിപ്പിക്കൽ നടത്തുക.”[33] ക്രിസ്ത്യാനികൾ ദൈവത്തിന്റെ ആയുധമാണ് ധരിക്കേണ്ടത്, അങ്ങനെ ദൈവം നൽകിയ ആയുധം ധരിച്ച് **ഉറച്ചു നിന്ന് സകല പോരാട്ടവും** കഴിച്ചാൽ, വിജയം കൈവരിക്കാം.

**വാക്യം 14.** വീണ്ടും **ഉറെച്ചു നിൽപാനാണ്** പൗലൊസ് പറയുന്നത് (6:11, 13). തന്റെ മറ്റു എഴുത്തുകളിലും അവൻ ആ പ്രയോഗം നടത്തിയിട്ടുണ്ട്. കൊരിന്ത്യയിലുള്ള സഭ സുവിശേഷത്തിൽ നിലനിന്നു എന്നു പറഞ്ഞ്, സഹോദരന്മാരെ “വിശ്വാസത്തിൽ നിൽക്കുവാൻ” അപേക്ഷിക്കയും ചെയ്തു (1 കൊ. 15:1; 16:13). റോമർക്ക് ലേഖനം എഴുതുമ്പോൾ, “നാം നിൽക്കുന്ന കൃപയെ” കുറിച്ച് അവൻ പറഞ്ഞു. “വിശ്വാസത്താൽ നീ നിൽക്കുന്നു” എന്ന് അവരോട് പറഞ്ഞു (5:2; 11:20). ഫിലിപ്പിയരോട് അപ്പൊസ്തലൻ പറഞ്ഞത് അവർ “ഏകമനസോടെ നിൽക്കുന്നു” എന്നാണ് (ഫിലി. 1:27; 4:1). കൊലൊസ്യർ “തികഞ്ഞവരും ദൈവഹിതം സംബന്ധിച്ച് ഒക്കെയും പൂർണ്ണ നിശ്ചയമുള്ളവരായി നിൽക്കേണ്ടതിന്ന്” പൗലൊസിന്റെ സ്നേഹിതൻ എപ്പഫ്രാസ് പ്രാർത്ഥിച്ചു (കൊലൊ. 4:12).[34] ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ച് പോരാടുകയാണെങ്കിൽ “ഉറച്ചു നിൽപാൻ” കഴിയുമെന്നാണ് പൗലൊസ് നമുക്ക് മുൻപിലുള്ള വേദഭാഗത്ത് കാണിച്ചു തന്നത്.

**സത്യം അരെക്കു കെട്ടിയും** എന്നത് എഫെസ്യരെ റോമൻ പടയാളി അരെക്ക് ധരിക്കുന്ന ആയുധത്തെയാണ് ഓർപ്പിക്കുന്നത്. എഫെസ്യ ലേഖനം എഴുതുമ്പോൾ പൗലൊസ് വീട്ടുതടവിൽ ആയിരുന്നതിനാൽ, അവൻ ഓരോ ദിവസവും പടയാളികളെ കണ്ടിരുന്നു. അതായിരിക്കാം ക്രിസ്ത്യാനികൾക്ക് ആത്മിയ പോരാട്ടത്തിനു ആയുധം ധരിക്കണമെന്ന ചിന്ത ഉണർന്നത്.

ആളുകളുടെ മനസിലേക്ക് ആത്മിയമായ ദുഷ്ട ശക്തികൾക്കെതിരെയുള്ള പോരാട്ടമാണ് കൊണ്ടുവന്നത്. കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ, ശരിയായ ചിന്തയുടെ പ്രാധാന്യത്തെ എടുത്തു കാണിച്ചിരിക്കുന്നു,

> ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും, ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ. അവയാൽ ഞങ്ങൾ സങ്കൽപങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി (2 കൊ. 10:3-5).

സാത്താൻ വിചാരിക്കുന്നതുപോലെ നാം വിചാരിക്കുവാൻ അവൻ നമ്മെ സ്വാധീനിച്ചാൽ, നാം പോരാട്ടത്തിൽ പരാജയമടയും. തന്ത്രശാലിയായ സാത്താൻ പല വിധത്തിൽ നമ്മുടെ ചിന്തയെ സ്വാധീനിക്കും എന്ന കാര്യം നാം മറക്കരുത്. അതുകൊണ്ടാണ് പത്രൊസ് "നിങ്ങളുടെ മനസ് ഉറപ്പിച്ചുകൊൾവിൻ"[35] എന്നു പറഞ്ഞത് (1 പത്രൊ. 1:13).

"അര" (*ഓസ്ഫൺ*) എന്നു പറയുന്നത് അരക്കെട്ടാണ്. തോളിനും തുടക്കും ഇടക്കുള്ള ഭാഗമാണ്. "കെട്ടുക" (*പെരിസോന്നുമി*) അർത്ഥം "വാറുകൊണ്ടോ ബെൽറ്റുകൊണ്ടോ വസ്ത്രം മുറുക്കുക"[36] എന്നാണ്. തിന്മക്കെതിരെ ക്രിസ്ത്യാനി ദൈവസഹായത്തോടുകൂടി ശരിയായി നിൽക്കുന്നതിനു മുൻപ് ചെയ്യേണ്ട ഒരു പ്രവൃത്തിയായിരുന്നു ബെൽറ്റ് ധരിക്കൽ. ഒരുക്കത്തിന് പ്രാപ്തനാക്കുന്ന ഒന്നായിരുന്നു അരെക്കു കെട്ടൽ (ലൂക്കൊ. 12:35, 37).

മറ്റു ആയുധങ്ങളോടുകൂടെ പോരാളി പ്രവർത്തിക്കുവാൻ ഒരുങ്ങുമ്പോൾ "സത്യം" അരെക്കു കെട്ടിയിരിക്കണം. വസ്തുനിഷ്ഠമായ അർത്ഥത്തിൽ "സത്യം" ദൈവത്തിന്റെ വചനമാണ് (യോഹ. 17:17). എഫെസ്യ ലേഖനത്തിൽ അത് സുവിശേഷമാണ് (4:21 നോക്കുക). "സത്യം" ആണ് ആളുകളെ സ്വതന്ത്രരാക്കുന്നത് (യോഹ. 8:32). അത് കേൾക്കുകയും, സ്നേഹിക്കയും, വിശ്വസിക്കയും, പ്രതിരോധിക്കയും, അനുസരിക്കയും വേണം.[37] സത്യമില്ലെങ്കിൽ ക്രിസ്തീയ പോരാളി യുദ്ധത്തിനു പോകുന്നത് ഒരുക്കമില്ലാതെയായിരിക്കും.

ദൈവത്തിന്റെ ആയുധത്തെ സംബന്ധിച്ച്, പൗലൊസ് യെശയ്യാവ് 11:5 ഉദ്ധരിച്ചിരിക്കുന്നു, അവിടെ മശിഹയുടെ "സത്യം" എന്നു പറഞ്ഞിരിക്കുന്നത് നീതിയുടേയും വിശ്വസ്തതയുടേയും ബെൽറ്റായിട്ടാണ്.[38] വാക്യങ്ങൾ 14 മുതൽ 17 വരെയുള്ള ഭാഗത്ത് പറഞ്ഞിരിക്കുന്ന പല ഭാവനകളും പഴയനിയമത്തിലേതാണ്. അതുകൊണ്ട്, എൻഏഎസ്ബിയിൽ ചില വാക്കുകൾ വലിയ അക്ഷരത്തിൽ കാണാം.

ബെൽറ്റ് പ്രതിനിധീകരിക്കുന്നത് "വ്യക്തിപരമായ *കളങ്കമില്ലായ്മ, ആത്മാർത്ഥത, സത്യസന്ധത* ... അത് ദൈവത്തിന്റെ സത്യാവസ്ഥക്ക് ഉപയോഗിച്ചിരിക്കുന്നതുപോലെയാണ് (റോമർ 15:8)."[39]

> ... ആ *തുറന്ന മനോഭാവം, സത്യസന്ധത, യാഥാർത്ഥ്യം,* വഞ്ചനയില്ലാത്ത മനോഭാവം, ദൈവത്തോടുള്ള ബന്ധത്തിൽ യാതൊരു കാപട്യശ്രമവുമില്ലാതെയിരിക്കുന്നത് തീർച്ചയായും ക്രിസ്ത്യാനിക്ക് ഭദ്രത

നൽകുകയും, മറ്റെല്ലാ സ്വഭാവവിശേഷതകളും പ്രായോഗികമാക്കുവാൻ അനിവാര്യവുമാണ്.[40]

പോരാളിയായ ക്രിസ്ത്യാനി വ്യക്തിപരമായ ഭക്തിയോടും വിശ്വസ്തതയോടുംകൂടെ ദൈവത്തിന്റെ വചനമാകുന്ന സത്യം അരക്ക് കെട്ടിയിരിക്കണം.

**നീതി എന്ന കവചം ധരിച്ചും** എന്നത് പടയാളിയുടെ ഹൃദയത്തേയും മറ്റു പ്രധാനപ്പെട്ട അവയവങ്ങളെയും സംരക്ഷിക്കുന്ന ആയുധമാണെന്ന് എഫെസ്യരെ ഓർപ്പിക്കുകയാണ് ചെയ്യുന്നത്. ക്രിസ്ത്യാനിയുടെ ഹൃദയസംരക്ഷണമാണ് "നീതി." യെശയ്യാവ് മശിഹയെ കുറിച്ച് പറഞ്ഞപ്പോൾ പടയാളിയുടെ ബെൽറ്റിനെ എടുത്തു കാണിച്ചത് പൗലൊസ് പറഞ്ഞിരുന്നു, ഇവിടെ കർത്താവിനെ യെശയ്യാവ് വിവരിച്ചത് "കവചം പോലെ നീതി ധരിക്കും" എന്ന ഭാവനയാണ് ഉപയോഗിച്ചിരിക്കുന്നത് (യെശ. 59:17). മശിഹയുടെ "വിശ്വസ്തത" പോലെ തന്നെയാണ് അവന്റെ "നീതിയും" എന്നാണ് ഈ സമാന്തര വിവരണം വ്യക്തമാക്കുന്നത്. ദൈവത്തിന്റേയും മശിഹയുടേയും "നീതി" യെശയ്യാവിൽ അർത്ഥമാക്കുന്നത് ധാർമ്മികമായ അർത്ഥത്തിൽ "ന്യായം" എന്നാണ്.[41]

ക്രിസ്തുമൂലം ദൈവത്തോടുള്ള ബന്ധത്തിനാണ് പുതിയ നിയമത്തിൽ "നീതി" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. "നിങ്ങൾ പാപത്തിന്നു ദാസന്മാരായിരുന്നപ്പോൾ, നീതിയെ സംബന്ധിച്ച് സ്വതന്ത്രരായിരുന്നു" (റോമർ 6:20). അങ്ങനെ പൗലൊസ് എഴുതിയതിന്റെ അർത്ഥം, പാപിക്ക് ദൈവവുമായി ബന്ധപ്പെടുവാൻ സാധ്യമല്ല, കാരണം പാപിയുടെ പാപമാണ് അവനെ ദൈവത്തിൽനിന്നും അകറ്റുന്നത് (യെശ. 59:1, 2 നോക്കുക). "ക്രിസ്തു ആണ് നമ്മുടെ നീതി" (1 കൊ. 1:30) "നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്ന്, പാപമെന്തെന്നറിയാത്തവനെ നമുക്കു വേണ്ടി പാപം ആക്കി" (2 കൊ. 5:21). ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, ആളുകൾ ക്രിസ്തുവിനെ ധരിക്കുകയും (ഗലാ. 3:27), നീതിക്കു ദാസന്മാരായി തീരുകയും ചെയ്യുന്നു (റോമർ 6:18). ഈ "നീതിയാണ്" സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതും, അനുസരണമുള്ള വിശ്വാസത്താൽ സ്വീകരിക്കേണ്ടതും (റോമർ 1:5, 16, 17). അനുസരണമുള്ള വിശ്വാസത്താലായിരുന്നു അബ്രഹാമിനെ ദൈവം നീതിമാനായി എണ്ണിയത് (റോമർ 4:22). വിശ്വാസത്താലും അനുസരണത്താലും ഏതൊരു വ്യക്തി ക്രിസ്തുവിനോട് പ്രതികരിക്കുന്നുവോ, അയാളെ നീതിമാനായി എണ്ണുന്നു (റോമർ 4:23, 24). "നീതി" എന്നാൽ ദൈവവുമായി ശരിയായ ബന്ധത്തിൽ ആകുക എന്നർത്ഥം.

"നീതി എന്ന കവചം" ലഭിക്കുന്നത് പാപം ക്ഷമിച്ചു കിട്ടി ദൈവവുമായി നിരപ്പിലായവർക്കാണ്. അതുകൊണ്ട്, പൗലൊസ് പറഞ്ഞ "നീതി" ക്രിസ്തീയ ആയുധത്തിന്റെ ഭാഗമാണ്, ദൈവത്തിന്റേയും മശിഹയുടേയും "നീതി" അഥവാ ന്യായത്തിലുള്ള വിശ്വസ്തത ഓർപ്പിക്കുന്നതുമാണ്. ശരിയായ ഗുണം അല്ലെങ്കിൽ, നീതി പരിശീലിക്കൽ ക്രിസ്തീയ പടയാളിയുടെ പ്രാധാനപ്പെട്ട ആയുധമാണ്.

**വാക്യം 15.** അടുത്തതായി പൗലൊസ് പറഞ്ഞു, **സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കുവിൻ**. ആ പ്രസ്താവന യെശയ്യാവ് 52:7 പ്രതിഫലിപ്പിക്കുന്നതാണ്, അവിടെ പറയുന്നത്, "സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും ചെയ്വിൻ" എന്നാണ്. സുവിശേഷം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചാണ് പ

ൗലൊസ് ഇത് റോമർക്ക് ലേഖനം എഴുതിയപ്പോൾ പറഞ്ഞത്. "സന്തോഷവും സമാധാനവും പകരുന്ന സുവിശേഷം അറിയിക്കുന്നവരുടെ കാൽ മനോഹരമാണ്." സുവിശേഷം അറിയിക്കുന്നതുമായുള്ള ബന്ധത്തിൽ റോമർക്ക് എഴുതിയപ്പോൾ പൗലൊസ് പറഞ്ഞതാണ് അത് (റോമർ 10:15). എങ്ങനെയായാലും, ഈ സന്ദർഭത്തിൽ സുവിശേഷം അറിയിക്കുന്ന കാര്യമല്ല, മറിച്ച് ഒരുക്കമായിട്ടാണ് പറഞ്ഞിരിക്കുന്നത്.

ഒരു പടയാളി യുദ്ധത്തിൽ ജയിക്കണമെങ്കിൽ, അവന് ശരിയായ ചെരിപ്പ് ആവശ്യമാണ്. "ചെരിപ്പ്" തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് *ഹുപോഡെയോ* ആണ്, അക്ഷരികമായ അർത്ഥം, "അടിയിൽ കെട്ടുക, പാദത്തിൽ ചെരിപ്പിട്ട് മുറുക്കുക, അതിനാൽ, ചെരിപ്പ് ധരിക്കുക."[42] റോമൻ പടയാളികൾ തങ്ങളുടെ ചെരിപ്പ് തോൽകൊണ്ട് പാദങ്ങളുമായി ചേർത്ത് കെട്ടുമായിരുന്നു. "കൂർത്ത മുനയുള്ള ആണികളോടുകൂടിയ ചെരിപ്പാണ് ഓരോ പടയാളിയും കാലിൽ അണിഞ്ഞിരുന്നത്" എന്ന് ജോസെഫസ് പറഞ്ഞിരിക്കുന്നു.[43] കാലിൽ ഉറച്ചു നിന്നു യുദ്ധം ചെയ്യുവാൻ ആ ആണികൾ സഹായിച്ചിരുന്നു.

കാലിൽ ഉറച്ചു നിൽക്കുന്നതിനായിരുന്നില്ല പൗലൊസ് ഊന്നി പറഞ്ഞത് (ആശയം 11 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞു കഴിഞ്ഞു), ഇവിടെ "ഒരുക്കത്തെ" ആണ് പറയുന്നത്. അവൻ ഉപയോഗിച്ച വാക്ക് *ഹെറ്റോയിമാസിയ* ആണ്, ആ ഗ്രീക്ക് നാമത്തിന്റെ അർത്ഥം, "ഒരുക്കം, തയ്യാറെടുപ്പ്."[44] ക്രിസ്തീയ പോരാട്ടത്തിൽ ആവശ്യമായ "ഒരുക്കം" "സമാധാന സുവിശേഷത്തിൽ" നിന്നാണ് വരുന്നത്. ലേഖനത്തിൽ മുൻപ്, ക്രിസ്തുവാണ് "നമ്മുടെ സമാധാനം" എന്നു കാണിച്ചിരിക്കുന്നു (2:14). അവൻ ജാതികൾക്കും യെഹൂദന്മാർക്കും തമ്മിൽ സാധാനം സ്ഥാപിക്കുകയും, യെഹൂദന്മാരേയും ജാതികളേയും ദൈവത്തോട് നിരപ്പിക്കുകയും ചെയ്തു (2:15, 16). അവൻ ക്രൂശിൽ രക്തം ചിന്തി എല്ലാവരോടും സമാധാനം സുവിശേഷിക്കയും ചെയ്തു (2:17). സുവിശേഷം സമാധാന സന്ദേശമാണ്. ക്രിസ്തീയ പടയാളി സാത്താന്റെ ഓരോ കടന്നാക്രമണത്തെയും പ്രതിരോധിക്കണം കാരണം അങ്ങനെ ഒരുക്കുന്നത് "സമാധാന സുവിശേഷമാണ്." ദൈവത്തോടും സഹക്രിസ്ത്യാനികളോടും സമാധാനമായിരുന്നു ക്രിസ്തുവിന്റെ പടയാളികൾ ശത്രുവിനെ ധൈര്യത്തോടെ നേരിടണം.

**വാക്യം 16. ഇതിനെല്ലാം പുറമെ**, എന്നത് അക്ഷരികമായി "എല്ലാറ്റിലും" എന്നാണ്. ആ പ്രയോഗത്തിന് "എല്ലാ സാഹചര്യത്തിലും" എന്നും അർത്ഥം ഉണ്ട്; ക്രിസ്ത്യാനിക്ക് പോരാടുവാൻ പല ആയുധങ്ങൾ ഉള്ളതിനാൽ, അതിന്റെ ശരിയായ അർത്ഥം, "[ശേഷമുള്ള ആയുധങ്ങൾക്കെല്ലാം] പുറമെ," എന്നു പറയുന്നതായിരിക്കാം കൂടുതൽ ശരി.

**വിശ്വാസം എന്ന പരിച എടുത്തുംകൊണ്ട്** എന്നാണ് പറഞ്ഞിരിക്കുന്നത്. "പരിച" (*തുരെയോസ്*) "വലിയ, നീണ്ട, ദീർഘചതുരാകൃതിയിൽ, നാലുക്ക് രണ്ടര അടിയുള്ള കാലാൾപടയുടെ പരിചയാണ്, ചിലപ്പോൾ അത് ഉള്ളിൽ വളഞ്ഞുമിരിക്കും."[45] പടയാളിയുടെ ശരീരത്തെ മൊത്തത്തിൽ സംരക്ഷിക്കുന്നതാണ് അത്തരം പരിച. ക്രിസ്ത്യാനിയുടെ പരിച "വിശ്വാസം" ആണ്, ആ ആശയം എഫെസ്യ ലേഖനത്തിൽ ഉടനീളം കാണാം (1:13, 15; 2:8; 3:12, 17; 4:5, 13; 6:23). സുവിശേഷ സത്യത്തിലുള്ള തീർച്ചയാണ് വാസ്തവത്തിലുള്ള വിശ്വാസം. ആശ്രയം, ദൈവ വാഗ്ദാനശക്തിയിലും, അനുസരണം ക്രിസ്തുവിന്റെ കൽപനകളിലും ആയിരിക്കണം. ഇത്തരത്തിലുള്ള വിശ്വാസ നിലവാരമാണ്

ഒരു ക്രിസ്ത്യാനിയെ, “സാത്താന്റെ ഉപായത്താലും തന്ത്രത്താലും ദുഷ്ടത കടത്തി വിടുന്നതിനെ ചെറുത്തുതോൽപിക്കുവാൻ പ്രാപ്തരാക്കുന്നത്.”[46]

**ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ** ക്രിസ്ത്യാനി “വിശ്വാസം എന്ന പരിച” ആണ് ഉപയോഗിക്കേണ്ടത്. “തീയമ്പുകൾ” എന്നു പറയുന്നത് “കീലോടുകൂടിയ അമ്പുകൾ, അല്ലെങ്കിൽ കീൽ പുരട്ടിയ മറ്റെന്തെങ്കിലും വസ്തു, എയ്യുന്നതിനുമുൻപ് തീ കൊളുത്തി വിടുന്നത്.”[47] പടയാളിയുടെ പരിച, തടിയുപയോഗിച്ചു ഉണ്ടാക്കിയതും, ചിലപ്പോൾ വെള്ളത്തിൽ കുതിർത്ത തോൽ കൊണ്ട് മൂടിയതുമാണ്,[48] അത് ശത്രുവിന്റെ “തീയമ്പുകളെ” കെടുക്കുവാൻ കഴിയുന്നതുമായിരിക്കും. ദുരുപദേശം, ഉപദ്രവം, പരീക്ഷണം, ഉൽക്കണ്ഠ, ഭയം എന്നിവ അടക്കമുള്ള എല്ലാ വിധ ദോഷത്തെയും “വിശ്വാസം എന്ന പരിചയാൽ” ക്രിസ്ത്യാനിക്ക് നേരെ വരുന്ന “തീയമ്പുകളെ ഒക്കെയും” നേരിടുവാൻ കഴിയും.

“ദുഷ്ടൻ ആയവൻ” എന്ന പ്രയോഗത്തിലെ “ആയവൻ” എന്നത് ഗ്രീക്കിൽ ഇല്ല. സാത്താൻ അല്ലെങ്കിൽ പിശാചിനെ എടുത്തു കാണിക്കുവാൻ തർജിമക്കാർ ചേർത്തതാണ്, അവനാണ് സകല ദുഷ്ടതയുടേയും കാരണഭൂതൻ (എഫെ. 6:12 ഉം മത്താ. 6:13 ഉം താരതമ്യം ചെയ്യുക). സാത്താൻ ശക്തവും നിരന്തരവുമായ ആക്രമണം ക്രിസ്ത്യാനികൾക്ക് നേരെ തൊടുത്തുവിടും, എന്നാൽ “വിശ്വാസം” എന്ന പരിച അതിനെ ജയിക്കുവാൻ സഹായിക്കും. യോഹന്നാൻ പറഞ്ഞു, “ലോകത്തെ ജയിച്ച ജയമോ-നമ്മുടെ വിശ്വാസം തന്നെ” (1 യോഹ. 5:4).

പൗലൊസ് ഊന്നൽ കൊടുത്തത് മറ്റു കാലങ്ങളിലെ ദൈവജനത്തിന്റെ വിശ്വാസത്തിനായിരുന്നു, അത് എബ്രായർ 11:33, 34-ൽ വിവരിച്ചതുപോലെയായിരുന്നു:

> വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കെടുത്തു, വാളിന്റെ വായ്ക്ക് തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീർന്നു, അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു.

വർത്തമാന കാലത്തിൽ, അതേ രീതിയിൽ വിജയിക്കുവാൻ കഴിയും, വിജയിക്കുകയും ചെയ്യും.

**വാക്യം 17.** ക്രിസ്ത്യാനി ധരിക്കേണ്ട അടുത്ത **ആയുധമാണ് രക്ഷ എന്ന ശിരസ്ത്രം**. വീണ്ടും ഈ വാക്കുകളും ഉദ്ധരിച്ചിരിക്കുന്നത് യെശയ്യാവ് 59:17 ആണ്. ശത്രുവിന്റെ അടിയിൽനിന്നു തലയെ രക്ഷിക്കുവാനുള്ളതാണ് പടയാളിയുടെ ഹെൽമെറ്റ്. ഏറ്റവും നന്നായി, അത് അപരിഷ്കൃതമായതാകുവാൻ സാധ്യതയുണ്ട്; ഏറ്റവും മോശമായി, അത് അനർത്ഥസൂചകവുമായേക്കാം. സംശയത്തിന്റെയും നിരാശയുടേയും അടികളിൽനിന്നു ക്രിസ്ത്യാനിയുടെ മനസിനെ സംരക്ഷിക്കേണ്ടതാണ്, ശത്രു അവനെ തെറ്റിദ്ധരിപ്പിക്കയോ, ആത്മിയ മരണത്തിലേക്ക് നയിക്കുകയോ ചെയ്തേക്കാം. “എടുക്കുക” (*ഡെക്കോമായി*) കൽപന അനുസരിക്കുവാനുള്ള ക്ഷണത്തെയാണ് കാണിക്കുന്നത്. അത് “ഓരോ നിമിഷവും ആരംഭിക്കേണ്ടതാണ്.”[49] മദ്ധ്യശബ്ദം “കർമ്മം പ്രായോഗികമാക്കി ചില രീതിയിൽ തന്നെത്തന്നെ പറഞ്ഞിരിക്കയാണ്.”[50] മറ്റൊരു വാക്കിൽ പറഞ്ഞാൽ, മറ്റൊരാളാൽ നൽകുന്നതെടുത്ത് ക്രിസ്ത്യാനി

തനിക്ക് തന്നെ സംരക്ഷണം വരുത്തണം. നൽകുന്നതു രക്ഷയാണ്, അത് ദൈവം തന്റെ കൃപയാലാണ് തരുമെന്ന് പറഞ്ഞിരിക്കുന്നത്.

അതുകൊണ്ട്, എഫെസ്യർക്ക് വർത്തമാനകാലത്തിൽ ലഭിക്കുന്നതായിരുന്നു "രക്ഷ." ദൈവം മുന്നിട്ടിറങ്ങിയപ്പോൾ, ക്രിസ്തുവിന്റെ മരണത്താലും, എഫെസ്യർ അത് സ്വീകരിച്ചതിനാലും, *ഭൂതകാലത്ത്* ആ രക്ഷ ലഭിച്ചു (2:1–22). അവർ *ഇപ്പോൾ* അത് തുടരുന്നു, കാരണം അവർ ഓരോ നിമിഷവും "വിശുദ്ധന്മാരും" (1:1), ക്രിസ്തുയേശുവിൽ "വിശ്വസ്തരും" ആയിതീരുന്നു (2:13), കൂടാതെ വിശുദ്ധന്മാരോട് "സഹപൗരത്വമുള്ളവരും, ദൈവത്തിന്റെ ഭവനക്കാരും [ആയിരുന്നു]" (2:19). ഈ രക്ഷ *ഭാവിയെ* കൂടെ അന്തർലീനമാക്കിയതാണ്. തെസലൊനിക്യയിലുള്ളവരോട് പൗലൊസ് പറഞ്ഞു, "ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊൾവിൻ" (1 തെസ്സ. 5:8). അവസാന രക്ഷ സ്വർഗത്തിൽ ഭാവിയിൽ, സംഭവിക്കുവാനിരിക്കുന്നതാണ്, അതാണ് ക്രിസ്ത്യാനിയുടെ ഭാവി പ്രത്യാശ.

തെറ്റായ ചിന്തയാൽ, നഷ്ടപ്പെടുത്താതെ എഫെസ്യർക്ക് ദൈവത്തിൽനിന്ന് ലഭിച്ചതായ ഭൂതകാലത്തിലെയും, വർത്തമാനകാലത്തിലെയും, ഭാവിയിലെയും രക്ഷ അവർ സൂക്ഷിക്കണമായിരുന്നു. കഴിഞ്ഞകാലത്ത് രക്ഷിക്കപ്പെട്ടുവെന്നും, ആ രക്ഷ വർത്തമാനകാലത്തിൽ തുടരുന്നു എന്നും, ഭാവിയിൽ സ്വർഗത്തിൽ ലഭിക്കുമെന്നുമുള്ള പ്രത്യാശ അവരിൽ ഉണ്ടായിരുന്നു. ക്രിസ്ത്യാനി ആത്മിയ പോരാട്ടത്തിൽ ഏർപ്പെടുമ്പോൾ, അത് ഉറപ്പിക്കുന്നതിനായിരുന്നു രക്ഷാ ശിരസ്ത്രം നൽകിയിരിക്കുന്നത്.

ക്രിസ്ത്യാനി ശരിയായി പോരാടേണ്ട ആയുധമാണ് **ആത്മാവിന്റെ വാളായ ദൈവത്തിന്റെ വചനം.** "വാൾ" തർജിമ ചെയ്തിരിക്കുന്ന വാക്ക് ആണ് *മക്കായിരാ*, അത് റോമാ പടയാളികൾ ഉപയോഗിച്ചിരിക്കുന്ന ചെറിയ മൂർച്ചയുള്ള വാളിനെയാണ് സൂചിപ്പിക്കുന്നത്, അത് "നീണ്ട വീതിയുള്ള വാളിൽനിന്നു വ്യത്യസ്തമാണ്."[51] ശത്രുവിന്റെ അടിയെ തടുത്ത് പെട്ടെന്ന് കുത്തി തുളക്കുവാൻ പറ്റിയതായിരുന്നു ചെറിയ വാൾ. ക്രിസ്ത്യാനി തന്റെ പ്രദേശത്ത് പ്രതിരോധിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ നാമത്തിൽ "ദൈവവചനമായ ആത്മാവിന്റെ വാൾ" ഉപയോഗിച്ച് മുന്നേറണം.

"ദൈവത്തിന്റെ വചനത്തെയാണ്" "ആത്മാവിന്റെ വാൾ" ആയി പറഞ്ഞിരിക്കുന്നത്. കാരണം ആത്മാവാണ് വചനം തന്നിരിക്കുന്നത് (3:1–10; യോഹ. 16:13). ആത്മാവ് വചനത്തിന് ശക്തിയും, ഊർജ്ജവും, ജീവനും നൽകിയിരിക്കുന്നു (2 കൊ. 3:6; 1 തെസ്സ. 1:5; എബ്രാ. 4:12). "വചനം" എന്നതിന് പൗലൊസ് ഉപയോഗിച്ച വാക്ക് *രേമാ* എന്നാണ്, അർത്ഥം, "സംസാരിച്ച വാക്കുകൾ,"[52] 'ദൈവത്തിന്റെ ശക്തിയായ' പ്രസംഗിച്ച സുവിശേഷത്തെയാണ് സൂചിപ്പിക്കുന്നത് [റോമർ 1:16; 1 കൊ. 1:18], ശത്രുവിനോട് തിരിച്ചടിക്കുവാനായി ആത്മാവ് തന്നിരിക്കുന്ന "ആയുധമാണ്."[53]

സുവിശേഷം, "സത്യ സന്ദേശവും" (1:13), "സമാധാന സുവിശേഷവും" (6:15) ആണ്, ഈ സത്യം സകല തെറ്റുകളെയും വെളിപ്പെടുത്തുന്നതും, ദൈവത്തിന്റെ ശത്രുക്കളെ ഓടിക്കുന്നതുമാണ്. ഈ സത്യം ദൈവത്തോടും മറ്റുള്ളവരോടും, ക്രിസ്ത്യാനിയുടെ ഉള്ളിലും സമാധാനം നൽകുന്നതാണ് (2:13–18). ക്രിസ്തീയ പോരാളികൾ ലോകത്തിൽ പാപത്തിന് അടിമകളായവരെ ക്രിസ്തുവിന്റെ നാമത്തിൽ സ്വതന്ത്രരാക്കുവാൻ പ്രതിയോഗിയെ അതിജീവിച്ച് ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റും.

**അപേക്ഷ: "പ്രാർത്ഥിക്കുകയും ജാഗ്രതയുള്ളവരാകുകയും ചെയ്വിൻ" (6:18-20)**

**[18]സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ, [19]ഞാൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിന്നും [20]ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ.**

**വാക്യം 18.** ക്രിസ്തീയ ആയുധങ്ങളിൽ അവസാനത്തേതാണ് പ്രാർത്ഥന എന്നാണ് ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നത്, എന്നാൽ മറ്റുള്ളവർ വിശ്വസിക്കുന്നത്, പൗലൊസ് വാക്യം 17-ൽ രൂപകാലങ്കാരമായിട്ടാണ് പ്രാർത്ഥന നൽകിയിരിക്കുന്നത് എന്നാണ്. ഏത് കാഴ്ച്ചപ്പാട് സ്വീകരിച്ചാലും, പുരാതന പടയാളികൾ തങ്ങളെ പിന്താങ്ങുന്ന സംവിധാനത്തോട് തുറന്ന് ആശയവിനിമയം നടത്താതെ നിലനിൽപില്ല എന്ന കാര്യത്തിൽ എല്ലാവരും സമ്മതിക്കും. ക്രിസ്തീയ പോരാളിയെ സംബന്ധിച്ചും അത് വാസ്തവമാണ്. അവൻ ദൈവവുമായി തുറന്നു ആശയവിനിമയം നടത്തിയില്ലെങ്കിൽ, ആവശ്യമായ സഹായം ദൈവത്തിൽനിന്നു ലഭിച്ചില്ലെങ്കിൽ വിജയിക്കുവാൻ സാധ്യമല്ല.

"പ്രാർത്ഥനയിൽ," "ജാഗരിക്കുക" എന്ന ക്രിയാബന്ധം "ഉറച്ചുനിൽപിൻ" എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നത് പൗലൊസ് ക്രിസ്തീയ ആയുധങ്ങളെ പരിചയപ്പെടുത്തുമ്പോൾ തന്നെ പറഞ്ഞിരിക്കുന്നു. ക്രിസ്തീയ പോരാട്ടവിജയത്തിനു ദൈവത്തിന്റെ ആത്മിയ സഹായം അനിവാര്യമാണ്. ക്രിസ്ത്യാനികൾ "ദൈവത്തിന്റെ സർവ്വായുധവർഗം" (6:13) എടുക്കുമ്പോൾ, പ്രാർത്ഥന മൂലം ദൈവത്തിൽനിന്നു ലഭിക്കുന്ന ശക്തിയിൽ നാം ആശ്രയിക്കണം.

**പ്രാർത്ഥനക്ക്** പൗലൊസ് രണ്ട് വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്നാമത്തേത്, *പ്രോസെയുക്കേ*, എല്ലാ വിധത്തിലുമുള്ള പൊതുവായ "പ്രാർത്ഥനക്ക്" പറയുന്ന വാക്കാണ്, അതിൽ ദൈവത്തോടുള്ള ആശയവിനിമയവും, സ്തോത്രം ചൊല്ലലും, ആവശ്യങ്ങൾ അറിയിക്കുന്നതും ഉൾപ്പെടുന്നു. രണ്ടാമത്തേത്, *ഡീസിസ്,* അർത്ഥം **യാചന** എന്നാണ്, "പ്രത്യേക പ്രയോജനം ആവശ്യപ്പെടൽ."[54] **എല്ലായ്പോഴും** പ്രാർത്ഥിക്കേണ്ട ആവശ്യകതയെ തിരിച്ചറിയിക്കുന്ന വിധത്തിലാണ് പൗലൊസ് രണ്ട് വാക്കുകളും ഉപയോഗിച്ചിരിക്കുന്നത്.[55] ജീവിക്കുവാൻ ക്രിസ്ത്യാനിക്ക് ശക്തിയും ബലവും ലഭിക്കുവാനുള്ള മാർഗ്ഗമാണ് പ്രാർത്ഥന (1:15-23; 3:14-21).

ആത്മാവിൽ എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവാണ്. യൂദാ തന്റെ വായനക്കാരോട് പറയുമ്പോൾ, "പരിശുദ്ധാത്മാവിൽ പ്രാർത്ഥിപ്പിൻ" എന്നു പ്രത്യേകമായി പറഞ്ഞിരിക്കുന്നു (യൂദാ 20). എഫെസ്യ ലേഖനത്തിൽ ഉടനീളം പൗലൊസ് പരിശുദ്ധാത്മാവിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. അവർ പരിശുദ്ധാത്മാവിനൽ മുദ്രയിടപ്പെട്ടിരുന്നു, ആത്മാവിനാൽ അവർക്ക് ദൈവത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുന്നു, ആത്മാവ് ഉള്ളിൽ വസിച്ച്, ആത്മാവിനാൽ ശക്തിപ്പെടുത്തി, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതെ, ആത്മാവ്-നിറഞ്ഞവരായി തീർന്നിരുന്നു (1:13; 2:18, 22; 3:16; 4:30; 5:18). ലേഖനത്തിന്റെ അവസാനം, പ

ൗലൊസ് എഫെസ്യരോട്, “ആത്മാവിൽ ... പ്രാർത്ഥിപ്പാൻ” പറഞ്ഞിരിക്കുന്നു.

ക്രിസ്ത്യാനികളുടെ ആഴമേറിയ പ്രാർത്ഥനകളിൽ ആത്മാവ് ഉൾപ്പെട്ടിരുന്നു. ദൈവത്തിന്റെ ആത്മാവ് അവരുടെ ഉള്ളിൽ പ്രവേശിച്ചു “അബ്ബാ പിതാവേ!” എന്നു ഉച്ചരിപ്പാൻ പ്രാപ്തരാക്കി (റോമർ 8:15;ഗലാ. 4:6). ക്രിസ്ത്യാനികൾക്ക് അവരുടെ ബലഹീനത നിമിത്തം വേണ്ടുംപോലെ പ്രാർത്ഥിപ്പാൻ അറിയാത്തതിനാൽ ആത്മാവ് നമ്മെ പ്രാർത്ഥിപ്പാൻ സഹായിക്കുന്നു. ക്രിസ്ത്യാനികളുടെ അത്തരം പോരായ്മകളെ കുറിച്ച് റോമർ 8 വ്യക്തമാക്കുന്നു. പലപ്പോഴും നേരിടുന്ന കഷ്ടതകൾ നിമിത്തം വാക്കുകളിൽകൂടെ പ്രാർത്ഥിപ്പാൻ കഴിയാതെ വരുന്നു. “ദൈവമേ, ഞങ്ങളെ സഹായിക്കേണമേ!” എന്ന് ദൈവമക്കൾക്ക് മാത്രമേ പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളു. അത്തരം ഞരക്കങ്ങൾ ആഴത്തിലാകുമ്പോൾ, ആത്മാവ് നമുക്കു വേണ്ടി അപേക്ഷിക്കുന്നു, അതായത്, അവൻ ക്രിസ്ത്യാനിയുടെ ഭാഗത്ത് നിന്നു ദൈവത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നു. നാം സംസാരിക്കാത്തതും ആത്മാവ് അപേക്ഷിക്കുന്നതും ഒരു തെറ്റിദ്ധാരണക്കും വഴിയില്ലാത്തതാകുന്നു. “ആത്മാവിൽ” പ്രാർത്ഥിക്കുക എന്നാൽ, പ്രാർത്ഥനയെ കുറിച്ച് ആത്മാവിൽ വെളിപ്പെടുത്തിയിരിക്കുന്നത് മനസിലാക്കുകയും, പ്രാർത്ഥനക്കുള്ള ആത്മാവിന്റെ സഹായം തിരിച്ചറിഞ്ഞ് പരിശീലിക്കുകയും ചെയ്യുക എന്നതാണ്.

പൊതുവിൽ നിരന്തരമായി പ്രാർത്ഥിക്കുന്നതിനു പുറമെ, എഫെസ്യർ **സകല വിശുദ്ധന്മാർക്കു** വേണ്ടിയും **പ്രാർത്ഥനയിൽ ജാഗരിക്കുകയും ചെയ്യണം**. **യാചനയിൽ** (*ഡീസിസ്*) **സ്ഥിരത കാണിക്കുകയും** ചെയ്യേണ്ടിയിരുന്നു, അത് തർജിമ ചെയ്തിരിക്കുന്ന വാക്ക് *അഗ്രുപ്നെയോ* ഉം *പ്രോസ്കാർടെരേസിസും* ആണ്, അർത്ഥം, “ശ്രദ്ധിക്കുക, ജാഗ്രതയുള്ളവരാകുക, ഒരു കാര്യത്തിൽ സ്ഥിരമായി ശ്രദ്ധിക്കുക.”[56] ഈ കാര്യത്തിൽ, “സ്ഥിരമായി ശ്രദ്ധിക്കേണ്ടത്” വിശുദ്ധന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥനക്കാണ്.

**വാക്യം 19**. പൗലൊസ് പിന്നെ ഒരു വ്യക്തിപരമായ ആവശ്യം ഉന്നയിക്കുന്നു. എഫെസ്യർ തങ്ങൾക്കു വേണ്ടിയും സകല വിശുദ്ധന്മാർക്ക് വേണ്ടിയും, പിന്നെ അവനു വേണ്ടിയും **പ്രാർത്ഥിക്കുവാൻ** അവൻ ആവശ്യപ്പെട്ടിരിക്കുന്നു. [തനിക്ക്] **വേണ്ടി** അവർ പ്രാർത്ഥിക്കണമെന്ന് അവൻ ആഗ്രഹിച്ചു. ദൈവം അവർക്ക് സന്ദേശം നൽകേണ്ടതിനു മാത്രമല്ല, ആ സന്ദേശം **ധൈര്യത്തോടെ** സംസാരിക്കേണ്ടതിനും പ്രാർത്ഥിക്കുവാൻ അവൻ ആഗ്രഹിച്ചു. പൗലൊസ് ആഗ്രഹിച്ചതായി പറഞ്ഞ “ധൈര്യം” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *പരേസിയാ* ആണ്, “തുറന്ന മനോഭാവം, കരുതാത്ത, അല്ലെങ്കിൽ, തുറന്നു സംസാരിക്കൽ.”[57] “ലജ്ജിപ്പിക്കുക” എന്നതിന്റെ വിപരീതമാണ്, “ധൈര്യത്തോടെ”[58] എന്നത് (ഫിലി. 1:20 നോക്കുക). ദൈവത്തിന്റെ വചനം പ്രസ്താവിക്കുവാൻ എന്ന ബൈബിൾ പ്രയോഗമാണ് **വായ്** [തു]**റക്കൽ** (യെഹെ. 3:27; 33:22; ദാനി. 10:16).

**വാക്യം 20**. പൗലൊസ് **ചങ്ങലയിൽ** ആയിരുന്നു; അതായത്, അവൻ തടവുകാരനായിരുന്നു (3:1; 4:1; പ്രവൃ. 28:20; 2 തിമൊ. 1:16). അതേ സമയം അവൻ ഒരു **സ്ഥാനാപതി** ആണെന്നു പറഞ്ഞിരുന്നു (*പ്രേസ്ബെയുവോ*), അതേ വാക്ക് 2 കൊരിന്ത്യർ 5:20 ലും ഉപയോഗിച്ചിട്ടുണ്ട്. വിദേശത്ത് സ്വന്ത ദേശത്തെ ഗവൺമെന്റിനു വേണ്ടി പ്രതിനിധീകരിച്ച് ആധികാരിമായി സംസാരിക്കുക എന്നതാണ്. തന്റെ രാജ്യത്തിന്റെ ബഹുമതിയാണ് അയാൾ ആ ദേശത്ത് കാണിച്ചുകൊടുക്കേണ്ടത്. കൂടാതെ അയാൾ വീട്ടിൽനിന്നും

അകന്നായിരുന്നു കഴിഞ്ഞിരുന്നത്. മുകളിൽ പറഞ്ഞ എല്ലാ നിലയിലും, പുതിയനിയമ ലോകത്തിൽ ഒക്കെയും സ്വർഗത്തിന്റെ പ്രതിനിധിയായിരുന്നു പൗലൊസ്. തന്റെ പൗരത്വം മറ്റൊരു ലോകത്തിലാണെന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു (ഫിലി. 3:20, 21 നോക്കുക). ഈ ലോകത്തിൽ ക്രിസ്തുവിനെ പ്രതിനിധീകരിക്കുവാനായിരുന്നു അവനെ തിരഞ്ഞെടുത്തത് (പ്രവൃ. 26:15–18). ക്രിസ്തുവിന്റെ സ്ഥാനാപതിയായി, അവൻ ക്രിസ്തുവിന്റെ സകല അധികാരത്താലുമാണ് സംസാരിച്ചത് (1 കൊ. 14:37). ക്രിസ്തുവിന്റെ ബഹുമതി തന്റെ കൈകളിലായിരുന്നു (ഫിലി. 3:12–21). പൗലൊസ് "ചങ്ങല ധരിച്ച സ്ഥാനാപതി" ആയിരുന്നതിനെ കുറിച്ചു ലിങ്കൺ നിരീക്ഷിച്ചിരിക്കുന്നു,

> ചങ്ങലയിലുള്ള സ്ഥാനാപതി എന്നു പറയുന്നത് ഒരു ഓക്സിമോറോനെ നിയോഗിക്കുന്നതുപോലെയാണ്. സാധാരണ ഒരു സ്ഥാനാപതി നയതന്ത്ര പരമായ കടമയിൽനിന്നു ഒഴിവാക്കയും, അവനെ അയച്ചവൻ ഒരിക്കലും തടവിലാക്കുകയുമില്ല, എന്നാൽ തടവു ചങ്ങല ഇപ്പോൾ, സുവിശേഷം എടുത്തിരിക്കുന്നവർക്ക് ഒരു പദവി മുദ്രയായി തീർന്നിരിക്കുന്നു, കഷ്ടതയേൽക്കുന്ന അപ്പൊസ്തലന്റെ അടയാളമായി മാറിയിരിക്കുന്നു.[59]

എഫെസ്യ സഭ ജ്ഞാനത്തിൽ നടക്കണമായിരുന്നു (5:15–6:20). അത് ശ്രദ്ധയോടെ ജീവിച്ചും (5:15–21), ബന്ധങ്ങളെ മാനിച്ചും (5:22–6:9), കർത്താവിൽ ശക്തിപ്പെട്ടും ആണ് (6:10–20). കർത്താവിൽ ശക്തിപ്പെടുവാൻ "ദൈവത്തിന്റെ സർവ്വായുധവർഗം" ആവശ്യമാണ് (6:10–17), കൂടാതെ പ്രാർത്ഥനയിൽ ഉറ്റിരിക്കയും (6:18–20). ജ്ഞാനത്തിൽ നടക്കുവാനുള്ള നിർദ്ദേശത്തെ തുടർന്ന്, പൗലൊസ് തന്റെ ആശിർവാദം എഴുതുവാൻ തയ്യാറായി.

## കൂടുതൽ പഠനം:

### അടിമത്വം

ഗലാത്യർ 3:28 വ്യക്തമാക്കുന്നത്, ദാസന്മാർക്കും യജമാനന്മാർക്കും ദൈവത്തിലേക്ക് തുല്യ രീതിയിലുള്ള പ്രവേശനമാണുള്ളത് എന്നാണ്. അടിമകൾക്ക് ക്രിസ്തീയ സമൂഹത്തിൽ പ്രത്യേക സ്ഥാനം ഉള്ളതായി സൂചിപ്പിക്കുന്നു. ക്രിസ്തുവിൽ "ദാസനും സ്വതന്ത്രനും" ഇല്ല എന്നാണ് പൗലൊസ് പറഞ്ഞത്. ആ പ്രസ്താവനയായിരിക്കണം അവരെ വിമോചനത്തിനു പ്രേരിപ്പിച്ചത്, കാരണം "ദാസന്മാരായാലും സ്വതന്ത്രരായാലും ... നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റിരിക്കുന്നു" (1 കൊ. 12:13). ഗലാത്യർക്ക് ലേഖനമെഴുതുമ്പോൾ, പൗലൊസ് പറഞ്ഞു, "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ ... അടിമനുകത്തിൽ പിന്നെയും കുടുങ്ങി പോകരുത്" (ഗലാ. 5:1), അടിമകൾ തങ്ങളുടെ യജമാനന്മാരിൽനിന്നു സ്വതന്ത്രരായി എന്നാണ് വിചാരിച്ചത്. വിശ്വാസത്തിനധീനരായി തീർന്ന തങ്ങളുടെ അടിമകളെ വിട്ടയക്കണമെന്നാണ് ക്രിസ്തീയ യജമാനന്മാർ വിചാരിച്ചത്, വാസ്തവത്തിൽ ചിലർ വിട്ടയക്കുക തന്നെ ചെയ്തു.

ദാസന്മാരും യജമാനന്മാരും തമ്മിലുള്ള ബന്ധം ക്രിസ്തീയ സമൂഹത്തിൽ എങ്ങനെയായിരുന്നു എന്നതിനെ കുറിച്ചുള്ള ഒരു ഉൾക്കാഴ്ച്ച ബൈബിൾ വിദ്യാർത്ഥികൾക്ക് നൽകുന്നതാണ് 1 കൊരിന്ത്യർ 7:20–22:

ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ വസിച്ചുകൊള്ളട്ടെ.

നീ ദാസനായി വിളിക്കപ്പെട്ടുവോ? വ്യസനിക്കരുത്. സ്വതന്ത്രനാകുവാൻ കഴിയുമെങ്കിലും അതിൽ തന്നെ ഇരുന്നുകൊൾക. ദാസനായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രനാകുന്നു. അങ്ങനെ തന്നെ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസൻ ആകുന്നു.

ഈ വേദഭാഗത്ത് പൗലൊസ് പറഞ്ഞത് ക്രിസ്ത്യാനികളെല്ലാവരും-ദാസന്മാരടക്കം-ജീവിതത്തിലെ അവരുടെ സ്ഥാനങ്ങളിൽ തന്നെ കഴിയണം എന്നാണ്. അടിമകൾ, തങ്ങൾ അടിമകളാണല്ലൊ എന്ന് കരുതി വിഷമിക്കരുത്, കാരണം അവർ ക്രിസ്തുവിൽ സ്വതന്ത്രരാണ്. ചില ദാസന്മാരെ യജമാനന്മാർ സ്വതന്ത്രരാക്കി, എന്നാൽ ആ സ്വാതന്ത്ര്യം അവർ നന്മക്കായി ഉപയോഗിക്കണം. രണ്ട് സംഭവങ്ങളിലും, അവർ ദാസന്മാരായിരുന്നാലും, സ്വതന്ത്രരായിരുന്നാലും, ദാസന്മാർ തങ്ങളുടെ ക്രിസ്തീയ യജമാനന്മാരോടുകൂടെ കർത്താവിൽ സ്വതന്ത്രരായും, യജമാനന്മാർ ക്രിസ്തുവിൽ ദാസന്മാരുമായി ജീവിക്കണമായിരുന്നു.

യജമാനനും അവന്റെ ദാസനും ക്രിസ്ത്യാനികളായി തീർന്നപ്പോൾ, പ്രത്യേകമായ പ്രശ്നങ്ങൾ ഉയർന്നു. അത്തരം പ്രശ്നങ്ങളെ പൗലൊസ് ഫിലെമോന്നു ലേഖനമെഴുതുമ്പോൾ കൈകാര്യം ചെയ്തിരിക്കുന്നു. കൊലൊസ്യയിൽ ജീവിച്ച ധനികനായിരുന്നവനും അടിമയെ-അവകാശമാക്കിയവനുമായിരുന്നു ഫിലെമോൻ എന്നു തോന്നുന്നു. അവന്റെ അടിമയായിരുന്ന ഒനേസിമോസ്, തന്റെ ചില സാധനങ്ങൾ മോഷ്ടിച്ചുകൊണ്ട് റോമയിലേക്ക് ഓടി പോയിരുന്നു. എന്നാൽ റോമിൽ വെച്ച് ഒനേസിമോസ് പൗലൊസുമായി ബന്ധപ്പെടുകയും, വീട്ടു തടവിലായിരുന്ന പൗലൊസ് അവനെ പരിവർത്തനത്തിന് സഹായിക്കുകയും, അവൻ അങ്ങനെ ക്രിസ്ത്യാനി ആകുകയും ചെയ്തു. ഇനി ഒനേസിമോസിനെ എന്തു ചെയ്യണം എന്നതായിരുന്നു പ്രശ്നം. സ്പഷ്ടമായും അവനെ വീട്ടിലേക്ക് തിരിച്ചയക്കണം, അവിടെ അവന് ഫിലെമോന്റെ കരുണ ലഭിക്കയും വേണം. ഫിലെമോൻ ക്രിസ്ത്യാനിയാണെങ്കിലും, വസ്തുക്കൾ മോഷ്ടിച്ചു കടന്നു കളഞ്ഞ അടിമയെ ആ യജമാനന്റെ അടുക്കലേക്ക് അയക്കുന്നത് തീർച്ചയായും സാഹസം തന്നെയാണ്. തന്റെ വസ്തുവകകൾ മോഷ്ടിച്ചു ഓടിപ്പോകുകയും അവൻ ഇപ്പോൾ തന്റെ സഹോദരനായി തീരുകയും ചെയ്ത ആ അടിമയോട്, ആ അടിമയെ-അവകാശമാക്കിയിരുന്ന ക്രിസ്ത്യാനിയായിരുന്ന ഒരാൾ എങ്ങനെ പ്രതികരിക്കും? ഫിലെമോന്റെ ലേഖനം ആ ചോദ്യത്തിന് ഉത്തരം നൽകുന്നു.

ഫിലെമോനുള്ള ലേഖനത്തിൽ, തന്റെ സ്നേഹിതന്റെ പ്രശ്നം പരിഹരിക്കുവാൻ പൗലൊസ് മനശാസ്ത്രപരമായ സമീപനം സ്വീകരിച്ചിരിക്കുന്നത് കാണാം. അതിലുപരിയായി, ക്രിസ്തീയ യജമാനനും ക്രിസ്തീയ ദാസനും തമ്മിൽ അന്നുണ്ടായിരുന്ന ബന്ധത്തിന്റെ ഒരു ഉൾക്കാഴ്ച്ചയും അവൻ നമുക്ക് നൽകുന്നു. ആ സംഭവത്തിന്റെ ശേഷം ഫലത്തെ കുറിച്ച് നമുക്ക് അറിയില്ലെങ്കിലും, പൗലൊസ് ആഗ്രഹിച്ചതിനേക്കാൾ അധികം ഫിലെമോൻ ഒനേസിമോസിനോട് ചെയ്തിരിക്കാം, വാസ്തവത്തിൽ അവനോട് ക്ഷമിക്കുകയും അവനെ സ്വതന്ത്രനാക്കുകയും ചെയ്തു കാണും.

കൊലൊസ്സ്യർ 3:11-ൽ, രണ്ടുപേരും ക്രിസ്ത്യാനികളായി തീർന്നു കഴി

ഞ്ഞാൽ, ദാസനും സ്വതന്ത്രനും തമ്മിൽ വ്യത്യാസം ഒന്നുമില്ല എന്നാണ് പ ൗലൊസ് പറഞ്ഞത്. വീട്ടിൽ അന്യോന്യമുള്ള ബന്ധം എങ്ങനെയായിരിക്ക ണമെന്ന് അവൻ തുടർന്നു കാണിച്ചു തരുന്നു. അവൻ പറഞ്ഞു, "ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ, മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപോലെ, ദൃഷ്ടിസേവകളാലല്ല, കർത്താവിനെ ഭയപ്പെട്ടു കൊണ്ട് ഹൃദയത്തിന്റെ ഏകാഗ്രതയോടെയത്രേ അനുസരിക്കേണ്ടത്" (കൊ ലൊ. 3:22). അവസാനമായി പൗലൊസ് യജമാനന്മാരോട് പറഞ്ഞു, "യജമാനന്മാ രേ, നിങ്ങൾക്കും സ്വർഗത്തിൽ യജമാനൻ ഉണ്ട് എന്നറിഞ്ഞ്, ദാസന്മാരോട് നീ തിയും ന്യായവും ആചരിപ്പിൻ" (കൊലൊ. 4:1).

### നമ്മുടെ പ്രതിയോഗിയായ, പിശാച് (6:11)

"പിശാചിന്റെ തന്ത്രങ്ങളോട്" പോരാടുവാനും ക്രിസ്ത്യാനി ഉറച്ചു നിൽപാനുമായി "ദൈവത്തിന്റെ സർവ്വായുധവർഗം" ധരിക്കണം. *ഡയബോലോസ്* എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതാണ് "പിശാച്," അത് നിർവ്വചിക്കുന്നത് "കുറ്റപ്പെടുത്തുന്നവൻ," അല്ലെങ്കിൽ ദൂഷണം ആരോപിക്കുന്നവൻ.[60] പിശാച് "സാത്താൻ" ആണ് (വെളി. 20:2), ലിപി മാറ്റി ഉപയോഗിച്ചതാണ് (*സാത്താൻ*), അർത്ഥം, "പ്രതിയോഗി."[61] അവൻ തനിച്ചല്ല പ്രവർത്തിക്കുന്നത്; അവൻ "ഭൂതങ്ങളുടെ തലവനാണ്." (മത്താ. 12:24-27; 25:41). അവൻ "സ്വർഗീയ" വാഴ്ച്ചയും "ഇരുട്ടിന്റെ ... അധികാരവും" നടത്തുന്നവനാണ് (എഫെ. 2:2; 6:12).

സാത്താന്റെ ഉത്ഭവം പ്രത്യേകമായി ബൈബിൾ പറയുന്നില്ല. എങ്ങനെയാ യാലും, നമുക്ക് തീർപ്പിലെത്താവുന്ന ചില വിവരണങ്ങൾ നൽകുന്നുമുണ്ട്. ആദാമും ഹവ്വയും ഏദെൻ തോട്ടത്തിലായിരുന്നപ്പോൾ, സാത്താൻ അവി ടെയുണ്ടായിരുന്നു (ഉല്. 3:1). ഉൽപത്തിയിലെ "സർപ്പത്തെ" തിരിച്ചറിയുവാനു ള്ള ഏതൊരു ചോദ്യത്തിനുമുള്ള ഉത്തരം വെളിപ്പാടു 20:2-ൽ കാണാം. സ്വർഗത്തിൽ ഒരു യുദ്ധം ഉണ്ടായതായും, അതിനുശേഷം അവനെ താഴേക്ക് "എറിഞ്ഞു കളഞ്ഞതായും" യോഹന്നാൻ അവിടെ പറയുന്നു (വെളി. 12:7-9, 17 നോക്കുക). ദൈവം സൃഷ്ടിച്ചതെല്ലാം "വളരെ നല്ലത്" ആകയാൽ (ഉല്. 1:31), സാത്താൻ വീണുപോയ ദൂതനാണെന്ന് ചിലർ കരുതുന്നു-ഒരിക്കൽ അവൻ നല്ലവനായിരുന്നു എങ്കിലും അവൻ തിന്മ തിരഞ്ഞെടുത്തു.[62]

സാത്താന്റെ ഉത്ഭവത്തെ കുറിച്ചുള്ള ചോദ്യത്തിനു സാധ്യതയുള്ള ഉത്ത രത്തിന് ഉദ്ധരിക്കാവുന്ന മൂന്നു വേദഭാഗങ്ങൾ നോക്കാം.

(1) സാത്താന്റെ ഉത്ഭവത്തിനു സാധ്യതയുള്ള വേദഭാഗമാണോ യെശ യ്യാവ് 14:12-15? യെശയ്യാവ് പറഞ്ഞതനുസരിച്ച്, വീണുപോയ നക്ഷത്രത്തിന് അവശേഷിക്കുന്നത് ന്യായവിധി മാത്രമാണ്, അവന്റെ രാജ്യം നിലനിൽക്കു കയില്ല, അവൻ നിത്യനല്ല, അവൻ സ്വയമായി അമർത്യതക്ക് ശ്രമിച്ചു പരാജ യപ്പെട്ടവനാണ്.

വാക്യം 12-ൽ, "അരുണോദയപുത്രൻ" എന്ന പ്രയോഗത്തിനു പകരം കെജെവിയിൽ "ലൂസിഫെർ" എന്നു ഉപയോഗിച്ചിരിക്കുന്നതിനാൽ, ആ വാക്ക് സാത്താന്റെ പേരായി പൊതുവിൽ അറിയപ്പെടുന്നു. എങ്ങനെയായാ ലും, അത്തരം വ്യാഖ്യാനം പിന്നീട് വികസിച്ചു വന്നതാണ്. കൃത്യമായും, തെർത്തുല്യനു മുൻപ് (ഏ.ഡി. നാലാം നൂറ്റാണ്ട്), ആ വേദഭാഗം സാത്താന് ഉപയോഗിച്ചിരുന്നില്ല.

ആ വാക്യം പിശാചിനെ കുറിച്ചല്ല പറയുന്നതെങ്കിൽ, പിന്നെ ആരെ കുറി

ച്ചാണ് പറയുന്നത്? യെശയ്യാവ് 14:4 അനുസരിച്ച്, ദൈവം യെശയ്യാവിനോട് പറഞ്ഞു, "നീ *ബാബേൽ രാജാവിനെ* കുറിച്ച് ഒരു പാട്ട് ചൊല്ലും" (എംഫസിസ് ആഡഡ്), യെശയ്യാവ് തന്റെ ജനത്തോട് പറഞ്ഞു, "ഇപ്പോൾ, ബാബേൽ രാജാവ് യിസ്രായേൽ ദേശത്തെ ഞെരുക്കുകയാണെങ്കിലും, അവന്റെ രാജ്യത്വം ശാശ്വതമായിരിക്കുകയില്ല. ദൈവത്തിന്റെ വാഴ്ച്ച മാത്രമാണ് എന്നേക്കുമുള്ളത്, അത് ഒരിക്കൽ ബാബേൽ രാജ്യത്തെ തകർത്തുകളയും." ആ പദ്യവേദഭാഗത്തിന്റെ സന്ദർഭം സൂക്ഷ്മമായി പരിശോധിച്ചാൽ, അവിടെ സാത്താനെയും അവന്റെ ഉത്ഭവത്തെയും കുറിച്ചല്ല പറയുന്നത് എന്നു കാണാം.

(2) അത്തരം ചർച്ചകളിൽ അടിക്കടി ഉപയോഗിക്കാറുള്ള മറ്റൊരു വേദഭാഗമാണ് ലൂക്കൊസ് 10:18. യേശു എഴുപത്തി-രണ്ട് ശിഷ്യന്മാരെ, ഈരണ്ടീരണ്ടായിട്ടാണ് പ്രസംഗിക്കുവാൻ യിസ്രായേലിലേക്ക് അയച്ചത്. ഭൂതങ്ങളെ പുറത്താക്കുവാനും വിഷമൊന്നും അവരെ ബാധിക്കാതിരിക്കേണ്ടതിനും അവൻ അവർക്ക് അധികാരം കൊടുത്തിരുന്നു. അവർ തിരിച്ചുവന്ന് തങ്ങളുടെ ദൗത്യം പൂർണ്ണവിജയമായിരുന്നു എന്ന് അവനോട് പറഞ്ഞു. അപ്പോൾ യേശു അവരോട് പറഞ്ഞു, "സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നു വീഴുന്നതു ഞാൻ കണ്ടു" (ലൂക്കൊ. 10:18).

സാത്താൻ സ്വർഗത്തിൽനിന്നു വീഴുന്നതു കണ്ടു എന്നല്ല യേശു പറഞ്ഞത്. സാത്താന്റെ വീഴ്ച്ച ആകാശത്തുനിന്നായിരുന്നു എന്നാണ് അവൻ പറഞ്ഞത്. (ഒരേ ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "സ്വർഗവും," "ആകാശവും.") ആകാശത്ത് നിന്നു മിന്നൽ ഭൂമിയിലേക്ക് വീഴുന്നതുപോലെ, സാത്താൻ തന്റെ സിംഹാസനത്തിൽനിന്നു ആത്മിയമായി വീഴുന്നത് യേശു കാണുകയുണ്ടായി. മനുഷ്യാത്മാക്കളിൽ സാത്താന്റെ പിടിത്തം യേശു ഇല്ലാതാക്കി. അവൻ പരാജയപ്പെട്ടു! അതുകൊണ്ട് ഈ വേദഭാഗവും സാത്താന്റെ ആരംഭത്തെ കുറിച്ചല്ല പറയുന്നത് എന്നു സ്പഷ്ടം.

(3) അങ്ങനെ ഉപയോഗിക്കുന്ന മറ്റൊരു വേദഭാഗമാണ്, വെളിപ്പാടു 12:7-9:

> പിന്നെ സ്വർഗത്തിൽ ഒരു യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോട് പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ല താനും. സ്വർഗത്തിൽ അവരുടെ സ്ഥാനം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനുമെന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു.

വെളിപ്പാട് ആലങ്കാരിക പുസ്തകമാണെങ്കിലും, ഇത് വിശദീകരണത്തിന് കൂടുതൽ സാധ്യത നൽകുന്നു. അനീതിയുടെ ശക്തി വിശുദ്ധിയുടെ ശക്തിയുമായി യുദ്ധം ചെയ്തു എന്നാണ് യോഹന്നാൻ പറഞ്ഞത്. തൽഫലമായി സാത്താനും അവന്റെ എല്ലാ ദൂതന്മാർക്കും സ്വർഗത്തിലുണ്ടായിരുന്ന സ്ഥാനം നഷ്ടമായി. ആലങ്കാരികമായി എഴുതപ്പെട്ട ഒരു പുസ്തകത്തിൽനിന്നു ഇത് എടുത്ത് എങ്ങനെ അക്ഷരികമായി നമുക്ക് പറയുവാൻ കഴിയും?

ആ വാക്കുകൾ അക്ഷരികമായി എടുത്താൽ പോലും, സാത്താന്റെ ആരംഭം ഒരു മർമ്മമായി തന്നെ തുടരുകയാണ്. സാത്താന്റെ ആരംഭം എവിടെയാണെന്ന് വെളിപ്പാട് പറയുന്നില്ല. സാത്താൻ വീണുപോയ ദൂതനാണെന്ന് യോഹന്നാൻ വ്യക്തമായി പറയുന്നില്ല, അവനെ അനുഗമിക്കുന്ന ദൂതന്മാരു

ണ്ടെന്നു മാത്രമാണ് പറയുന്നത്. എന്തുകൊണ്ടാണ് സ്വർഗത്തിൽ യുദ്ധമുണ്ടായതെന്നോ അതെത്രത്തോളം നീണ്ടു നിന്നു എന്നോ അവിടെ പറയുന്നില്ല.

## പ്രായോഗികത

**അമ്മയപ്പന്മാരും മക്കളും (6:1–4)**

മക്കൾ അവരുടെ അമ്മയപ്പന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും വേണം (6:1–3). അമ്മയപ്പന്മാരെ ബഹുമാനിക്കാതെ അവരെ അനുസരിക്കുവാൻ കഴിയും; അനുസരിക്കാതിരുന്നാലുള്ള അനന്തരഫലത്തെ ഭയന്ന് ചിലർ തങ്ങളുടെ മാതാപിതാക്കളെ അനുസരിക്കും. അമ്മയപ്പന്മാരെ അനുസരിക്കാതെ അവരെ ബഹുമാനിക്കുവാൻ സാധ്യമല്ല. അനുസരണം കീഴ്പ്പെടലാണ്, എന്നാൽ മാനം എന്നു പറയുന്നത് അനുസരിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകമാണ്.

ബഹുമാനിക്കുന്നതും അനുസരിക്കുന്നതും അമ്മയപ്പന്മാർക്കും, മക്കൾക്കും, സമൂഹത്തിനു മൊത്തത്തിലും പ്രയോജനം ചെയ്യുന്നതാണ്. മക്കൾ വീട്ടിൽ ഈ ഗുണങ്ങൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്തില്ലെങ്കിൽ, അവർ അത് സ്ക്കൂളുകളിലും, ജോലിസ്ഥലങ്ങളിലും, സഭയിലും പരിശീലിക്കുകയില്ല. അനുസരണവും ബഹുമാനവുമില്ലെങ്കിൽ സമൂഹം കുഴപ്പത്തിലാകും. അപ്പനെയും അമ്മയെയും അനുസരിക്കുന്ന മക്കളാണ്, ജ്ഞാനത്തിൽ നടക്കുന്നത്.

അമ്മയപ്പന്മാർ മക്കളെ പരിശീലിപ്പിക്കണം (6:4). പരിശീലനത്തിൽ നിഷേധവശവും ഉൾപ്പെടുന്നു. പൗലൊസ് പറഞ്ഞു, "നിങ്ങൾ മക്കളെ കോപിപ്പിക്കരുത്" അതിനർത്ഥം മക്കൾക്ക് ഇഷ്ടമല്ലാത്തത് ഒഴിവാക്കണം എന്നല്ല. ശരിയായ പരിശീലനം നടത്തുമ്പോൾ അത് അനിഷ്ടമായിരിക്കും. പൗലൊസ് നിർദ്ദേശിക്കുന്നതിന്റെ അർത്ഥം, "കുട്ടികളിൽ കോപം ഇളക്കിവിട്ട് അവരെ നിരുൽസാഹപ്പെടുത്തുകയോ അധൈര്യപ്പെടുത്തുകയോ ചെയ്യരുത്" എന്നാണ്. കുട്ടികൾ ശരിയായതു ചെയ്യുവാൻ അവരിൽ അച്ചടക്കം വരുത്തണം. കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ ക്രിയാത്മകവശവും ഉൾപ്പെടുന്നു. പൗലൊസ് എഴുതി, "കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും അവരെ പോറ്റി വളർത്തുവിൻ" "പത്ഥ്യോപദേശം" എന്നത് കുട്ടിയെ പഠിപ്പിച്ചതു ചെയ്യുവാൻ പ്രോൽസാഹിപ്പിക്കുവാനുള്ളതാണ്.

അധികാരത്തെ ബഹുമാനിക്കുവാൻ പഠിപ്പിക്കുന്നതാണ് കുട്ടികളെ പരിശീലിപ്പിക്കുന്നത്. മാതാപിതാക്കളുടെയും അദ്ധ്യാപകരുടേയും, ഗവൺമെന്റിന്റേയും, ദൈവത്തിന്റേയും അധികാരത്തെ കുട്ടികൾ മാനിക്കയും അനുസരിക്കയും വേണം.

പരിശീലിപ്പിക്കുന്നതിൽ വിശ്വാസവും (2 തിമൊ. 1:5), ഇന്ദ്രിയ-ജയവും, പ്രവൃത്തിയും, ആത്മാ-ഭിമാനം, കൂടാതെ പരാജയം എന്നത് അന്തിമമല്ല എന്നതും ഉൾപ്പെടുന്നു.

കുട്ടികളെ പരിശീലിപ്പിക്കുവാൻ *സമയം* ആവശ്യമാണ്. മുൻഗണന അനുസരിച്ച് മാതാപിതാക്കൾ കുട്ടികൾക്കു വേണ്ടി സമയം ചെലവിടണം. അത് നല്ല ഒരു *മാതൃക* കാണിച്ചുകൊടുത്തുകൊണ്ടായിരിക്കണം. മക്കൾ അവരുടെ മാതാപിതാക്കളിൽ കാണുന്നതിനനുസരിച്ചാണ് ജീവിക്കുന്നത്. ശരിയായതും ക്രിയാത്മകവുമായ *അച്ചടക്കത്തിലായിരിക്കണം* പരിശീലനം നടത്തേണ്ടത്.

മാതാപിതാക്കൾ തെറ്റു ചെയ്യുമ്പോൾ അത് *ഏറ്റു പറയുകയും*, മക്കൾ നല്ലതു ചെയ്യുമ്പോൾ അവരെ *പ്രോൽസാഹിപ്പിക്കുകയും* വേണം.

പരസ്പരം ആദരിച്ചുകൊണ്ട്, മാതാപിതാക്കൾക്കും മക്കൾക്കും ബുദ്ധി യോടെ ജീവിക്കുവാൻ കഴിയും. അങ്ങനെ സംഭവിക്കുമ്പോൾ, കുടുംബം ശക്തമായും, ഉൽപ്പാദനപ്രദവും, സന്തോഷപ്രദവുമാകും. അതിനു പുറമെ അവർ കർത്താവിനെ ആദരിക്കുകയും, സമൂഹത്തിൽ, ജീവിക്കുവാൻ നല്ല ഒരു അന്തരീക്ഷം സംജാതമാകുകയും ചെയ്യും.

ജേയ് ലോക്ഹാർട്ട്

**ക്രിസ്തു-കേന്ദ്രീകൃതമായ ഭവനം (6:1-4)**

*അച്ചടക്കത്തിനു ധൈര്യം കാണിക്കുക* എന്ന പുസ്തകത്തിൽ, തണുത്ത വെള്ളമുള്ള ഒരു പാത്രത്തിൽ ഒരു തവളയെ പിടിച്ച് ഇട്ട സംഭവം ജെയിംസ് ഡോബ്സൺ വിവരിക്കുന്നു. ആ പാത്രം തുറന്നതായതിനാൽ, തവളക്ക് വേണമെങ്കിൽ ചാടി പുറത്തുപോകാമായിരുന്നു. പതുക്കെ, വെള്ളത്തിന്റെ ഊഷ്മാവ് കൂട്ടുവാൻ തുടങ്ങി. ഏതാണ്ട് അഗോചരമായി വെള്ളം തിളക്കു മെന്ന മട്ടിലെത്തി. ഊഷ്മാവ് വർദ്ധിക്കുന്നതുവരെ തവള പാത്രത്തിൽ തന്നെ ഇരുന്നു, അശുഭ സൂചകമായി നീരാവി ഉയരുവാൻ തുടങ്ങുകയും, തവള അവസാനം വെന്തു ചാകുന്നതുവരെ മൽസരിച്ച് അവിടെത്തന്നെ ഇരുന്നു.[63]

പലവിധത്തിൽ നോക്കിയാൽ, അതുപോലെയാണ് പല കുടുംബങ്ങളും ഇന്ന്. അധാർമ്മിക മൂല്യങ്ങൾ കുടുംബത്തിനെതിരായി വളരുമ്പോൾ, ദുഷിച്ച ലോക വ്യവസ്ഥ കുടുംബങ്ങളെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. നാ ം നമ്മുടെ കുടുംബ ഭദ്രതക്കായി ബൈബിൾ തത്വങ്ങളിലേക്കും, ശക്തമായ ആത്മ-നിറവിലേക്കും തിരിച്ചു വരണം.

6:1-4-ൽ, അമ്മയപ്പന്മാരും/മക്കളും തമ്മിലുള്ള ബന്ധമാണ് പൗലൊസ് പ രിശോധിച്ചത്. ഇവിടെ, നാം ക്രിസ്തുവിൽ-കേന്ദ്രീകൃതമായ, ആത്മ-നിറവുള്ള ഭവനത്തെയാണ് കാണുന്നത്.

*മക്കൾക്കുള്ള ദൈവത്തിന്റെ കൽപനകൾ.* "മക്കളേ, നിങ്ങളുടെ അമ്മയ പ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അത് ന്യായമല്ലൊ, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക (അത് വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപന യാകുന്നു), അത് നിനക്ക് നന്മയുണ്ടാകുവാനും, നീ ദീർഘായുസോടെ ഇരി പ്പാനുമത്രെ" (6:1-3).

സന്താനങ്ങളെ പൊതുവിൽ പറയുന്ന വാക്കാണ് പൗലൊസ് ഉപയോ ഗിച്ച "മക്കൾ" എന്ന വാക്ക്. ആ അർത്ഥത്തിൽ നാം എല്ലാവരും മക്കളാണ് കാരണം നമുക്കെല്ലാവർക്കും അപ്പനും അമ്മയും ഉണ്ട്. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, പൗലൊസ് പറയുന്നത് അമ്മയപ്പന്മാരുടെ വീട്ടിൽ താമ സിക്കുന്ന മക്കളെയാണ്, അപ്പോൾ അവർക്ക് മാതാപിതാക്കളോട് കടമയും അവരുടെ ആധിപത്യത്തോട് വിധേയത്വവുമുണ്ട്. ആ വാക്കുകൾ എട്ടു-വയസ് പ്രായമുള്ള കുട്ടികൾക്ക് മാത്രമല്ല, പ്രായമായവർക്കും വിട്ടിൽ താമസിക്കുന്ന ഏതു പ്രായമുള്ളവർക്കും ബാധകമാണ്. മാതാപിതാക്കളുടെ മേൽക്കൂരക്ക് കീഴിൽ താമസിക്കുന്ന മക്കൾക്കുള്ള ദൈവകൽപനയാണ് അത്.

(1) ആവശ്യപ്പെട്ട കടമ. "മക്കളേ, നിങ്ങളുടെ അപ്പനേയും അമ്മയേയും അനുസരിപ്പിൻ ..." (6:1). അടുത്ത കാലത്ത് ദൈവ വചനത്തിലെ ദൈവ ത്തിന്റെ കൽപനകളെ ഏതെങ്കിലും അവഗണിച്ചിട്ടുണ്ടെങ്കിൽ, അത് ഇതാണ്.

മക്കളുടെ ആവശ്യങ്ങൾ വർദ്ധിച്ചു വന്നിരിക്കയാൽ മക്കളുടെ മേൽ മാതാപിതാക്കൾക്കുള്ള അധികാരത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്.

മാതാപിതാക്കളുടെ സ്വാധീനം കൂടാതെ മക്കൾക്ക് മൂല്യം നിർണ്ണയിക്കുവാനും, തങ്ങളുടെ അന്തിമസ്ഥാനം തീരുമാനിക്കുവാനും സ്വാതന്ത്ര്യം വേണമെന്ന് ചില സമൂഹം പറയുന്നു. മക്കൾ അപ്പനേയും അമ്മയേയും അനുസരിക്കണം എന്നു ബൈബിൾ ഉറപ്പിച്ചു പറയുന്നു, കാരണം അത് ന്യായമാണ്. ഇത് പരിശീലിക്കുന്ന ഭവനം മാത്രമാണ് ശക്തിയോടെ നിലനിൽക്കുന്നത്.

"അനുസരിക്കുക" എന്നത് ഗ്രീക്കിൽ ശ്ലാഘ്യഭാഷയിലാണ് എഴുതിയിരിക്കുന്നത്, അർത്ഥം "ശ്രദ്ധയിൻ കീഴിലാകുക." മക്കൾ മാതാപിതാക്കൾ പറയുന്നത് കേട്ട് കീഴ്പ്പെടുക എന്നതാണ് ആശയം.

മാതാപിതാക്കൾ "ശരിയായിരിക്കുമ്പോൾ" അവരെ അനുസരിക്കുക എന്നല്ല പൗലൊസ് പറഞ്ഞത്. പല യുവാക്കളും വിചാരിക്കുന്നത്, "ഈ കാര്യത്തിൽ, ഞാൻ പറയുന്നത് അപ്പനു മനസിലാകുകയില്ല, അതിനാൽ ഞാൻ അപ്പനെ അനുസരിക്കുന്നില്ല." അല്ലെങ്കിൽ, "ഈ കാര്യം അമ്മക്ക് മനസിലാകുകയില്ല, അതിനാൽ ഞാൻ എന്റെ ഇഷ്ടം ചെയ്യും." ദൈവവചനം പറയുന്നു, "മക്കളേ, നിങ്ങളുടെ അപ്പനേയും അമ്മയേയും കർത്താവിൽ അനുസരിപ്പിൻ, അത് ന്യായമല്ലൊ" കുട്ടികൾക്ക് അവരുടെ വഴികൾ പലപ്പോഴും യോജിക്കുവാൻ കഴിയുകയില്ലെങ്കിലും, അവരെ അനുസരിക്കണം. ഇതാണ് കുടുംബത്തെ സംബന്ധിച്ച് ദൈവത്തിന്റെ പദ്ധതി, കുട്ടികൾ സ്വയമായി അപ്പന്റേയും അമ്മയുടേയും അധികാരത്തിനും സംരക്ഷണത്തിനും കീഴ്പ്പെട്ടിരിക്കണം.

(2) വ്യാപ്തി നിയന്ത്രിച്ചിരിക്കുന്നു. എങ്ങനെയാണ് മക്കൾ അനുസരിക്കേണ്ടത്? പൗലൊസ് കൽപിച്ചിരിക്കുന്നത്, "കർത്താവിൽ ... അനുസരിപ്പിൻ" എന്നാണ് (6:1). അതിന്റെ അർത്ഥം എന്താണ്? മാതാപിതാക്കൾ ക്രിസ്ത്യാനികളാണെങ്കിൽ മക്കൾ അവരെ അനുസരിക്കണം അല്ലെങ്കിൽ അനുസരിക്കേണ്ട ആവശ്യമില്ല എന്നല്ല അതിന്റെ അർത്ഥം. കൊലൊസ്സ്യർ 3:18-ൽ പൗലൊസ് കൊലൊസ്യർക്ക് കൊടുത്ത നിർദ്ദേശം പോലെ തന്നെയാണ് ഈ നിർദ്ദേശവും നൽകിയിരിക്കുന്നത്: "ഭാര്യമാരേ, കർത്താവിൽ ഉചിതമാം വണ്ണം നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ." തങ്ങളുടെ ഭർത്താക്കന്മാർ ക്രിസ്ത്യാനികളാണെങ്കിൽ മാത്രം അവർക്ക് കീഴ്പ്പെട്ടാൽ മതിയോ? പോരാ! മറിച്ച്, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് സകലത്തിലും കീഴ്പ്പെടുമ്പാൾ അവർ ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. ഒരു ക്രിസ്തുവിന്റെ അനുയായിക്ക് യോഗ്യമായ വിധത്തിലാണ് അവർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുന്നത്.

അതാണ് 6:1 ലെ "കർത്താവിൽ" എന്ന വാക്കിന്റെ അർത്ഥം. ദൈവത്തെ മാനിക്കുന്ന വിധത്തിലാണ് മക്കൾ മാതാപിതാക്കളെ അനുസരിക്കേണ്ടത്.

അമ്മയപ്പന്മാർ മകനോട് എന്തെങ്കിലും ചെയ്യുവാൻ പറഞ്ഞിട്ട്, അവരെ ബഹുമാനിക്കാത്ത വിധത്തിലുള്ള ശബ്ദത്തിൽ "ശരി, ഞാൻ അത് ചെയ്യാം" എന്നു പറഞ്ഞാൽ, അത് കർത്താവിൽ ഉള്ള അനുസരണം അല്ല. അവൻ തുടർച്ചയായി മാതാപിതാക്കളോട് വാദിക്കുകയും, അവരുടെ നിയമങ്ങൾ പാലിക്കാതെ ജീവിക്കയും ചെയ്താൽ അവൻ കർത്താവിൽ അമ്മയപ്പന്മാരെ അനുസരിക്കുന്നില്ല.

കൊലൊസ്സ്യർ 3:20 പറയുന്നു, "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇത് കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ, പ്രസാദകരമല്ലൊ." അമ്മയപ്പന്മാരുടെ നിയമങ്ങൾ അന്യായമെന്നു തോന്നിയാ

ലും, ആ കുട്ടി സകലത്തിലും മാതാപിതാക്കളെ അനുസരിക്കുമ്പോൾ, അവൻ കർത്താവിനെയാണ് പ്രസാദിപ്പിക്കുന്നത് എന്നോർക്കണം.

ദൈവേഷ്ടത്തിന് എതിരായി മാതാപിതാക്കൾ തങ്ങളുടെ കുട്ടികളോട് എന്തെങ്കിലും ചെയ്യുവാൻ പറഞ്ഞാൽ എന്തു ചെയ്യും? അപ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡം ഒരു ഭർത്താവ് ഭാര്യയോട് ദൈവ വചനത്തിന് എതിരായി ചെയ്യുവാൻ പറഞ്ഞാൽ സ്വീകരിക്കേണ്ടതു തന്നെയാണ്: അപ്പോൾ അവൻ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാണ്. ആ തത്വത്തോട് വിശ്വസ്തത പുലർത്തുമ്പോൾ, തീർച്ചയായും, കുട്ടി അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടി വരും, പക്ഷെ അപ്പോൾ അവൻ മാതാപിതാക്കളുടെ ഇഛയേക്കാൾ ദൈവേഷ്ടത്തെ മാനിക്കുകയാണ്.

(3) ഓഹരി തിരിച്ചറിഞ്ഞു. "നിനക്ക് നന്മയുണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസോടെ ഇരിപ്പാനും, (അത് വാഗ്ദത്തത്തോടുകൂടിയുള്ള ആദ്യ കൽപനയാകുന്നു) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (6:2, 3). ഈ ഓഹരി വാഗ്ദാനത്തിൽ വ്യക്തിപരമായ നിലനിൽപാണോ അതോ ദേശത്തിന്റെ നിലനിൽപാണോ ഇവിടെ ദൈവം ഉദ്ദേശിച്ചത്? ഒരുപക്ഷെ രണ്ടും ആയിരിക്കാം. മാതാപിതാക്കളെ അനുസരിക്കുന്ന കുട്ടി ദീർഘകാലം ജീവിതം ആസ്വദിക്കും. കാരണം അവൻ അപ്പന്റേയും അമ്മയുടേയും ആലോചന സ്വീകരിക്കുമ്പോൾ, തനിക്ക് ഉപദ്രവകരമായി തീരുവാനിടയുള്ള പല തീരുമാനങ്ങളും പ്രവർത്തികളും ഒഴിവാക്കുവാൻ കഴിയും.

ദൈവം ഈ കൽപന യിസ്രായേലിനു നൽകിയപ്പോൾ, അവൻ എന്തിനാണ് ഇതിൽ ഒരു ഓഹരി വെച്ചത്? കാരണം കുട്ടിയുടെ മാതാപിതാക്കളോടുള്ള ബന്ധമായിരിക്കാം അവന്റെ ഭാവി ബന്ധങ്ങൾക്കെല്ലാം അടിസ്ഥാനമായിരിക്കുന്നത്. അവൻ തന്റെ മാതാപിതാക്കളെ ബഹുമാനിക്കയും അനുസരിക്കുകയും ചെയ്തില്ലെങ്കിൽ, അവന്റെ സമപ്രായക്കാരേയോ, അദ്ധ്യാപകരേയോ, സഹപ്രവർത്തകരേയോ, അവൻ അഭിമുഖീകരിക്കുന്ന അധികാരികളെയോ ബഹുമാനിക്കുകയില്ല. ഈ ലോകത്തിൽ ശരിയായി ജീവിക്കേണ്ടതിനുള്ള ദൈവത്തിന്റെ പരിശീലന കേന്ദ്രമാണ് ഭവനം.

അനുസരണത്തിനുള്ള ദൈവത്തിന്റെ ഓഹരി വ്യക്തിപരമായി മാത്രമല്ല, മറിച്ച് ദേശീയമായും പ്രാധാന്യം ഉള്ളതാണ്. ഒരു ദേശം അതിലെ ഭവനങ്ങളേക്കാൾ ശക്തമായിരിക്കുകയില്ല. ഒരു ദേശം കുഴപ്പത്തിലാണെങ്കിൽ, അവിടത്തെ കുട്ടികൾ വീടുകളിൽ അനുസരണം ശീലിക്കാത്തവരാണ് എന്നു കാണാം.

*പിതാക്കന്മാരോടുള്ള ദൈവത്തിന്റെ നിർദ്ദേശം.* "പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ" (6:4).

(1) ധ്യാനം അന്തർലീനമായിരിക്കുന്നു. മക്കളെ കൈകാര്യം ചെയ്യുവാൻ പിതാക്കന്മാർക്ക് ദൈവ പദ്ധതിയിൽ മൂന്നു തത്വങ്ങൾ കാണാം. അവയിൽ ഒന്നാമത്തേത്, അവർക്ക് വീട്ടിൽ മക്കളോടുള്ള ധ്യാനമാണ്. അത് വാക്യം 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നു: "പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്."

ആരോഗ്യകരമായ ഒരു കുട്ടിയുടെ വളർച്ചക്ക്, അവന്റെ അപ്പനും അമ്മക്കും അവനോടുള്ള ധ്യാനം അറിഞ്ഞിരിക്കണം. എവിടെ മാതാപിതാക്കളുടെ ധ്യാനം കുട്ടികളിൽ ഇല്ലാതെ വരുന്നുവോ, അവിടെ അവരുടെ ആത്മാ-ഭിമാനവും, മനശാസ്ത്രപരമായ ക്ഷേ-മവും ഇല്ലാതാകുന്നു. തുടർച്ച

യായി അപ്പൻ കുട്ടിയെ ശാസിക്കയും നിരുൽസാഹപ്പെടുത്തുകയും ചെയ്യുമ്പോൾ, ആ കുട്ടി അപ്പനിൽനിന്നും അകലും (കൊലൊ. 3:21).

(2) അച്ചടക്കം നിർദ്ദേശിച്ചിരിക്കുന്നു. "... അവരെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തുവിൻ ..." (6:4). മാതാപിതാക്കൾ എങ്ങനെ മക്കളോട് പെരുമാറണം എന്നതിനെ കുറിച്ച് പൗലൊസ് ക്രിയാത്മകമായി പറഞ്ഞിരിക്കുന്നു. അതിൽ പരിശീലനവും നിർദ്ദേശവും ഉൾപ്പെടുന്നു. ആ മൂലകങ്ങൾ കൂടാതെ കുട്ടികളെ ആരോഗ്യകരമായും, ആത്മികമായും, വൈകാരികമായും, മനശാസ്ത്രപരമായും വളർത്തുവാൻ സാധ്യമല്ല.

എന്താണ് "പത്ഥ്യോപദേശം"? അതിൽ, നിയമങ്ങളും, നിബന്ധനകളും, കുട്ടി ജീവിക്കേണ്ട ജീവിത തത്വങ്ങളും അടങ്ങുന്നു. ആ ശക്തിയുള്ള ഉപദേശം മക്കൾക്ക് കൊടുക്കുന്നതിൽ മാതാപിതാക്കൾ ഉറച്ചിരിക്കണം. പരിജ്ഞാനത്തിൽ കൂടെ മാത്രമെ ഒരു കുട്ടി എന്താണ് ജീവിതത്തിൽ അനുഗ്രഹം കൊണ്ടുവരുന്നതെന്നും, എന്താണ് ശാപം കൊണ്ടുവരുന്നതെന്നും അറിഞ്ഞ്, ശരിയും തെറ്റും മനസിലാക്കുകയുള്ളു.

അത്തരം നിർദ്ദേശങ്ങൾ ഉറപ്പിക്കുന്നതാണ് "പരിശീലനം." ഇവിടെ, ഈ സന്ദർഭത്തിൽ കുട്ടികളെ നിയമങ്ങളും, നിബന്ധനകളും, പഠിപ്പിച്ച തത്വങ്ങളും നൽകി അവരെ സഹായിക്കുക എന്നർത്ഥം. അനുസരണത്തിന് പ്രതിഫലവും അനുസരണക്കേടിന് അനന്തരഫലവുമുണ്ട് എന്ന് കുട്ടികൾ പഠിക്കണം.

കൽപനകൾ എങ്ങനെ പ്രമാണിക്കണം എന്ന മാർഗനിർദ്ദേശം വീടുകളിൽ കുട്ടികൾക്ക് നൽകാതിരിക്കുന്നതാണ് പല ഭവനങ്ങളും നേരിടുന്ന അപകടം, അല്ലെങ്കിൽ നിർദ്ദേശങ്ങൾ പാലിച്ചില്ലെങ്കിൽ അനുഭവിക്കേണ്ടി വരുന്ന അനന്തരഫലങ്ങളെ അറിയിക്കാതിരിക്കുന്നതാണ് കുഴപ്പം. അത്തരം വ്യക്തതയില്ലായ്മ നിർദ്ദേശങ്ങളെ മാനിക്കാതെ വരികയും, കുട്ടികൾ ചിട്ടയില്ലാത്ത പെരുമാറ്റത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. ദൈവപദ്ധതിയിൽ മാർഗനിർദ്ദേശവും തൃപ്തിപ്പെടുത്തലും ഉൾപ്പെടുന്നു എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്.

(3) ദിശ ഉദ്ദേശിച്ചിരിക്കുന്നു. "... അവരെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ" (6:4). മക്കളെ നിയന്ത്രിക്കുവാൻ മാതാപിതാക്കൾക്ക് പിൻപറ്റാവുന്ന രണ്ട് മാർഗദിശകൾ മാത്രമാണുള്ളത്: ഒന്നുകിൽ കർത്താവിൽ അല്ലെങ്കിൽ കർത്താവിനു പുറത്ത്. ഒന്നുകിൽ കുട്ടികളെ ബൈബിൾ തത്വമനുസരിച്ച് പഠിപ്പിക്കാം, അല്ലെങ്കിൽ മനുഷ്യതത്വങ്ങളനുസരിച്ച് പഠിപ്പിക്കാം. മറ്റുള്ളവരെ കുറിച്ച് ചിന്തിക്കാതെ ഒരു കുട്ടി വളരുന്ന മാർഗമാണ് രണ്ടാമത്തേത്. ആകുലതയില്ലാതെ ജീവിതം നയിക്കുക എന്നതാണ് ഒരു മാർഗം പറയുന്നത്; മറ്റൊന്ന് മറ്റുള്ളവരുമായി ആയുഷ്ക്കാലം മുഴുവൻ ഇടപെടുന്നതിനാൽ ഹൃദയവേദന ജനിപ്പിക്കും.

മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ശരിയായ ബാലശിക്ഷയും പത്ഥ്യോപദേശവും നൽകണം. ആ പ്രവൃത്തി അദ്ധ്യാപകർക്കോ, നിയമപാലകർക്കോ, സഭയ്ക്കോ വിട്ടുകൊടുക്കരുത്. ഇതിന് മറ്റുള്ളവരുടെ സഹായം തേടാം; എന്നാൽ ഒരു കുട്ടിയുടെ ജീവിതത്തിന് ആവശ്യമായ ദൈവിക മാർഗനിർദ്ദേശം കൊടുക്കേണ്ട ഉത്തരവാദിത്തം മാതാപിതാക്കൾക്കാണ്.

*ഉപസംഹാരം.* ദൈവം സൃഷ്ടിച്ചപ്പോൾ ആയിരുന്നതുപോലെ ആകുവാനാണ് അവൻ എല്ലാ ഭവനങ്ങളെ കുറിച്ചും ആഗ്രഹിക്കുന്നത്; നാം ലോകവ്യവസ്ഥക്ക് അനുരൂപപ്പെടരുത് എന്നും അവൻ ആഗ്രഹിക്കുന്നു. ക്രിസ്തീയ ഭവനങ്ങൾ ഛിന്നഭിന്നമാകരുത്. ക്രിസ്തീയവിവാഹത്തിലേക്ക് പ്രവേശിച്ചിരി

ക്കുന്നവർ അതിൽ തന്നെ ഒരുമിച്ച് ജീവിക്കണം. ദൈവത്തിന്റെ ആത്മീയ നിയന്ത്രണത്തിന് നമ്മുടെ വിവാഹബന്ധവും, കുടുംബങ്ങളും എല്ലാ അവസ്ഥയിലും കീഴടങ്ങി ജീവിക്കണം.

**ജോലിയിൽ ആത്മ-നിറവുള്ളവരാകുക (6:5-9)**

ദാസന്മാരും/യജമാനന്മാരും തമ്മിലുള്ള ബന്ധത്തിൽ, നാലിൽ മൂന്നു വാക്യങ്ങളും ദാസന്മാരോടു പറയുന്നതാണ്. അതിൽ അതിശയിക്കുവാനില്ല, കാരണം ഒന്നാം നൂറ്റാണ്ടിലെ പല ക്രിസ്ത്യാനികളും അത്തരം സാഹചര്യത്തിൽനിന്നു വന്നവരാണ് (1 കൊ. 1:26 നോക്കുക). അതേ തത്വം ഇന്നു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ബാധകമാണ്.

*മേലുദ്യോഗസ്ഥനെ കീഴുദ്യോഗസ്ഥൻ ആത്മാർത്ഥമായി ബഹുമാനിക്കം.* "ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ ..." (6:5, 6). ദാസന്മാർ അനുസരിക്കേണ്ടതാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. അതേ തത്വം ജോലിക്കാർക്കും ബാധകമാണ്. ജോലിക്ക് നിയമിക്കുന്നവനെ ജോലി ചെയ്യുന്നവൻ സകലത്തിലും അനുസരിക്കണം-അയാളുടെ ജോലി അധികാരി നോക്കുന്ന സമയത്ത് മാത്രമായിരിക്കരുത്. അയാൾ മേലുദ്യോഗസ്ഥനെ പ്രസാദിപ്പിക്കണം, പക്ഷെ മുഖ്യ ഉദ്ദേശം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം. എങ്ങനെയായാലും, ക്രിസ്തീയ ജോലിക്കാരൻ ഓഫീസിലും ജോലിസ്ഥലത്തും, ബഹുമാനത്തോടും, ആദരവോടും, ആത്മാർത്ഥതയോടും കൂടെ ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ ജോലി ചെയ്യണം.

അതിൽ നിബന്ധനകൾ ഉൾപ്പെടുന്നില്ല. "നിങ്ങളുടെ യജമാനന്മാരെ അവരുടെ നിർദ്ദേശങ്ങൾ അർത്ഥവത്താണെങ്കിൽ അനുസരിക്കുക." "നിങ്ങൾക്ക് ഇഷ്ടമുള്ള ചുമതലകളാണ് നിങ്ങൾക്ക് നൽകുന്നതെങ്കിൽ യജമാനന്മാരെ അനുസരിക്കുക" എന്നല്ല പൗലൊസ് പറഞ്ഞത്. ക്രിസ്ത്യാനി ജോലി ചെയ്യേണ്ടത്, ബഹുമാനത്തോടും, ആദരവോടും, ആത്മാർത്ഥതയോടുംകൂടെ ആയിരിക്കണം എന്നാണ് അവൻ പറഞ്ഞത്.

ജോലിക്കാരൻ ജോലിക്ക് ആക്കിയ ആളെ ബഹുമാനിക്കാതിരിക്കുകയോ, സഹകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ, ദൈവം ലോകത്തിൽ വെച്ചിരിക്കുന്ന അധികാരവും കീഴ്പ്പെടലും എന്ന തത്വത്തിനെതിരായി മൽസരിക്കുകയാണ്. ആ തത്വം യജമാനനും/ജോലിക്കാരനും തമ്മിലുള്ള ബന്ധത്തിൽ പാലിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.

അനുസരണക്കേട് ദൈവത്തിന്റെ അധികാരവും/കീഴ്പ്പെടലും എന്ന തത്വത്തെ മാത്രമല്ല, അത് ക്രിസ്തീയ സാക്ഷ്യത്തെയും നശിപ്പിക്കും. ക്രിസ്ത്യാനി തന്റെ ജോലി സ്ഥാപനത്തിൽ പ്രത്യേകമായ മൂല്യവും നിലവാരവും കാത്തു സൂക്ഷിച്ചാൽ മാത്രമെ സുവിശേഷം പറയുവാനുള്ള വാതിൽ അയാൾ തുറക്കുന്നുള്ളു.

നാം നമ്മോടു തന്നെ ചോദിക്കേണ്ടത്, "ഞാൻ എന്റെ വിശ്വാസം മേലധികാരിയോടോ, സഹപ്രവർത്തകരോടോ അറിയിക്കുമ്പോൾ, ഞാൻ ചെയ്യുന്ന ജോലി എന്റെ സാക്ഷ്യത്തോട് വിശ്വസ്തത പുലർത്തുന്നതാണോ?" എന്നാണ്.

*ജോലിക്കാരന് ജോലി കൊടുത്തവനോട് തുറന്ന മനോഭാവമാണ് ഉണ്ടാകേണ്ടത്.* "ദാസന്മാരേ, നിങ്ങളുടെ യജമാനന്മാരായവരെ ... ക്രിസ്തുവിനെ

എന്നപോലെ ... മനുഷ്യർക്കെന്നപോലെയല്ല, കർത്താവിന് എന്ന പോലെ അനുസരിപ്പിൻ" (6:5-7). പൗലൊസ് ഇതിനു സമാനമായ നിർദ്ദേശം കൊലൊസ്യയിലെ ക്രിസ്ത്യാനികൾക്ക് നൽകിയിരിക്കുന്നത് "നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർക്കെന്നല്ല, കർത്താവിന്ന് എന്നപോലെ ചെയ്‌വിൻ" (കൊലൊ. 3:23). ഭൂമിയിൽ കർത്താവ് നമ്മെ മേൽനോട്ടം നടത്തുന്നു എന്ന പോലെ വേണം ഒരു ക്രിസ്തീയ ജോലിക്കാരൻ തന്റെ ജോലി ചെയ്യുവാൻ. "യേശു ഈ വീട്ടിൽ വസിക്കേണ്ടതിനാണ് ഞാൻ ഈ വീട് പണിയുന്നത്" എന്നായിരിക്കണം ജോലി ചെയ്യുമ്പോൾ നാം ചിന്തിക്കേണ്ടത്; "യന്ത്രങ്ങളുടെ ഭാഗങ്ങൾ ഞാൻ നിർമ്മിക്കുമ്പോൾ, യേശു അത് ഉപയോഗിക്കുവാൻ പോകുന്നു" എന്നു ചിന്തിച്ചുകൊണ്ടായിരിക്കണം പണിയേണ്ടത്. നാം അക്ഷരികമായി യേശുവിനു വേണ്ടിയാണ് പ്രവർത്തിക്കുന്നതെങ്കിൽ, വാദിക്കുകയോ, താമസിക്കുകയോ ചെയ്യുകയില്ല. പൗലൊസ് പറഞ്ഞതനുസരിച്ച് അങ്ങനെയാണ് നാം നമ്മുടെ മേലധികാരികളോട് പെരുമാറേണ്ടത്.

ഒരു ക്രിസ്തീയ ജോലിക്കാരന് തുറന്ന മനസോടെ ജോലി ചെയ്യുവാൻ കഴിയുന്നില്ലെങ്കിൽ അയാൾ ഒരു തിരഞ്ഞെടുപ്പ് നടത്തണം: ഒന്നുകിൽ അയാൾ ജാലി മാറണം, അല്ലെങ്കിൽ അയാൾ തന്റെ മനോഭാവം മാറ്റണം. ഒന്നാം-നൂറ്റാണ്ടിലെ ദാസന്മാർക്ക് കർത്താവിനെ എന്ന പോലെ തങ്ങളുടെ യജമാനന്മാരെ അനുസരിക്കുവാൻ കഴിഞ്ഞു എങ്കിൽ, നമുക്കും നമ്മുടെ മേലധികാരികളെ അനുസരിക്കുവാൻ കഴിയും! നാം ഓരോരുത്തരും ജോലി ചെയ്യുമ്പോൾ പ്രദർശിപ്പിക്കുന്നത് നമ്മിൽ വസിക്കുന്ന ആത്മാവിനെയാണ്.

*ജോലി ചെയ്യുന്ന ആൾ ജോലിക്ക് നിയമിച്ചവനെ ഏറ്റവും നന്നായി സേവിക്കുന്നത് യുക്തിയുക്തതയാണ്.* ആത്മാവ്-നിറഞ്ഞ ഒരു ജോലിക്കാരൻ പ്രാധാന്യമുള്ള ജോലിയും മനോഭാവവും പ്രകടിപ്പിക്കുന്നതിന് തിരുവെഴുത്ത് രണ്ട് കാരണങ്ങൾ വ്യക്തമാക്കുന്നു. ഒന്ന് ക്രിയാത്മകമാണ്; മറ്റൊന്ന് നിഷേധപരമാണ്. ക്രിയാത്മക കാരണം വാക്യം 8-ൽ പറയുന്നു: "ദാസനോ സ്വതന്ത്രനോ, ഓരോരുത്തൻ ചെയ്യുന്ന നന്മക്ക് കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലൊ."

പൗലൊസിന്റെ കാലത്ത് അടിമകളെ അവർ എത്ര വിദ്യാഭ്യാസം ഉള്ളവരായിരുന്നാലും, വസ്തുക്കളായിട്ടായിരുന്നു കണ്ടിരുന്നത് എന്നു നാം ശ്രദ്ധിക്കയുണ്ടായി. വിദ്യാഭ്യാസവും പരിഷ്ക്കാരവുമുള്ളവനായിരുന്നാലും ക്രിസ്ത്യാനി ആണെങ്കിൽ, അയാളുടെ പുതിയ വിശ്വാസം മൂലം കൂടുതൽ പരുഷമായ പെരുമാറ്റം നേരിടേണ്ടി വരും. അവരുടെ കഴിവനുസരിച്ചുള്ള ഏറ്റവും നല്ല പ്രകടനം നടത്തുന്നത് ദാസന്മാർ വിട്ടുകളയരുത് എന്നാണ് പൗലൊസ് അവരെ ഉത്തേജിപ്പിച്ചത്, കാരണം കർത്താവ് അവരുടെ സേവനത്തിനു പ്രതിഫലം നൽകുവാനിരിക്കുന്ന ദിവസം വരുന്നു.

തൊഴിലാളികളായ നമുക്ക്, ഈ ജീവിതത്തിൽ അർഹമായത് കിട്ടണമെന്നില്ല. നമുക്ക് അധിക ജോലിയും കുറവ് ശമ്പളവുമായിരിക്കാം ലഭിക്കുന്നത്. എങ്ങനെയായാലും, കർത്താവ് ബാക്കി തരുവാനുള്ള ദിവസം വരുന്നു.ക്രിസ്ത്യാനിക്ക് തന്റെ ജോലിക്ക് മുഴുവൻ ശമ്പളവും ഇവിടെ ലഭിക്കുകയില്ല. ഒരിക്കൽ, യേശു തന്റെ വിശ്വസ്തരായവർക്ക് "അവകാശമെന്ന പ്രതിഫലം" നൽകും. വാസ്തവത്തിൽ, നാം നമ്മുടെ ജോലിയിലും, അവനെയാണ് സേവിക്കുന്നത്. നാം എവിടെ ജോലി ചെയ്താലും, ആരുടെ കീഴിൽ ജോലി ചെയ്താലും, നമ്മുടെ യഥാർത്ഥ യജമാൻ കർത്താവാണ്. എന്ത് അന്യായം

നാം ഓരോ ദിവസവും അനുഭവിക്കേണ്ടിവന്നാലും, നമ്മുടെ പെരുമാറ്റത്തെ നാം നിയന്ത്രിക്കരുത്. നാം ഹൃദയപൂർവ്വമായിട്ടാണ് ജോലി എല്ലാം ചെയ്യുന്നതെങ്കിൽ, കർത്താവ് തക്ക സമയത്ത് നമ്മുടെ പ്രതിഫലം മുഴുവനും തരും.

അത്തരം ജോലിയുടെ നിഷേധഭാവം നമുക്ക് കൊലൊസ്സ്യർ 3:24, 25-ൽ കാണാം. "അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്യുന്ന അന്യായത്തിന്നു ഒത്തതു പ്രാപിക്കും. മുഖപക്ഷമില്ല."

ക്രിസ്ത്യാനികൾ തങ്ങളുടെ ജോലിയിൽ കള്ളത്തരം ചെയ്യുവാൻ പാടില്ല. അതിന് യാതൊരു ഒഴികഴിവുമില്ല. നമ്മുടെ തെറ്റുകൾക്ക് നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുവാൻ പാടില്ല. ദൈവം എല്ലാം കാണുകയും തെറ്റുകൾക്കായാലും ഒത്തതു ചെയ്യും.

ചിലപ്പോൾ, ക്രിസ്ത്യാനിയായ ഉദ്യോഗസ്ഥന് മറ്റൊരു ക്രിസ്ത്യാനിയുടെ കീഴിൽ ജോലി ചെയ്യേണ്ടതായി വന്നേക്കാം, അപ്പോൾ തന്റെ ജോലി കുറക്കുവാനോ ഉൽപാദനം കുറക്കുവാനോ പാടില്ല. അതിൽനിന്നു വ്യത്യസ്തമായി, മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും ക്രിസ്തുവിൽ സഹോദരങ്ങളാണെങ്കിൽ, ബഹുമാനത്തിലും ജോലിയിലും ഏറ്റവും നന്നായിരിക്കുവാൻ ശ്രമിക്കണം.

*മേലുദ്യോഗസ്ഥന് കീഴുദ്യോഗസ്ഥനോടുള്ള മനോഭാവം*. "യജമാനന്മാരേ, അവരുടേയും നിങ്ങളുടേയും യജമാനൻ സ്വർഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ട്, അങ്ങനെ തന്നെ അവരോട് പെരുമാറുകയും, ഭീഷണി വാക്ക് ഒഴിക്കയും ചെയ്വിൻ ..." (6:9). ഒന്നാം-നൂറ്റാണ്ടിൽ ദാസന്മാരെ-അവകാശമാക്കിയിരുന്ന യജമാനന്മാർക്ക് ഇത് പരിശീലിക്കുവാൻ എത്രമാത്രം പ്രയാസം നേരിട്ടിരുന്നു! റോമൻ സാമ്രാജ്യത്തിലെ ഒരു യജമാനന് തന്റെ ദാസന്റെ മേൽ ജീവന്റേയും മരണത്തിന്റേയും അവകാശം അടക്കം പൂർണ്ണമായ നിയന്ത്രണം ഉണ്ടായിരുന്നു. ഇവിടെ, പൗലൊസ് പറയുന്നത് ആത്മ-നിറവുള്ള യജമാനൻ പ്രത്യേകതയുള്ളവനാണ് എന്നത്രെ. അവൻ തന്റെ ദാസനോട് തുല്യമായും ന്യായമായും പെരുമാറണം.

ഇവിടെ പഠിപ്പിച്ച തത്വം എന്താണ്? അത് മത്തായി 7:12 ലെ "സുവർണ്ണ നിയമത്തേക്കാൾ" ഒട്ടും കുറഞ്ഞതല്ല. തങ്ങളുടെ പങ്ക് തിരിച്ചായാൽ എങ്ങനെയായിരിക്കണം എന്നു ചിന്തിച്ച് വേണം മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥനോട് പെരുമാറുവാൻ.

തനിക്കു വേണ്ടി ജോലി ചെയ്യുന്ന ആളുകളോട് ക്രിസ്തീയ മാനേജർമാർക്ക് ആഴമേറിയ ഉത്തരവാദിത്തമാണുള്ളത്. ജോലിക്കാരുടെയെല്ലാം ക്ഷേമം നോക്കേണ്ടയാളാണ് മാനേജർ, പൗലൊസ് പറഞ്ഞു, "നിങ്ങൾ അങ്ങനെ തന്നെ ചെയ്യേണം." തന്റെ ജോലിക്കാരെല്ലാം അവരുടെ കഴിവനുസരിച്ച് പരമാവധി ജോലി ചെയ്യണമെന്ന് മേലുദ്യോഗസ്ഥൻ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അയാൾ ജോലിക്കാരോടെല്ലാം പരമാവധി ഏറ്റവും നന്നായി ഇടപെടണം.

*മേലുദ്യോഗസ്ഥന് കീഴുദ്യോഗസ്ഥനോടുള്ള ശരിയായ മനോഭാവം*. യജമാനൻ തൊഴിലാളിയോട് മോശമായി സംസാരിക്കരുത്, പൗലൊസ് യജമാനന്മാരോട് പറഞ്ഞത്, "*ഭീഷണി വാക്ക്*" ഒഴിവാക്കുവിൻ എന്നാണ്. ന്യായവിധിനാൾ അവനോടൊപ്പം നിങ്ങൾ നിൽക്കേണ്ടത് ഒരേ ദൈവത്തിന്റെ മുൻപിലാണ്. അത്തരത്തിലല്ല ഒരു ജോലിക്കാരനെ ജോലി ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടത്.

യേശു തന്റെ അനുയായികളെ ഒരിക്കലും അങ്ങനെ ചെയ്തിരുന്നില്ല.

കീഴുദ്യോഗസ്ഥന് മുകളിൽ ഒരു യജമാനൻ ഉള്ളതുപോലെ തന്നെ തനിക്കും ഒരു യജമാനൻ മുകളിലുണ്ടെന്നാണ് നല്ല ഒരു മേലുദ്യോഗസ്ഥൻ ചിന്തിക്കേണ്ടത്. ക്രിസ്ത്യാനികളായവർ തങ്ങളുടെ കഴിവനുസരിച്ച് പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുന്നവരോട് ദൈവം മുഖപക്ഷം കാണിക്കാത്തവനാണെങ്കിൽ, ദൈവിക തത്വങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന യജമാനന്മാരോടും അവൻ മുഖപക്ഷം കാണിക്കുകയില്ല എന്നോർക്കുക.

*ഉപസംഹാരം.* നാം ഒരു “സാമൂഹ്യ സുവിശേഷം” അല്ല പ്രസംഗിക്കുന്നത്, മറിച്ച് സമൂഹം അന്തർലീനമായിരിക്കുന്ന സുവിശേഷം ആണ് നാം പ്രസംഗിക്കുന്നത്. നമ്മുടെ ജീവിതം നാം ദൈവത്തിനും അവന്റെ ആത്മാവിനും കീഴ്പ്പെടുത്തി കൊടുത്താൽ, തീർച്ചയായും നമ്മുടെ ജോലിസ്ഥലത്ത് ആ വ്യത്യാസം കാണും. ക്രിസ്ത്യാനിത്വം എന്നു പറയുന്നത് സഭായോഗത്തിനു മാത്രമുള്ളതല്ല; അത് നമ്മുടെ ജോലി പരിതസ്ഥിതിക്കുമുള്ളതാണ്! നാം നമ്മുടെ ജോലി മുഖാന്തരം ആത്മാവിന്റെ സ്വാധീനം കാണിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ ആരാധനയുടെ സാക്ഷ്യം സ്വീകരിക്കുവാൻ നമ്മുടെ സഹപ്രവർത്തകർക്ക് ബുദ്ധിമുട്ട് ഉണ്ടാകയില്ല!

ക്രിസ് ബുള്ളാർഡ്

**നമ്മുടെ ശത്രു (6:10-12)**

നമ്മുടെ പ്രതിയോഗിയും കുറ്റാരോപകനുമാണ് സാത്താൻ. അവൻ ശക്തിയുള്ളവനും (1 പത്രൊ. 5:8) നമുക്ക് എതിരായി വഞ്ചിക്കുന്ന തന്ത്രങ്ങൾ ഉപയോഗിക്കുന്നവനുമാണ്. നമ്മെ ആക്രമിക്കുവാൻ അവൻ ഉപായങ്ങളും സൂത്രങ്ങളും ആവിഷ്ക്കരിക്കും. കഴിഞ്ഞ തലമുറകളിൽ അവൻ ചെയ്തതുപോലെ ഇന്നും അവൻ ആളുകളെ പാപം ചെയ്യുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. 1 യോഹന്നാൻ 2:15–17–ൽ, യോഹന്നാൻ പറഞ്ഞു, “ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം” എന്നീ മൂന്നു വിധത്തിലാണ് ആളുകൾ പാപം ചെയ്യുന്നത്. ശരീരത്തിന്റെ ആർത്തിയടക്കം ഉള്ളതാണ് “ജഡമോഹം.” കിട്ടാനുള്ള ആഗ്രഹം അടങ്ങുന്നതാണ് “കൺമോഹം.” നേടുവാനുള്ള ഇഛയടക്കമുള്ളതാണ് “ജീവനത്തിന്റെ പ്രതാപം.”

ഉൽപത്തി 3:6–ൽ സർപ്പം ഹവ്വയെ ഈ മൂന്നു വിധത്തിലായിരുന്നു പരീക്ഷിച്ചത്. വിലക്കപ്പെട്ട ഫലം തിന്മാൻ “നല്ലത്” ആണെന്നും (ജഡമോഹം), “കാൺമാൻ ഭംഗിയുള്ളതാണെന്നും” (കൺമോഹം), “ജ്ഞാനം പ്രാപിപ്പാൻ കാമ്യവും” (ജീവനത്തിന്റെ പ്രതാപം) എന്ന് അവൾ കണ്ടു.

യേശു മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടപ്പോൾ, സാത്താൻ ഈ വിധത്തിൽ തന്നെയാണ് അവനെ സമീപിച്ചത്. കല്ല് അപ്പമാക്കി ഭക്ഷിക്കുവാൻ പറഞ്ഞത് ജഡമോഹമായിരുന്നു. ലോകത്തുള്ള രാജത്വങ്ങളെ കാണിച്ചു കൊടുത്തത് കൺമോഹമായിരുന്നു. ദൈവാലയ ഗോപുരത്തിൽ നിന്നു ചാടിയാൽ ദൈവം അവനെ താങ്ങുമെന്നത് ജീവനത്തിന്റെ പ്രതാപവുമായിരുന്നു (മത്താ. 4; ലൂക്കൊ. 4).

ഇന്നും താരതമ്യം ചെയ്യാവുന്ന പരീക്ഷണങ്ങളെ നാം നേരിട്ടേക്കാം. ഈ മൂന്നു വിധത്തിലാണ് സാത്താൻ ആളുകളെ പരീക്ഷിക്കുന്നത്. ശരീരത്തിന്റെ ആർത്തിയും കിട്ടുക, നേടുക എന്നിവ അതിൽ തന്നെ തെറ്റുള്ളവയല്ല. പക്ഷെ നാം മുൻഗണനാക്രമം അനുസരിക്കാതെ അവയെ നിയമരഹിതമായി

ഉപയോഗിച്ചാൽ തെറ്റിലകപ്പെടും.

തന്റെ മരണത്താലും ഉയർത്തെഴുന്നേൽപിനാലും ക്രിസ്തു സാത്താനെ തോൽപിച്ചു എന്നതാണ് സുവിശേഷം (എബ്രാ. 2:14, 15; വെളി. 20:10).

ജേയ് ലോക്ഹാർട്ട്

**ദൈ-ന-ന്ദിന പോരാട്ടങ്ങൾ: നമ്മുടെ ശത്രു,സാത്താൻ ആണെന്ന് അറിഞ്ഞുകൊണ്ടായിരിക്കണം (6:10-12)**

നാം ദൈവത്തിനായി ജീവിക്കുന്നുവെങ്കിൽ, നമുക്ക് വലിയ പോരാട്ടം കഴിക്കേണ്ടി വരും. കൂടാതെ, ജഡമനുഷ്യന്റെ വേഷത്തിലുള്ളവരെയല്ല നാം നേരിടേണ്ടത്; മറിച്ച്, മാരകമായ ദുഷ്ടാത്മ സേനകളോടാണ് നമുക്ക് പോരാട്ടം ഉള്ളത്. ആ പോരാട്ടം ഇരുട്ടും വെളിച്ചവും തമ്മിലും, ജീവനും മരണവും തമ്മിലും, സ്വർഗവും നരകവും തമ്മിലുമാണ്. യേശുവിന്റെ നാമം ധരിച്ച എല്ലാവർക്കും പോരാട്ടമുണ്ടാകും. ആരും ഒരു കാരണത്താലും ഒഴിവുള്ളവരല്ല; എല്ലാവരും പൊരുതണം.

എങ്ങനെയാണ് പോരാടുക? നമുക്ക് വിജയിക്കുവാനായി നയതന്ത്രപരമായി എന്തെങ്കിലും ഉണ്ടോ? ഇരുട്ടിന്റെ സകല ശക്തിയോടും പോരാടുവാനുള്ള ദൈവിക നയതന്ത്രങ്ങൾ പൗലൊസ് നൽകിയിട്ടുണ്ട്.

വിജയിക്കുവാനുള്ള ആദ്യപടി 6:10-12-ൽ കാണാം. ശത്രുവിന്റെ തന്ത്രങ്ങളോട് പോരാടുവാൻ നാം കർത്താവിന്റെ ശക്തിയിൽ ആശ്രയിക്കണം.

> ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയോടുമത്രെ. (6:10-12).

ശത്രുവിനെ അറിയുവാനും മനസിലാക്കുവാനുമുള്ള ബുദ്ധിപരമായ കഴിവാണ് ഏതൊരു സൈന്യത്തിന്റേയും മികവ് തെളിയിക്കുന്നത്. ശത്രു എവിടെ ആണെന്നും ആരാണെന്നും അറിയാതെ നമുക്ക് എങ്ങനെ അവനെ തോൽപിക്കുവാൻ കഴിയും? ദൈവ വചനമനുസരിച്ച് നമ്മുടെ യഥാർത്ഥ പ്രതിയോഗി പിശാചാണ്.

സാത്താന്റെ തുടക്കത്തെ കുറിച്ച് ദൈവം വ്യക്തമായി പറയുന്നില്ലെങ്കിലും, അവൻ ആരെ പോലെയിരിക്കും, എന്തു ചെയ്യും, അവൻ എവിടെയാണ് എന്നെല്ലാം അവൻ നമ്മോട് പറഞ്ഞിരിക്കുന്നു. വിജയിക്കുവാൻ ആഗ്രഹിക്കുന്ന ക്രിസ്തുവിന്റെ ഓരോ പടയാളിയും ശത്രുവിനെ കുറിച്ച് അറിഞ്ഞിരിക്കണം.

സാത്താൻ ദൈവം അല്ലായ്കയാൽ, സൃഷ്ടിക്കപ്പെട്ടതാകകൊണ്ട്, ദൈവത്തെ പോലെ നിത്യനായിരിക്കുകയില്ല. അതിനാൽ അവന്റെ അറിവും പ്രവൃത്തികളും പരിമിതമാണ്. അവൻ സർവ്വജ്ഞാനിയോ, സർവ്വശക്തനോ, സർവ്വവ്യാപിയോ അല്ല. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തി ഉണ്ടെങ്കിൽ, അവൻ ജയിക്കുവാൻ സാധ്യമല്ലാത്ത ശത്രു അല്ല. നമ്മുടെ പ്രതിയോഗിയായ ശത്രുവിനെ കുറിച്ച് പൗലൊസ് എഫെസ്യർ ലേഖനത്തിലെ 6-ൽ പ

റഞ്ഞിരിക്കുന്നത് നമുക്ക് പരിശോധിക്കാം.

*സാത്താൻ തന്ത്രശാലിയാണ്* (6:11). സാത്താൻ ആർക്കെങ്കിലും സ്വർഗ മോ നരകമോ വാഗ്ദാനം ചെയ്യുന്നുണ്ടോ? തീർച്ചയായും ഇല്ല! ആരും സ്വയ മായി നിത്യ യാതനയും തുടർന്നു നിത്യ നരകവും തിരഞ്ഞെടുക്കുകയില്ല എന്ന് അവനു അറിയാം. അവന്റെ സൂത്രങ്ങളുപയോഗിച്ച് അവൻ നമ്മുടെ ഉള്ളിലേക്ക് ധാരാളം ഉപായങ്ങൾ കടത്തി വിടും. സാത്താൻ നമ്മെ തോൽപി ക്കരുത് എന്ന് പൗലൊസ് പ്രബോധിപ്പിച്ചിരിക്കുന്നു. "അവന്റെ തന്ത്രങ്ങളെ കുറിച്ച് നാം അറിയാത്തവരല്ലല്ലൊ" (2 കൊ. 2:11).

എന്തെല്ലാമാണ് അവന്റെ തന്ത്രങ്ങൾ? മൂന്നുവിധത്തിലാണ് സാത്താൻ ആക്രമിക്കുന്നത്: ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം (1 യോഹ. 2:15-17). ഒരിക്കൽ മാത്രം തെറ്റു ചെയ്തിട്ട് പിന്നെ ചെയ്യാതിരിക്കാ മെന്ന് അവൻ നമ്മെക്കൊണ്ട് ചിന്തിപ്പിക്കും. ഇപ്പോൾ ഈ ആവശ്യമാണ് ലോകത്തിൽ ഏറ്റവും വലുതെന്നും അത് നമ്മെ സന്തോഷിപ്പിക്കുമെന്നും അവൻ നമ്മിൽ ചിന്ത ഉണർത്തിക്കും. ക്രമേണ ലഭിക്കുന്ന ശിക്ഷയെക്കാൾ, ഇപ്പോൾ ലഭിക്കുന്ന സുഖമാണ് വലുത് എന്ന് പിശാച് നമ്മോട് പറയും. സൂത്ര ത്തിലുള്ള ആത്മിയ മൽസരത്താൽ അവൻ ആളുകളെ താഴ്ത്തിക്കളയും. മനു ഷ്യ സങ്കൽപം, ബുദ്ധി, എന്നിവ ഒന്നും പിശാചിന്റെ സൂത്രത്തിൽ വിലപ്പോകു കയില്ല. ആ സൂത്രശാലിയോട് പോരാടുവാൻ നമുക്ക് ദൈവത്തിന്റെ സഹായം ആവശ്യമാണ്.

*സാത്താൻ ആത്മിയനാണ്* (6:12). എല്ലാ ആത്മിയതയും നീതിയുള്ള തല്ല എന്ന തിരിച്ചറിവ് കർത്താവിന്റെ സഭയിലെ അംഗങ്ങൾക്കുണ്ടാകുന്നത് വലിയ കാര്യമാണ്. ബൈബിൾ പറയുന്നു, "പ്രിയമുള്ളവരേ, കള്ളപ്രവാചക ന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ, ഏത് ആത്മാവിനേയും വിശ്വാസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ ..." (1 യോഹ. 4:1). സാത്താന്റെ കൊടിക്കീഴിൽ അനേകം വഞ്ചി ക്കുന്ന ആത്മാക്കൾ ലോകത്തിലേക്ക് വന്നിട്ടുണ്ട്.

നമുക്ക് എതിരായി പോരാടുന്ന ശത്രുവിനെ വാളുകൊണ്ട് വെട്ടിയോ അല്ലെങ്കിൽ തോക്കുകൊണ്ട് വെടിവെച്ചോ ഇല്ലാതാക്കുവാൻ കഴിയുകയില്ല. അവന് ഭൂതങ്ങളുടെ ശക്തിയാണുള്ളത്, അത്, നുണയും ദുരുപദേശങ്ങളും, വ്യാജമതങ്ങളും, വ്യാജ തത്വങ്ങളും, ബുദ്ധിപരമായി സത്യത്തെ മറിച്ചുകള ഞ്ഞുമാണ് അവൻ വരുന്നത്. നമ്മുടെ ശത്രു ആത്മാവാണ്. മറ്റൊരു അദൃശ്യ മായ പ്രതലത്തിലാണ് അവൻ സ്ഥിതിചെയ്യുന്നത്.

*സാത്താൻ ശക്തനാണ്* (6:12). സാത്താന് അത്ഭുതകരമായ ശക്തിയാണു ള്ളത്; ജഡരക്തത്തിൽ ജീവിക്കുന്ന നമുക്ക് കാണുവാൻ പറ്റാത്ത എതിരാ ളിയാണ് അവൻ. നമ്മുടെ ആത്മിയ ശത്രൂവിന്റെ ശക്തിയെ നാം ഒരിക്കലും കുറച്ചു കാണരുത്.

സാത്താൻ വളരെ ശക്തവാനാണ് എന്നു പറയുവാനുള്ള ഒരു കാരണം അവൻ ഒറ്റക്കല്ല എന്നതാണ്. അവന്റെ ആത്മിയ ദുഷ്ടതയെ പിന്താങ്ങുവാനും സഹായിക്കുവാനും അവന് അസംഖ്യം ദൂതന്മാരുണ്ട്. 6:12-ൽ അവ, വാഴ്ച്ച കളും, അധികാരങ്ങളും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനകളുമാണെന്ന് പറയുന്നു. ഭൂതങ്ങളുടെ സേനയിൽ എത്രപേരുണ്ടായിരിക്കുമെന്ന് നമുക്ക് അറിയില്ല.

സാത്താനെ ആളുകൾ ചുവന്ന വസ്ത്രം ധരിച്ച് തലയിൽ രണ്ട് കൊമ്പു

കളും കയ്യിൽ ഒരു കരണ്ടിയുമുള്ള രൂപമായി ചിരിച്ചു തള്ളുന്നത് എത്ര അപകടകരമാണ്! സാത്താൻ പ്രപഞ്ചത്തിന്റെ ഒരു കോമാളിയല്ല. അവൻ ഈ ലോകത്തിന്റെ ദൈവം എന്നാണ് പൗലൊസ് പറഞ്ഞത് (2 കൊ. 4:4). അവൻ ശക്തിയോടെയാണ് വാഴുന്നത്. അവൻ ബലഹീനനല്ല; അവൻ ബലവും, ശക്തിയുമുള്ളവനാണ്. നമുക്ക് സ്വയം അവനെ നേരിടുവാൻ കഴിയാത്തത്ര അധികാരവും അവനുണ്ട്. നാം ബലഹീനരാണ്. യുദ്ധം ജയിക്കുവാനുള്ള ശക്തി നമ്മിലുണ്ടെന്ന് വിചാരിക്കുന്നതാണ് നമ്മുടെ പരാജയങ്ങൾക്ക് കാരണം. യുദ്ധം ജയിക്കുവാൻ "കർത്താവിലും അവന്റെ അമിത ബലത്തിലും നാം ശക്തിപ്പെടണം" (6:10).

*സാത്താൻ വഞ്ചകനാണ്.* അത്തരം ഒരു ശത്രുവാണ് നമുക്ക് ഉള്ളത്. ദൈവം അല്ല എല്ലാം എന്ന തോന്നലാണ് സാത്താൻ ജനിപ്പിക്കുന്നത്. ദൈവം വെളിച്ചമായിരിക്കെ, സാത്താൻ ഇരുട്ടിൽ മാത്രം വാഴുന്നവനായിട്ടേ നമുക്ക് കാണുവാൻ കഴിയുകയുള്ളു. അവൻ ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനുമാണെന്നാണ് യേശു അവനെ കുറിച്ചു പറഞ്ഞത് (യോഹ. 8:44).

മനുഷ്യനിൽ കാണുന്ന അഴിമതിയും-ഉപദ്രവവും, ദുഷ്ടതയും, ഇരുട്ടും, കൈപ്പും, ഇണങ്ങാത്ത സ്വഭാവവും-എല്ലാം പിശാചിന്റേതാണ്. അവൻ എല്ലാ വഷളിന്റേയും അശുദ്ധിയുടേയും കാരണഭൂതനാണ്. അവൻ ഒരു ജീവിതത്തെ പോലും അനുഗ്രഹിച്ചിട്ടില്ല; ശരിയായതും വിശുദ്ധമായതും ചെയ്വാൻ അവൻ ആരെയും ഉത്തേജിപ്പിച്ചിട്ടില്ല. നമ്മുടെ ശത്രു ശരിക്കും ഒരു വഞ്ചകനാണ്.

*ഉപസംഹാരം.* വാസ്തവത്തിൽ സാത്താന്റെ യുദ്ധം നമ്മോടല്ല. വാസ്തവത്തിൽ അവൻ പരിശുദ്ധനായവനോടാണ് യുദ്ധം ചെയ്യുന്നത്, ദൈവം തന്റെ സ്നേഹവും പ്രതിപത്തിയും നമ്മോട് കാണിക്കുന്നതുകൊണ്ടാണ് അവൻ ക്രിസ്ത്യാനികൾക്ക് എതിരെ തിരിയുന്നത്. ആ യുദ്ധം ജയിക്കുവാൻ, നാം അവന്റെ വഞ്ചനാ സ്വഭാവവും ശക്തിയും അറിഞ്ഞിരിക്കണം.

### ദൈ-ന-ന്തിന പോരാട്ടങ്ങൾ: പൊരുതുവാൻ ഒരുങ്ങുക (6:13-20)

തന്റെ രാജ്യം മറിച്ചിട്ട് ദൈവത്തിന്റെ വാഴ്ച്ച തകർക്കുവാനായി ദൈവത്തിനെതിരായി വലിയൊരു സൈന്യം തന്നെ പ്രവർത്തിക്കുന്നു. ര*ണ്ട്* സിംഹാസനങ്ങൾ മാരകമായ പോരാട്ടത്തിലാണ്. ദൈവം രാജാധിരാജാവും കർത്താധികർത്താവുമായി മനുഷ്യഹൃദയങ്ങളിൽ വാഴുവാൻ ആഗ്രഹിക്കുന്നു, എന്നാൽ സാത്താൻ ആ അധികാരത്തെ മറിച്ചിടുവാൻ ശ്രമിക്കുന്നു. ദൈവമക്കളായ നമ്മോട്, ദൈവത്തിനെതിരായി യുദ്ധം ചെയ്യുന്ന ശത്രുവിനെതിരായി പോരാടുവാൻ വിളിച്ചിരിക്കുകയാണ്.

ആ യുദ്ധം ജയിക്കണമെന്നുണ്ടെങ്കിൽ ഓരോ ക്രിസ്ത്യാനിയും, മൂന്നുതരം പ്രതിരോധം തീർക്കണം. ഒന്നാമത്: നമ്മുടെ ശത്രുവിനെ കുറിച്ച് നാം നല്ലതുപോലെ പഠിക്കണം. ക്രിസ്തീയ പോരാളി പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ട നയതന്ത്രങ്ങൾ രണ്ടെണ്ണം കൂടെ പരിഗണിക്കണം.

*ദൈവത്തിന്റെ ആയുധത്തോടുകൂടെ നമ്മെ സജ്ജമാക്കണം.* നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോട് അല്ലായ്കയാൽ യുദ്ധം ജയിക്കുവാൻ നമുക്ക് ദൈവത്തിന്റെ ആയുധം ആവശ്യമാണ്.

(1) സത്യം കെട്ടണം (6:14). യുദ്ധത്തിനു പോകുന്ന റോമൻ പടയാളി ആദ്യം ചെയ്യുന്നത് തന്റെ അയഞ്ഞ കുപ്പായത്തെ ബെൽറ്റിട്ട് മുറുക്കുകയാണ്.

തന്റെ വസ്ത്രത്തെ ഇളകാത്ത വിധത്തിൽ സൂക്ഷിച്ച് അവന് അങ്ങോട്ടുമി ങ്ങോട്ടും സ്വതന്ത്രമായി ചലിക്കുവാൻ ആ ബെൽറ്റ് സഹായിക്കും.

പടയാളി തന്റെ ബെൽറ്റിൽ ആശ്രയിക്കും. അത് ഇന്ന് പലരും ധരി ക്കുന്നതുപോലെയുള്ള ഘനം കുറഞ്ഞ ഒന്നായിരുന്നില്ല. അത് തോൽകൊ ണ്ടുള്ളതായിരുന്നു, വസ്ത്രത്തെയും വാളിനെയും ഉറപ്പിച്ചു നിർത്തുവാൻ ഉപ കരിക്കുന്നതുമായിരുന്നു. യുദ്ധത്തിനു പോകുന്ന ഏതൊരാൾക്കും അവശ്യം വേണ്ട ഉപകരണമായിരുന്നു ബെൽറ്റ്.

ക്രിസ്ത്യാനിയുടെ ബെൽറ്റ് എന്താണ്? സത്യമാണ്. നമ്മുടെ പ്രതിയോഗി സൂത്രശാലിയും, ഉപായിയും, വഞ്ചകനുമാണെന്ന് നാം കണ്ടുകഴിഞ്ഞു. സത്യ ത്താൽ മാത്രമെ നമുക്ക് അവനെ ജയിക്കുവാൻ കഴിയുകയുള്ളു. ശത്രുവിന്റെ ഭോഷ്ക്കിനെ തുറന്നു കാണിക്കുന്നതാണ് സത്യം. ആ സത്യത്തിന്റെ ഉറവിട മാണ് ബൈബിൾ. യേശു പ്രാർത്ഥിച്ചു, "സത്യത്താൽ അവരെ വിശുദ്ധീകരി ക്കേണമേ; നിന്റെ വചനം സത്യം ആകുന്നു" (യോഹ. 17:17).

തെറ്റ്, ദുരുപദേശം, ആത്മിയയുക്തി എന്നിവ ഉപയോഗിച്ചാണ് പിശാച് പോരാടുന്നത്. സത്യം നമ്മിൽ നിറക്കാതെ അവന്റെ വഞ്ചനയോട് എതിരിടു വാൻ സാധ്യമല്ല. നാം ദൈവത്തിന്റെ വചനത്തിലേക്ക് ഇറങ്ങിച്ചെന്ന് നിറയെ ഭക്ഷിക്കണം, അവ മനസിലാക്കുവാൻ പ്രാർത്ഥിക്കയും വേണം. ആത്മീയമായി ദുഷ്ടശക്തികൾക്കെതിരെ യുദ്ധം ചെയ്യുവാൻ എല്ലാം യോജിപ്പിച്ച് ഉറപ്പിച്ചു നിർത്തുന്ന ബെൽറ്റ് എന്ന സത്യം നാം കെട്ടിയിരിക്കണം.

(2) നീതി എന്ന കവചം (6:14). പൗലൊസിന്റെ കാലത്ത് ര*ണ്ട്* വിധത്തി ലായിരുന്നു കവചം നിർമ്മിച്ചിരുന്നത്. തൂങ്ങി കിടക്കുന്ന ലോഹ തകിടിനെ ഘനമുള്ള ലിനൻ കൊണ്ട് മൂടിയിരിക്കും. കട്ടിയുള്ള ലോഹ തകിടോ അല്ലെ ങ്കിൽ നെയ്ത ലോഹ തകിടോ കൊണ്ടുണ്ടാക്കുന്നതാണ് സാധാരണ കവചം. അതിന് ഒരു പ്രവൃത്തിയാണുള്ളത്: പടയാളിയുടെ പ്രധാന അവയവങ്ങൾ സംരക്ഷിക്കുക. അത് കഴുത്ത് മുതൽ അര വരെ മുൻപിലും പുറകിലും മൂടി തല ഒഴിച്ച് ഉടലിന് കേടുവരാതിരിക്കുവാനാണ് അത്. തന്റെ കവചം ധരി ക്കാതെ ഒരു പടയാളിയും യുദ്ധത്തിന് പോകുകയില്ല.

ക്രിസ്തീയ പോരാളിയുടെ കവചം നീതിയാണ്. അത് ക്രിസ്ത്യാനിയുടെ ക്രിസതുവിലുള്ള നീതി മാത്രമല്ല (2 കൊ. 5:21), പിന്നെയോ വിശുദ്ധജീവിത ത്തിന്റെ പ്രായോഗിക നീതി കൂടെയാണ് (എഫെ. 4:24 നോക്കുക). നമുക്ക് ഈ കവചം ആവശ്യമാണ്. സാത്താൻ നമ്മെ നേരിടുന്നത്-തെറ്റും അശു ദ്ധിയുമായിട്ടാണ്-അതിന് നമുക്ക് സത്യമെന്ന ബെൽറ്റാവശ്യമാണ്. നാം പ രിശുദ്ധാത്മാവിന്റെ ശക്തിയിൽ, ദൈവഭക്തിയോടെ ജീവിച്ചാൽ സാത്താന്റെ അസ്ത്രങ്ങൾ നമ്മിൽ തറെക്കുകയില്ല. ജീവിതത്തിൽ നാം പ്രായോഗിക വിശുദ്ധി സൂക്ഷിച്ചില്ലെങ്കിൽ, സാത്താന് നമ്മെ ആക്രമിക്കുവാൻ നാം അവ സരം നൽകുകയായിരിക്കും.

(3) സുവിശേഷം എന്ന ചെരിപ്പ് (6:15). *കാലിഗുലി*[64]എന്നറിയപ്പെടുന്ന ഘനമുള്ള ചെരിപ്പാണ് റോമൻ പടയാളികൾ ധരിച്ചിരുന്നത്, അത് അടിയിൽ ആണികളുള്ള പ്രത്യേക തരം ചെരിപ്പാണ്, പടയാളിയുടെ കാല് തെറ്റിപ്പോകാ തിരിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള ഒന്നാണ്. അത് ഏതാണ്ട് ആധുനി ക സ്പോർട്ട്സിൽ പങ്കെടുക്കുന്നവർ ധരിക്കുന്ന ഷൂസ് പോലെയുള്ളതാണ്. പടയാളിക്ക് മുൾച്ചെടികളിൽകൂടെയും പരുപരുത്ത പ്രതലങ്ങളിൽകൂടെയും മാർച്ച് ചെയ്തു പോകേണ്ടതാണ്, അതിനു പറ്റിയ ചെരിപ്പാണ് അവർ ഉപ

യോഗിക്കുന്നത്.

നമ്മുടെ ആത്മിയമായ യുദ്ധത്തിൽ, സാത്താൻ നമ്മെ തട്ടിയിടും. സാത്താൻ കടന്നാക്രമണം നടത്തുന്നതിനെതിരെ ഉറച്ചു നിൽപാൻ നമുക്ക് ചെരിപ്പ് ആവശ്യമാണ്. ആ ചെരിപ്പാണ് "സമാധാന സുവിശേഷം." "ഇപ്പോൾ, ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" എന്നതാണ് ക്രിസ്ത്യാനികൾക്കുള്ള സമാധാനം (റോമ. 8:1). നാം അതിൽ നിൽക്കുമ്പോൾ സാത്താന് നമ്മെ തട്ടിയിടുവാൻ സാധ്യമല്ല.

(4) വിശ്വാസം എന്ന പരിച (6:16). ഒന്നാം നൂറ്റാണ്ടിൽ പ്രധാനമായും രണ്ടു തരം പരിചകളാണ് ഉണ്ടായിരുന്നത്. ഒരു പടയാളി നേർക്ക്-നേർ-നിന്ന് പൊരുതുമ്പോൾ ഉപയോഗിക്കുന്ന ചെറിയ പരിചയാണ്. പരിച യുദ്ധം ചെയ്യുന്ന ആളുടെ ഇടത്തു കയ്യിൽ പിടിക്കും, എതിരാളിയുടെ കഠാരി തുളച്ചു കയറാതെ തടുക്കുന്നതിനാണ് പരിച. അത്തരം പരിചയെ കുറിച്ചല്ല പൗലൊസ് ഇവിടെ പറയുന്നത്. പകരം, ഏകദേശം നാല് ഇഞ്ച് നീളവും രണ്ട-ര-ഇഞ്ച് വീതിയുമുള്ള വലിയ ഒരു പരിചയെ കുറിച്ചാണ് പറയുന്നത്. സാധാരണ അത് ഘനമുള്ളത്, രണ്ട് മര-ക്കഷണങ്ങൾ കൊണ്ടുണ്ടാക്കിയതും കട്ടിയുള്ള തോൽകൊണ്ട് മൂടിയതുമായിരിക്കും. തീർച്ചയായും, അത് അടുത്തുനിന്ന് യുദ്ധം ചെയ്യുന്നതിനുള്ളതല്ല. ആ പരിചക്ക് ഒരു ഉപയോഗമാണുള്ളത്: ആക്രമണസമയത്ത് ശരീരത്തെ മുഴുവൻ സംരക്ഷിക്കുക.

പരിചകളുടെ രണ്ട് അഗ്രവും ഒരു പുട്ട് പോലെ പൂട്ടി പടയാളികൾക്ക് ഒരു വലിയ മതിൽ പോലെ എതിരാളിക്ക് നേരെ പ്രതിരോധിക്കുവാൻ കഴിയും. അതായത്, തീർച്ചയായും നാം മാത്രമല്ല പോരാട്ടത്തിലുള്ളത് എന്ന് ഓർമ്മിക്കുക, വലിയ ഒരു സൈന്യം തന്നെ നമ്മുടെ പൊതു ശത്രുവിനോട് പൊരുതിക്കൊണ്ടിരിക്കുകയാണ്.

സംശയം, ഭോഷ്ക്ക്, കാപട്യ ചിന്ത, പാപം ചെയ്യുവാനുള്ള ദാഹം എന്നീ തീയമ്പുകളെ ചെറുക്കുവാന്തക്കവണ്ണമുള്ള പരിച എന്താണ്? നമുക്ക് ഒരു പരിചയാണ് ഉള്ളത്: വിശ്വാസം. ദൈവം നമ്മെ നിലനിർത്തുമെന്ന ആത്മവിശ്വാസവും ആശ്രയവുമാണ്. നാം അവനിലും അവന്റെ വാഗ്ദാനങ്ങളിലും വിശ്വസിക്കുന്നു. അവന്റെ വചനത്തിൽനിന്ന് നമുക്ക് പ്രോൽസാഹനം ലഭിക്കുന്നു. യോഹന്നാൻ ഇങ്ങനെ വിവരിച്ചിരിക്കുന്നു: "... ലോകത്തെ ജയിച്ച ജയമോ, നമ്മുടെ-വിശ്വാസം തന്നെ" (1 യോഹ. 5:4). നമ്മുടെ മുഖ്യപ്രതിരോധ മാർഗമാണ് ദൈവം-നൽകിയ വിശ്വാസം.

(5) രക്ഷ എന്ന ശിരസ്ത്രം (6:17). ക്രിസ്ത്യാനിയുടെ മനസിൽ രക്ഷയുടെ പൂർണ്ണമായ ഉറപ്പുണ്ട്. ഈ ലോകത്തിലെ ദുഷിച്ച ചിന്തകളിൽനിന്നു നമ്മുടെ മനസുകൾക്ക് സ്വാതന്ത്ര്യം നൽകി, നമ്മുടെ ചിന്തകളെ നമുക്ക് നിയന്ത്രിക്കുവാൻ കഴിയുന്നതോടെ, സാത്താനു നമ്മെ അകറ്റുവാൻ കഴിയാതെ വരും. നാം ദൈവവചനം പഠിച്ച്, അതിൽ വേരൂന്നി ജീവിക്കുമ്പോൾ, സാത്താന്റെ വഞ്ചനയിൽ കുടുങ്ങുകയില്ല. നമ്മുടെ രക്ഷയെ കുറിച്ചുള്ള തീർച്ച നിമിത്തം നമുക്ക് ദിവസവും നേരിടുന്ന പോരാട്ടത്തെ ചെറുക്കുവാൻ കഴിയും.

(6) ആത്മാവിന്റെ വാൾ (6:17). ഓരോ റോമൻ പടയാളിയുടേയും ഒരുവശത്ത് ബെൽറ്റിൽ ഒരു വാൾ തൂങ്ങിക്കിടന്നിരുന്നു. പ്രതിരോധിക്കുവാനും പൊരുതുവാനും സഹായിക്കുന്ന ആയുധമായിരുന്നു അത്. നേർക്ക്-നേർ-പൊരുതുന്ന ഏതൊരു പടയാളിക്കും ഈ വാൾ ഒഴിച്ചുകൂടാനാവാത്തതായിരുന്നു. അടുത്തു നിന്നു യുദ്ധം ചെയ്യുമ്പോൾ, എതിരാളിയുടെ ഹൃദയത്തിലേക്ക്

ആണ്ടിറങ്ങുവാൻ സഹായിക്കുന്ന ആയുധമായിരുന്നു അത്.

ക്രിസ്തീയ പോരാളിക്കും ഒരു വാളുണ്ട്. ഇത് ക്രിസ്ത്യാനിക്ക് ദൈവം നൽകിയതാണ്, സ്വയ രക്ഷക്കും ശത്രുവിനെതിരായി ഉപയോഗിക്കുവാനുള്ള താണ്. തന്റെ അനുയായികൾ ദുഷ്ടതക്ക് എതിരായി ചെറുത്തുനിൽക്കുവാൻ ആഗ്രഹിച്ചുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്, "... ഞാൻ എന്റെ സഭയെ പ ണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ. 16:18).

*നാം ആക്രമണത്തിൽ ഏർപ്പെടണം.* ശത്രുവായ സാത്താനെതിരായുള്ള യുദ്ധത്തിൽ ജയിക്കുവാനായി നാം അവസാനം, വാസ്തവത്തിൽ പോരാട്ട ത്തിൽ ഏർപ്പെടണം. വെറുതെ കടന്നുപോകുന്ന പടയാളികളാകുവാനല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. എവിടെയാണ് യുദ്ധം ആരംഭിക്കുന്നത് എന്ന് അറിയുമ്പോൾ നാം അതിശയിച്ചുപോകും.

> സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട്, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ. ഞാൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിന്നും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥി പ്പിൻ (6:18-20).

യുദ്ധത്തിന്റെ തയ്യാറെടുപ്പ് അല്ല പ്രാർത്ഥന; പ്രാർത്ഥനയോടുകൂടിയാണ് യുദ്ധം ആരംഭിക്കുന്നത്. ഒരിക്കൽ നാം യുദ്ധത്തിനുള്ള വേഷം ധരിച്ചാൽ, ഒരിക്കൽ നാം പ്രതിയോഗിയെ അറിഞ്ഞാൽ, നമ്മുടെ സഖ്യകക്ഷികളെ നാം അറിഞ്ഞുകഴിഞ്ഞാൽ, നാം ആക്രമണത്തിന് പോകുവാൻ ഒരുങ്ങി. കർത്താവിന്റെ സൈന്യം മുട്ടിന്മേൽ നിൽക്കുന്നു.

ക്രിസ്ത്യാനികൾ പ്രാർത്ഥിക്കരുത് എന്നാണ് പിശാച് ആഗ്രഹിക്കുന്നത്. നാം മറ്റെന്തു ചെയ്താലും അവനു പ്രശ്നമല്ല. നമ്മുടെ പദ്ധതികളെ പിശാച് പരിഹസിക്കും, എന്നാൽ നമ്മുടെ പ്രാർത്ഥന അവനെ ഭയപ്പെടുത്തും. ഇവി ടെയാണ് ഓരോ ക്രിസ്ത്യാനിയും ഒന്നുകിൽ വിജയിക്കുന്നത് അല്ലെങ്കിൽ പ രാജയപ്പെടുന്നത് എന്ന് അവന് അറിയാം.

നമ്മുടെ പ്രാർത്ഥനയെക്കാൾ നാം ശക്തിയുള്ളവരല്ല. കർത്താവിന്റെ സഭയുടെ ഒരു ഇടവകയും പ്രാർത്ഥനയെക്കാൾ ശക്തമായി ജീവിക്കുന്ന വരല്ല. യേശു മുന്നറിയിച്ചിരിക്കുന്നു, "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ, ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ" (മത്താ. 26:41). സഭക്ക് ആവശ്യം-ജീവനു ള്ള ദൈവത്തിന്റെ സൈന്യത്തിന് ആവശ്യം-പടയാളികളുടെ കൂടുതൽ പ്രാ ർത്ഥനയാണ്. അവർ ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവകാശപ്പെടുന്ന പ ടയാളികളാണ്. ശത്രുവിനെതിരെ ശക്തിയും ദൈവിക ഉറവിടങ്ങളും അവ കാശപ്പെടുന്നവരുമാണ്.

*ഉപസംഹാരം.* ഗ്രീക്ക് ഇതിഹാസത്തിൽ, ട്രോജൻ യുദ്ധത്തിലെ പ്രസിദ്ധനാ യ ഒരു പടയാളിയായിരുന്നു അക്കില്ലെസ്. ആ കഥയനുസരിച്ച്, അക്കില്ലെസ് കുട്ടിയായിരുന്നപ്പോൾ, അവന്റെ അമ്മ അവനെ കൊണ്ടുപോയി സ്റ്റിങ്സ് എന്ന പുണ്യ നദിയിൽ മുക്കി. അവനെ വെള്ളത്തിൽ മുക്കുമ്പോൾ, കുതികാലിൽ

പിടിച്ചു മുക്കിയതിനാൽ ആ ഭാഗം ഒഴിച്ച് മറ്റു ഭാഗങ്ങളെല്ലാം വെള്ളത്തിൽ മുങ്ങി. ട്രോജൻ യുദ്ധത്തിൽ, അക്കില്ലെസിന്റെ കുതികാലിൽ വിഷമുള്ള ഒരു അമ്പ് തറെച്ചതിനാൽ മരിച്ചുപോയി എന്നാണ് പറയുന്നത്. ശത്രുക്കൾക്ക് അവന്റെ ശരീരത്തിലെ കുതികാൽ ഒഴിച്ച് മറ്റൊരുഭാഗത്തും ആക്രമിച്ച് അവനെ കൊല്ലുവാൻ കഴിഞ്ഞിരുന്നില്ല.

ദൈവത്തിന്റെ പ്രധാന ശത്രുവായ പിശാചിനെതിരെ നാം വലിയൊരു യുദ്ധത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. ശത്രുവിനോടുള്ള പോരാട്ടത്തിൽ നമുക്ക് ഒരു വിടവും വിട്ടുകളയുവാനില്ല. യുദ്ധത്തിന്റെ എല്ലാ നയതന്ത്രങ്ങളും പൗലൊസ് നമുക്ക് വേണ്ടി വിവരിച്ചിരിക്കുന്നു. നാം നമ്മുടെ ശത്രുവിനേയും അവന്റെ തന്ത്രങ്ങളെയും അറിഞ്ഞിരിക്കണം. ദൈവത്തിന്റെ ആയുധങ്ങ*ളെല്ലാം* നാം ധരിച്ചിരിക്കണം; ഏതെങ്കിലും ഒരു ആയുധം എടുക്കാതെ അജയ്യരായിരിപ്പാൻ സാധ്യമല്ല. പിന്നെ നാം ദൈവത്തിന്റെ സഹായത്തിനായി പ്രാർത്ഥിച്ച് പ്രവർത്തിക്കുവാൻ തുടങ്ങണം.

ക്രിസ് ബുള്ളാർഡ്

**നമ്മുടെ സഖ്യകക്ഷികൾ (6:13-20)**

ശക്തിയുള്ള ശത്രുവായ, സാത്താനെയാണ് ക്രിസ്യാനികൾ നേരിടുന്നത്. വിജയസാധ്യത ഓർമ്മിപ്പിക്കുന്ന അസംഖ്യം സാക്ഷികൾ നമുക്ക് ചുറ്റുമുണ്ട്. എന്നാൽ യുദ്ധത്തിൽ നാം തനിച്ചല്ല (എബ്രാ. 12:1, 2).

ദൈവത്തിന്റെ വിശ്വസ്തതയെ നാം ഒരിക്കലും മറക്കരുത്, അവൻ എല്ലായ്പോഴും നമ്മെ സഹായിക്കുവാൻ സന്നദ്ധനാണ് (1 കൊ. 10:13). ശത്രുവിനെതിരെ നമ്മെ സംരക്ഷിക്കുവാനും പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനു നമ്മെ സഹായിക്കുന്നതിനും ഒരു കൂട്ടം ആയുധങ്ങൾ അവൻ നമുക്കായി കരുതിയിരിക്കുകയാണ് (6:13–20).

അവസാനമായി, നമ്മുടെ വശത്ത് ക്രിസ്തുവിന്റെ രക്തമുണ്ട് (വെളി. 12:11), അതിജീവിക്കുവാൻ നമ്മെ പ്രാപ്തമാക്കുവാനാണ്. "നാമോ നമ്മെ സ്നേഹിക്കുന്നവൻ മുഖാന്തരം ഇതിൽ ഒക്കെയും ജയം പ്രാപിക്കുന്നു" (റോമ. 8:37).

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]ജോസെഫസ് *ആന്റികിറ്റിസ്* 4.8.24. [2]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 403. [3]6:2, 3 ലെ കൽപനകൾ പഴയനിയമത്തിൽ നിന്നുദ്ധരിച്ചതിനാൽ എൻഏഎസ്ബിയിൽ വലിയ അക്ഷരത്തിലാണ് ഉള്ളത് (പുറ. 20:12; ആവ. 5:16 നോക്കുക). [4]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ്, വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 136. [5]ഇൻ ദ ഓൾഡ് ടെസ്റ്റമെന്റ്, "ലെങ്ത് ഓഫ് ഡെയ്സ്," ദൈവത്തെ അനുസരിക്കുന്നതുമായി ബന്ധപ്പെട്ടാണിരുന്നത് (സദൃശ. 3:1, 2; ആവ. 30:20 നോക്കുക). [6]ഇബിഡ്., 137. [7]ലിങ്കൺ, 406. [8]ഇബിഡ്., 409. [9]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ്

എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 748. [10]സിജി. വിൽക്കെ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ് ആന്റ് റെവ. ജോസെഫ് ഹെൻറി തേയർ (എഡിൻബറോ: ടി & ടി ക്ലാർക്ക് 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 473.

[11]ലിങ്കൺ, 407–8. [12]എസ്. ഡി. എഫ്. സാൽമണ്ട്, "ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്," ഇൻ *ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്,* എഡി, ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:377. [13]ലിങ്കൺ, 408. [14]നോക്കുക 1 കൊ. 7:21, 22; കൊലൊ. 3:22; 4:1; 1 തിമൊ. 6:1, 2; തിത്തൊ. 2:9, 10; 1 പത്രൊ. 2:18–25. [15]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂ ടെസ്റ്റമെന്റ്,* 2ഡ് എഡി. (ചാറ്റനൂഗാ: ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1991), 963. [16]ഇബിഡ്., 965. [17]സാൽമണ്ട്, 378–79. [18]സോദിയേറ്റ്സ്, 889. [19]ലിങ്കൺ, 422. [20]സാൽമണ്ട്, 378–79.

[21]ലിങ്കൺ, 423–24. [22]ആ വാക്ക് ഫിലി. 3:1; 4:8; 2 തെസ്സ. 3:1-ൽ "അവസാനം" എന്നും തർജിമ ചെയ്തിരിക്കുന്നു. [23]ലിങ്കൺ, 441. [24]ഇബിഡ്., 442. [25]ഇബിഡ്. [26]സാൽമണ്ട്, 382. [27]ലിങ്കൺ, 443. [28]സാൽമണ്ട്, 383. [29]ലിങ്കൺ, 444. [30]നോക്കുക 2:2; 2 കൊ. 2:11; 10:4; 1 പത്രൊ. 5:8.

[31]നോക്കുക 2 കൊ. 11:14; 1 തിമൊ. 4:1; വെളി. 2:9. [32]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റഫറൻസ് ലൈബ്രറി, 1975), 893. [33]വൂവെസ്റ്റ്, 142. [34]കൂടാതെ നോക്കുക ഗലാ. 5:1; 1 തെസ്സ. 3:8; 2 തെസ്സ. 2:15. [35]എൻഏഎസ്ബിയുടെ ചില പ്രിന്റിങ്ങുകളുടെ കുറിപ്പുകൾ പറയുന്നത് "[അക്ഷരികമായി] ദ ലോയിൻസ് ഓഫ് യുവർ മൈന്റ്'" എന്നാണ്. [36]വൂവെസ്റ്റ്, 143. [37]നോക്കുക എഫെ. 1:13; 2 തെസ്സ. 2:10, 12; 1 തിമൊ. 3:15; 1 പത്രൊ. 1:22. [38]സ്റ്റെം എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് "സത്യം" എന്നതും "വിശ്വസ്തത" എന്നതും വന്നിരിക്കുന്നത് (റോബർട്ട് യങ്ങ്, *യങ്ങ്സ് അനലിറ്റിക്കൽ കൺകോർഡൻസ് ടു ദ ബൈബിൾ*, 22ഡ് അമേരിക്കൻ എഡി., റെവ. [ന്യൂ യോർക്ക്: ഫ്രാങ്ക് ആന്റ് വാഗ്നൽസ് കമ്പനി., 1936 ], 325, 1004–5). [39]സാൽമണ്ട്, 386. [40]ഇബിഡ്.

[41]വാരെൻ ബേക്കർ, എഡി. *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ഓൾഡ് ടെസ്റ്റമെന്റ്* (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1994), 2357. [42]ബല്ലിഞ്ചർ, 693. [43]ജോസെഫസ് *വാഴ്സ്* 6.1.8. [44]ലിങ്കൺ, 449. [45]വൂവെസ്റ്റ്, 144. [46]ലിങ്കൺ, 449. [47]സാൽമണ്ട്, 387. [48]ലിങ്കൺ, 449–50. [49]സോദിയേറ്റ്സ്, 862. [50]ഇബിഡ്., 866.

[51]ബല്ലിഞ്ചർ, 754. [52]സോദിയേറ്റ്സ്, 954. [53]സാൽമണ്ട്, 388. [54]സോദിയേറ്റ്സ്, 951–52. [55]കൂടാതെ നോക്കുക റോമർ.1:9, 10; എഫെ. 5:20; ഫിലി. 1:4; കൊലൊ. 1:3; 4:12; 1 തെസ്സ. 5:17. [56]വൂവെസ്റ്റ്, 145. [57]സാൽമണ്ട്, 390. [58]ഇബിഡ്. [59]ലിങ്കൺ, 454. [60]ബല്ലിഞ്ചർ, 222; ബാവർ, 226.

[61]ബാവർ, 916. [62]ജേയ്ലോക്ഹാർട്ട് പിശാചിനെ കുറിച്ച് എഴുതിയ ഭാഗം ഇവിടെ അവസാനിക്കുകയാണ്. ശേഷിച്ച ഭാഗം ക്രിസ് ബുള്ളാർഡ്. [63]ജെയിംസ് ഡോബ്സൺ, ഡെയർ ടുഡിസിപ്ലിൻ (വീറ്റൺ, Ill.: ടിൻഡേൽ പബ്ലിഷേഴ്സ്, 1970), 15. [64]ഒരു ക്രൂരനായിരുന്ന റോമാ ചക്രവർത്തിയുടെ പേരായിരുന്നു കലിഗുളാ, അർത്ഥം, "ചെറിയ ചെരിപ്പ്" അല്ലെങ്കിൽ, "ചെറിയ് ബൂട്ട്" എന്നാണ്.